

പുസ്തകം 9 ലക്കം 3
ഫെബ്രുവരി 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്ത്വ

Eka Thathwa

മാസിക

## ഉത്പ്രേരകങ്ങളുണ്ട് ശ്രദ്ധിക്കുക...




ഏക തത്ത്വ കുടുംബസംഗമവും കാവ്യകലാസന്ധ്യയും പുസ്തകപ്രകാശനവും നടത്തി. 2019 ജനുവരി 15ന് കേരളശ്ശേരി തുളസീമന്ദിരത്തിൽ വെച്ച് നടന്ന ചടങ്ങിൽ ഏക തത്ത്വ കുടുംബാംഗമായ ശ്രീമതി. തുളസി കേരളശ്ശേരിയുടെ ബാലസാഹിത്യകൃതി 'കുഞ്ഞാറ്റയും കുതിരക്കുന്നും', ശ്രീമതി. തുളസിയുടെ പിതാവ് ശ്രീ. കുമാരൻ നായർ ബേബി ശ്രീലയയ്ക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ചടങ്ങിൽ ശ്രീ. മണ്ണൂർ രാജകുമാരനുണ്ണി, ശ്രീ. സുരേഷ് തെക്കീട്ടിൽ, ശ്രീ. മുരളീധർ കൊല്ലത്ത്, ശ്രീ.മോഹൻദാസ് ശ്രീകൃഷ്ണപുരം, ശ്രീ. രാജേഷ് മേനോൻ, ശ്രീമതി. വിജയാംബിക, ശ്രീ. നാരായണൻ കുട്ടി, ശ്രീ. സൈനുദീൻ മുണ്ടക്കയം, ശ്രീ. ഇ. എൻ. നാരായണൻ, ശ്രീ. എ. രാധാകൃഷ്ണൻ, ശ്രീ. വി. കെ. എം. നായർ, ശ്രീമതി. വാസന്തി മോഹൻ, ശ്രീമതി. കൃഷ്ണ എഴക്കാട്, ശ്രീമതി. പ്രതിഭ അമ്പാടി ഡോ. സി. രാമകൃഷ്ണൻ, ശ്രീ. ഉണ്ണി വിശ്വനാഥ്, തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു. കുമാരി പൗർണ്ണിയുടെ കാവ്യാലാപനത്തോടെ തുടങ്ങിയ ചടങ്ങിന് ഏക തത്ത്വ ചീഫ് എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ സ്വാഗതവും ശ്രീമതി. ഇന്ദു മാരാത്ത് നന്ദിയും പറഞ്ഞു. എല്ലാവർക്കും തുല്യപങ്കാളിത്തം കൊടുത്തുകൊണ്ടാണ് പരിപാടികൾ നടത്തിയത്. അദ്ധ്യക്ഷൻ, ഉദ്ഘാടകൻ എന്ന പദവികളൊന്നുമില്ലാതെ, വേദിയും സദസ്സും എന്ന വേർതിരിവുകളില്ലാതെ അക്ഷരാർത്ഥത്തിൽ ഒരു കുടുംബസംഗമമായി മാറി. തിരുവാതിരക്കളിയും കാവ്യാലാപനവും കഥാവതരണവും പാട്ടും നൃത്തവുമെല്ലാം കൊണ്ടും ശ്രദ്ധേയമായി കുടുംബസംഗമം. വൈകീട്ട് മൂന്ന് മണി മുതൽ എട്ടു മണി വരെ നീണ്ടു...



നന്ദനം സാഹിത്യവേദിയുടെ

## പത്മതീർത്ഥ പുരസ്ക്കാരം

ശ്രീ. മുരളീധർ കൊല്ലത്തിന്

**19 ജനുവരി 2019, ഗുരുവായൂർ :** നന്ദനം സാഹിത്യവേദിയുടെ പത്മതീർത്ഥ പുരസ്ക്കാരം ഗുരുവായൂർ തന്ത്രിയിൽ നിന്ന് കുഞ്ഞുണ്ണി മാസ്റ്ററുടെ ശിഷ്യൻ **ശ്രീ. മുരളീധർ കൊല്ലത്ത്** ഏറ്റുവാങ്ങുന്നു. സമീപം നന്ദനം സാഹിത്യ വേദിയുടെ മുഖ്യശില്പി **ശ്രീമതി. പി. സി. രാജലക്ഷ്മി**



₹ 15

# ഏക തത്ത്വ
## മാസിക

പുസ്തകം 9 ലക്കം 3
ഫെബ്രുവരി 2019

visit: ekathathwa.blogspot.in


**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
ഉല്ലാസ് ഗോവർദ്ധൻ


**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**


# ഉള്ളടക്കം



**ലേഖനം**
7 - സ്വർഗ്ഗവും നരകവും - എം. എം. മേനോൻ
9 - മലകയറ്റവും മതിലുയർത്തലും - ഇ. എൻ. നാരായണൻ
11 - വിശ്വാസികളും വ്യക്തിദൈവങ്ങളും - വി. കെ.എം. നായർ
27 - മധുര പ്രതീക്ഷകൾ ഓരോ കിനാവിലും
- അശോപ്പി ചേർത്തല

**കഥ**
14 - അകർമ്മകൃത്ത് - തുളസി കേരളശ്ശേരി
24 - മിനിക്കഥകൾ - സുരേഷ് തെക്കീട്ടിൽ
25 - ഇടവേളകൾ - രാജേന്ദ്രൻ വയല
30 - സർവ്വസ്വതന്ത്രർ - പി. ആർ. ജോസ്
31 - ചൂല് - ടി. കെ. ഉണ്ണികൃഷ്ണൻ
31 - സെക്കന്റ് ഹാന്റ് - പ്രമോദ് മഞ്ചേരി
32 - എന്റെ വിജയം - എ. രാമകൃഷ്ണൻ
34 - ജാതി ബീജം - ആനന്ദ് സി. മേനോൻ
38 - നോവ് - സുഗുണ സന്തോഷ്
40 - ഒറ്റയ്ക്ക്, മറുപടി - ശ്രീജ ജയചന്ദ്രൻ
41 - മുഖംമൂടികൾ, മനസ്സാണെല്ലാം - ടി. വി. ഹരികുമാർ

**കവിത**
8 - മൂകധ്വനി - ശ്രീജ . ആർ
10 - വൈരുദ്ധ്യം വൈവിധ്യം - കണിയാപുരം നാസറുദ്ദീൻ
16 - തത്തമ്മ, പക്ഷിക്കൂട്ടം - ചെമ്മാണിയോട് ഹരിദാസൻ
21 - കറുത്ത കാലം - ഉണ്ണി വിശ്വനാഥ്
21 - മഴപ്പാറ്റകൾ - ജയപ്രകാശ് എറവ്
26 - പുരുഷാർഥങ്ങൾ - എ. രാധാകൃഷ്ണൻ.
27 - കരിവള - ജിനു പ്രഭാകരൻ
30 - റിട്ടയേർഡ് ലൈഫ് ചിന്താധാര - അജയ് ബാലചന്ദ്രൻ
32 - ഭാവനാപുരാണവും അനുബന്ധവും - എം. കെ. ശശിധരൻ
33 - അയൽക്കാർ - ആർ. കെ. വള്ളിച്ചിറ
33 - ജീവിതം വരയ്ക്കുമ്പോൾ - ജലജ പ്രസാദ്
33 - സ്നേഹപ്രവാഹം - കെ. ആർ. ജയശ്രീ രാജഗോപാലൻ
37 - മാപ്പ് - ജയതി
40 - കണ്ണ്, വാർദ്ധക്യം - ഷാനവാസ് കുലുക്കല്ലൂർ
41 - മഴ പെയ്തു തോർന്നപ്പോൾ - വിജി ശങ്കർ
42 - സ്വനപേടകം - മംഗളൻ തൈക്കൽ

**ബാലപാഠം (മുതിർന്നവർക്ക്)**
13 - മാളുവിന്റെ സങ്കടം - മാമ്പള്ളം വിജയൻ

**സ്മരണ**
15 - എന്റെ അഭിനയസ്മരണകൾ - മുക്കം ഭാസി
17 - അന്നും ഇന്നും - ടി. വി. നാരായണൻകുട്ടി

**യാത്രാവിവരണം**
19 - ദേവഭൂമിയിലെ ദേവദാരുക്കൾ - ഈശ്വർകുമാർ തരവത്ത്

**സിനിമ**
22 - സെല്ലുലോയ്ഡ് Poet - ദിനേശ്. ബി

**കതിരും പതിരും**
28 - പുതുച്ചൊല്ലുകൾ - സൈനുദീൻ മുണ്ടക്കയം

**വിജ്ഞാനച്ചെപ്പ്**
29 - റോമൻ നമ്പർ സമ്പ്രദായം - ഡോ. ഒ. സി. പ്രമോദ്

**ആരോഗ്യം**
37 - ബ്ലെഫറൈറ്റിസ് - ഡോ. സി. രാമകൃഷ്ണൻ

**പാചകം**
40 - മാങ്ങായിഞ്ചി അലച്ചുകലക്കി - ജയാചന്ദ്രൻ

**ദൈവനാമത്തിൽ**
42 - സ്വർഗ്ഗം കരസ്ഥമാക്കാം - മുഹമ്മദ് കനി



# ഉത്പ്രേരകങ്ങളുണ്ട് സൂക്ഷിക്കുക...

ഇ. ടി. മുരളീധരൻ

**ക**രിമണൽ ഖനനം ചെയ്തുചെയ്ത് കേരളത്തിലെ ഒരു സ്ഥലം ഇല്ലാതാകാൻ പോകുന്നു. അതിലാർക്കുമില്ല ദുഃഖം. ഇരുപതേക്കറോളം സ്ഥലം ഖനനത്തെത്തുടർന്ന് കടൽ കൊണ്ടുപോയി. പല സ്ഥലങ്ങളിലും അനധികൃത ക്വാറികൾ ഉണ്ടെന്ന് പറയുന്നു. അനധികൃതമായാലും അല്ലെങ്കിലും പ്രകൃതിചൂഷണം തന്നെയല്ലെ നടക്കുന്നത്. കുഴിച്ച് കുഴിച്ച് നാം കുഴിയിലേക്കാണല്ലോ പോകുന്നത്. കുഴിച്ചവനല്ലല്ലോ ആദ്യം കുഴിയിൽ പോകാറ്. പറ്റുന്നവരെയെല്ലാം കുഴിയിൽ പറഞ്ഞയച്ചിട്ടേ കുഴിച്ചവർ പലരും പോകൂ.

ഉത്സവകാലം തുടങ്ങാറായി എന്നിട്ടും ആർക്കും ഒരു സന്തോഷവുമില്ല. രാത്രി പത്തുമണിക്ക് ശേഷം ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല, വെടിക്കെട്ട് പാടില്ല, കരിമരുന്ന് ഇത്രയ്ക്ക് പാടില്ല, ആനയെ എഴുന്നള്ളിക്കുന്നതിലുൾപ്പടെ നിയന്ത്രണം വന്നു. ആനയുടെ എണ്ണം കുറച്ചു. എല്ലാംകൊണ്ടും ഉത്സവങ്ങളുടെ പകിട്ടും പോയി. ഉത്സവം കാണാൻ ആളുകുറഞ്ഞു.

പുതിയ പല പരിഷ്കാരങ്ങൾ കച്ചവടത്തെ സാരമായി ബാധിച്ചു. കച്ചവടം നടക്കാതായി. എല്ലാ തൊഴിൽ മേഖലയും സ്തംഭിച്ചു. പലർക്കും തൊഴിൽ ഇല്ലാതായി. അതോടെ അവരിൽ പലവിധ മാനസിക സംഘർഷങ്ങൾ, പിരിമുറുക്കങ്ങളും കൂടി തൊഴിലില്ലെങ്കിലെന്താ പക്ഷെ എല്ലായിടത്തും ശുചിമുറികൾ റെഡിയായില്ലേ അതുപോരെ. മലമൂത്രവിസർജ്ജനത്തിന് ഹോട്ടലുകളുടെ ടോയ്‌ലറ്റ് വരെ പൊതുജനത്തിനായി തുറന്നുകൊടുക്കാൻ പോകുന്നു. പക്ഷെ കഴിക്കാനുണ്ടെങ്കിലല്ലേ ടോയ്‌ലറ്റിന്റെ ആവശ്യമുള്ളു അതേക്കുറിച്ചാരും ചിന്തിക്കുന്നില്ല. പണിയുണ്ടെങ്കിലല്ലേ കാഷ് വരൂ. പണിയില്ല കാഷും ഇല്ല, കാഷ്‌ലെസ് അല്ല കാഷ് Nil ആയി. രാജ്യം ഡിജിറ്റൽ ആയിവരുന്നു. മനുഷ്യരെല്ലാം വികാരങ്ങൾ പ്രകടിപ്പിക്കാനാകാത്ത കമാന്റിനനുസരിച്ച് പ്രവർത്തിക്കുന്ന മെഷിനുകളെപ്പോലെയായി. സ്വാതന്ത്ര്യത്തിനു മേലെയുള്ള കടന്നുകയറ്റവും അനാവശ്യ നിയന്ത്രണങ്ങളും മനുഷ്യനെ മരവിപ്പിച്ചു.

വേലയും പൂരവും ആഘോഷങ്ങളും നിയന്ത്രിക്കപ്പെട്ടതിനാൽ ഹർത്താലുകളെ ആഘോഷങ്ങളാക്കി അഴിഞ്ഞാടി. പ്രളയത്തിനു ശേഷം മനസ്സിനെ നടുക്കിയ ഒരു ഹർത്താൽ കടന്നുപോയി. യുദ്ധസമാനമായ അന്തരീക്ഷമുണ്ടായി. പലയിടത്തും ബോംബെടുത്തെറിഞ്ഞു. ഒരുപാട് പൊതുമുതൽ നശിപ്പിച്ചു, അക്രമങ്ങളും നടന്നു. വൈകീട്ട് ആറ് മണിക്ക് ബ്രേക്കിട്ടതുപോലെ അക്രമങ്ങളെല്ലാം നിർത്തി. പിന്നെ എല്ലാം സാധാരണ സ്ഥിതിയിലായി. എല്ലാവരും അവരവരുടെ കൂട്ടിൽ കയറി. വീർപ്പുമുട്ടലുകളിൽ നിന്നൊരു ആശ്വാസമോ അതുമല്ലെങ്കിൽ പൂരവും വേലയും പോലെ അല്പനേരത്തേയ്ക്കൊരു സന്തോഷമോ തരുന്ന ഒന്നായി മാറിയോ ഹർത്താൽ ?

ഹർത്താൽ ദിനത്തിൽ വരുത്തിയ നാശനഷ്ടങ്ങൾക്ക് ഫൈൻ കണക്കാക്കി. പക്ഷെ പൊതുപണിമുടക്ക് നടത്തി ആഘോഷിച്ചപ്പോഴുണ്ടായ നഷ്ടത്തിന് മറുഭാഗത്തുനിന്നും തിരിച്ചും കിട്ടി ഫൈൻ കിട്ടും എന്നറിഞ്ഞ് രണ്ടുകൂട്ടരും കോംപ്രമൈസിന് ശ്രമം നടത്തും. ഹർത്താലും ബന്ദും പണിമുടക്കും എല്ലാം ഇതുപോലെത്തന്നെ തുടരും. രോഷം കൊണ്ട് പ്രതികരിച്ചവരുടെയെല്ലാം പണവും സമയനഷ്ടവും പോരാത്തതിന് മിത്രങ്ങളെയൊക്കെ ശത്രുക്കളുമാക്കി. പതിവുപോലെ നഷ്ടം സഹിക്കാൻ പൊതുജനം ബാധ്യസ്ഥരായി.

നാലുപേരുള്ള വീട് ഭരിക്കുന്നതിന്റെ ബുദ്ധിമുട്ട് തിരിച്ചറിഞ്ഞവന് പറയാം രാജ്യഭരണത്തിന്റെ പോരായ്മകളെക്കുറിച്ച്. അല്ലാത്തവർ അധികം സംസാരിക്കാതിരിക്കുന്നതാണ് നല്ലത്. ചെറിയ വായിൽ വലിയ വർത്തമാനം പറയാൻ നിൽക്കാതെ ജനങ്ങൾക്ക് ഗുണകരമായിത്തീരാവുന്ന കണ്ടുപിടുത്തങ്ങൾ നടത്തുന്നതിലാവട്ടെ ശ്രദ്ധ അല്ലാതെ രാജ്യം ഭരിക്കാൻ ഇറങ്ങരുത്. വിവരമുള്ള ഭരണകർത്താക്കളുടെ കൈകളിൽ മാത്രമേ രാജ്യവും ജനങ്ങളും സുരക്ഷിതരാവുകയുള്ളു. എല്ലാവരും കൂടി പൊക്കിപ്പറഞ്ഞാൽ പൊങ്ങിപ്പോകുന്ന മനസ്സുണ്ടോ എന്ന ആത്മപരിശോധനയാവാം ഇടയ്ക്കെല്ലാം നേതാവേ ! മറ്റുള്ളവർ മനഃപ്പൂർവ്വം പെരുപ്പിച്ചുപറയുകയാണോ, പൊക്കിപ്പറയുകയാണോ എന്ന് ചിന്തിക്കണം കാരണം അങ്ങനെയുള്ളവർ പ്രതീക്ഷിക്കാത്ത നേരത്ത് തള്ളിപ്പറയും. പുരാണ കഥാപാത്രമായ ദുര്യോധനനും ശകുനിയും എല്ലാ ഭരണ സിരാകേന്ദ്രത്തിലുമെന്നുമുണ്ടാവും. അവരെ തിരിച്ചറിയുക. ദുര്യോധനനെ അർജ്ജുനനായും അർ

ജ്ജുനനെ ദുര്യോധനനായും കാണാൻ കഴിയില്ല ആർക്കും. പക്ഷെ നിങ്ങൾക്ക് വേണമെങ്കിൽ ദുര്യോധനനെ അർജ്ജുനനാണ് എന്നോ അർജ്ജുനനെ ദുര്യോധനനാണ് എന്നോ മനഃപ്പൂർവ്വം വിളിക്കാമെന്ന് മാത്രം. മഹാഭാരതത്തിലെ, രാമായണത്തിലെ എല്ലാ കഥാപാത്രങ്ങളും ഇന്നിവിടെത്തന്നെയുണ്ട്. നോക്കി മനസ്സിലാക്കുക. പിന്നെ ഒഴിവുനേരങ്ങളിൽ കണ്ണടച്ചിരുന്ന് ആത്മപരിശോധന നടത്തുക. ഞാനാര് എവിടെ നിൽക്കുന്നു, ശരിയുടെ കൂടേയോ തെറ്റിന്റെ കൂടേയോ. അറിവ് നേടും തോറും ശരിതെറ്റുകളും മാറും. ചൂടും തണുപ്പും സുഖവും ദുഃഖവും എല്ലാം ഒരേപോലെ സ്വീകരിക്കാനാകും. ഈ ജന്മം കൊണ്ട് ആ തലം വരേയെങ്കിലും ഉയരണം.

മിഥുനം സിനിമയിൽ രസകരമായൊരു രംഗമുണ്ട്. കൂടോത്രം ചെയ്ത തകിട് ആരാണ് വീട്ടുമുറ്റത്ത് കുഴിച്ചിട്ടതെന്ന് കണ്ടെത്താനായി ഒരു മന്ത്രവാദിയെ കൊണ്ടുവന്ന് പൂജ നടത്തുന്ന രംഗം. അതിൽ പൂജാരി പൂജയ്ക്കൊടുവിൽ ഒരു തേങ്ങ കൈയിൽ പിടിച്ചിട്ട് ആരാണ് ഈ തകിട് ഇവിടെ കുഴിച്ചിട്ടതെന്ന് ഇപ്പോൾ പറയുന്നതാണ് നല്ലത്. പറയാതിരുന്നാൽ ഞാനീ തേങ്ങ എറിഞ്ഞുടയ്ക്കും. അതോടെ തകിട് കുഴിച്ചിട്ട ആളുടെ തല പൊട്ടിത്തെറിക്കും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ വേഗം സത്യം പറയു, ആരാണ് തകിട് ഇവിടെ കുഴിച്ചിട്ടത് ? പലകുറി തേങ്ങയെ എറിയും പോലെ കാണിക്കും ഒപ്പം പേടിപ്പിക്കുന്ന വിധം പറഞ്ഞുകൊണ്ടിരിക്കും, തല പൊട്ടിത്തെറിക്കണ്ടെങ്കിൽ വേഗം പറയൂ. ഞാനിപ്പോൾ എറിയും, ഞാനിപ്പോൾ എറിയും. ദാ എറിയാൻ പോകുന്നു... ഇതുകേട്ട് ക്ഷമ കെട്ട ഒരാൾ പൂജാരിയുടെ കൈയിൽ നിന്ന് തേങ്ങ വാങ്ങി എറിഞ്ഞുടച്ചു. ആർക്കും ഒന്നും സംഭവിച്ചില്ല എന്നുകണ്ട് പൂജാരിയോടയാൾ കയർത്തു. പൂജാരി തിരിച്ചും തട്ടിക്കയറി. തേങ്ങ ഞാനെറിഞ്ഞതാണെങ്കിൽ ഫലം കണ്ടേനേ. നീയെറിഞ്ഞാലെങ്ങനെ ഫലം ലഭിക്കും ? ഇത് സിനിമയിലൊരു രംഗമാണെങ്കിലും ഇതുപോലെ പലതും നമ്മുടെ ചുറ്റും നടക്കുന്നുണ്ട്. സിനിമയിലെ ഈ സീൻ കണ്ട് ചിരിച്ചവർ യഥാർത്ഥ ജീവിതത്തിൽ ഈ സീൻ നടക്കുമ്പോൾ സീരിയസ്സായി നോക്കിനിൽക്കും. പറഞ്ഞുവന്നത് ഇത്ര മാത്രം. മാറ് മറച്ചാൽ ദൈവകോപമുണ്ടാവുമെന്ന് പറഞ്ഞു. മാറ് മറച്ചിട്ടും ദൈവം കോപിച്ചതായി കണ്ടില്ല. താഴ്ന്ന ജാതിക്കാരൻ ക്ഷേത്രപ്രവേശനം നടത്തിയാൽ ദൈവത്തിനത് ഇഷ്ടമാവില്ല എന്നുപറഞ്ഞു. താഴ്ന്ന ജാതിക്കാർ ക്ഷേത്രപ്രവേശനം നടത്തിയിട്ടും ദൈവം ഇഷ്ടക്കേട് കാണിച്ചില്ല. സ്ത്രീകൾ ശബരിമലയിൽ കയറരുത് എന്നുപറഞ്ഞു. കയറിയിട്ടും ദൈവത്തിന് ഒന്നും സംഭവിച്ചില്ല. എല്ലായ്പ്പോഴും പ്രശ്നങ്ങൾ മനുഷ്യനാണ് എന്ന തിരിച്ചറിവ് വേണം. കുറച്ചുപേരിലുണ്ടാകുന്ന സ്വാർത്ഥ ചിന്തകളാണ് അവരവരുടെ കാര്യസാധ്യത്തിനായി, നിലനില്പിനായി ഭൂരിപക്ഷം പേരിലും അടിച്ചേൽപ്പിക്കുന്നത്. പൊട്ടിക്കും പൊട്ടിക്കുമെന്ന് പറഞ്ഞ് പള്ളി പൊട്ടിച്ചു. കെട്ടും കെട്ടുമെന്ന് പറയുന്നു. കെട്ടാനുമാവുന്നില്ല. എപ്പോഴും ഉള്ളതിനെ നശിപ്പിക്കാൻ എളുപ്പമാണ്. പക്ഷെ പുതുതായി പണിയാനും ഉള്ളതിനെ നിലനിർത്താനും വളരെ പ്രയാസമുള്ള കാര്യമാണ്.

ശബരിമലയിൽ കയറിയ യുവതികൾ പ്രത്യക്ഷത്തിൽ നമ്മുടെ ആരുമല്ല. അവരെ ഇല്ലാതാക്കിയതുകൊണ്ടോ ബുദ്ധിമുട്ടിച്ചതുകൊണ്ടോ കാര്യമില്ല കാരണം കുറേ കഴിയുമ്പോൾ എല്ലാവരും കയറും. അപ്പോൾ പിന്നെ ഇവരെ മാത്രം ശിക്ഷിച്ചതിന്റെ ഓർമ്മകൾ ഒരു കുറ്റബോധമായി തീരും. എന്തിനാണ് ദേഷ്യം ? ഒന്നും നിങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളല്ലല്ലോ. ബഹുഭൂരിപക്ഷം ആളുകൾക്കും ഇതുകൊണ്ട് പ്രശ്നങ്ങൾ ഇല്ലാത്ത സ്ഥിതിയ്ക്ക് ഈ സമരമുറ മാറ്റി നിയമവഴിയിലൂടെ പോകൂ. ഇതൊന്നും അറിയാഞ്ഞിട്ടാവില്ല പലപ്പോഴും ബഹളം വെയ്ക്കുന്നത്. ബഹളം വെയ്ക്കുക എന്നത് ജന്മഗുണമാണല്ലോ. വെറുതെ ഒരു ശ്രദ്ധ നേടാനാകാം അതുമല്ലെങ്കിൽ ഇത് മറയാക്കി അധികാരം നേടാനുള്ള തന്ത്രമാകാം. കാലം മാറി വിവരസാങ്കേതികവിദ്യ വളർന്നു. എല്ലാവർക്കും ഇപ്പോൾ എല്ലാം അറിയാം. കാലഹരണപ്പെട്ട സമരമുറകളും റോഡ് ബ്ലോക്ക് ചെയ്തുകൊണ്ടുള്ള ജാഥകളും ഉപേക്ഷിക്കേണ്ട കാലം കഴിഞ്ഞു. ഇപ്പോൾ ജനം ഇതൊന്നും ഇഷ്ടപ്പെടുന്നില്ല. ഇത് മനസ്സിലാക്കാതെ മുന്നേറിയാൽ വോട്ട് കുറയും നല്ലൊരു ഭരണം സ്വപ്നങ്ങളിൽ മാത്രമാകും. ഞാൻ പറഞ്ഞുവന്നത് സ്ത്രീകൾ കയറിയതുകൊണ്ട്, യഥാർത്ഥ ദൈവത്തിന് ഒന്നും സംഭവിക്കുകയില്ല. മറിച്ച് കാലങ്ങളായി ആചരിച്ചുവന്ന, അനുഷ്ഠിച്ചുവന്ന സങ്കൽപ്പങ്ങളിലും വിശ്വാസങ്ങളിലുമാണ് മാറ്റം വരുക. ഇത്തരത്തിലുള്ള മാറ്റം തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല കാലാതീതമായി മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. മാറ്റത്തെ വേണമെങ്കിൽ സാവധാനമാക്കാമെന്നല്ലാതെ പിടിച്ചുനിർത്താനാകില്ല വേണമെങ്കിൽ കണ്ടില്ലാ എന്ന് നടിക്കാം എന്നല്ലാതെ മാറ്റം സംഭവിക്കില്ല എന്നും മാറാനനുവദിക്കില്ല എന്നെല്ലാം പറഞ്ഞ് ജീവിക്കാൻ തന്ന സമയത്തെ പാഴാക്കിക്കളയുന്നവർ ഓർക്കുക. ശബരിമല വിഷയത്തിൽ കോടതി വിധി ആർക്ക് അനുകൂലമായാലും പ്രതികൂലമായാലും വിജയിച്ചവർ ആഘോഷിക്കും. പരാജയപ്പെട്ടവർ പ്രതികരിക്കും. പക്ഷെ യഥാർത്ഥത്തിൽ സാവധാനമാണെങ്കിലും മാറ്റം സംഭവിക്കും. അത് ഒരുപക്ഷെ പത്തിരുപത് വർഷം എടുത്തിട്ടായാലും മാറ്റം വരും അതുകൊണ്ട് സഹോദരങ്ങളെ, സഹോദരികളെ തമ്മിൽത്തല്ലാതിരിക്കൂ... ദൈവം ഉദ്ദേശിച്ചത് നടക്കും. ക്ഷമയോടെ കാര്യങ്ങൾ കാണൂ. രാത്രിയ്ക്ക് രാത്രി സി. ബി. ഐയിൽ അഴിച്ചുപണി. ഒരു സുപ്രഭാതത്തിൽ ആർ. ബി. ഐ. ഗവർണർ മാറി. എന്നാലെന്തുകൊണ്ട് അധികാരമുണ്ടായിട്ടും ശബരിമല വിഷയത്തിലും രാമജന്മ ഭൂമി പ്രശ്നത്തേയും ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നു. പരിഹരിക്കാൻ കഴിയാഞ്ഞിട്ടല്ല. രാഷ്ട്രീയ മുതലെടുപ്പിനുള്ള തുരുപ്പുചീട്ടായി അവ തുടരുന്നു. ഇതിനിടയിൽ പെട്ട് നിങ്ങൾ അവരുടെ കൈയിലെ ചട്ടുകങ്ങളാവരുത്.

നിരാഹാര സത്യാഗ്രഹം ഉൾപ്പടെ പല സമരമുറകളും തുടങ്ങി വെച്ചത് ഗാന്ധിജിയാണ്. അദ്ദേഹം അത് രാജ്യത്തിനുവേണ്ടി, ജനങ്ങൾക്കുവേണ്ടി ആത്മാർത്ഥമായിട്ടാണ് ചെയ്തത്. ഇന്നോ എല്ലാം പേരിന് മാത്രം. നാലോ അഞ്ചോ പേർക്ക് മാത്രം ബാധിക്കുന്ന ഒരു പ്രശ്നത്തിനുവരെ ഹർത്താലും നിരാഹാരവും. ആരും തിരിഞ്ഞുനോക്കില്ല ന്യൂനപക്ഷ പ്രശ്നങ്ങൾ. അതുപോലെ ഒറ്റപ്പെട്ട സംഭവങ്ങൾക്ക് പരിഹാരം കാണേണ്ടത് നിയമപരമായാണ് അല്ലാതെ ബഹുഭൂരിപക്ഷം ആളുകളെ ഉപദ്രവിച്ചുകൊണ്ടല്ല പ്രതിഷേധിക്കേണ്ടത്. ഗാന്ധിജി നിരാഹാരസമരം തുടങ്ങിയാൽ നാട്ടിലെ മുഴുവൻ ആളുകളുടെ പിന്തുണയുമുണ്ടാകും. അദ്ദേഹത്തിന്റെ സത്യസന്ധതയും ആത്മാർത്ഥതയും അർപ്പണമനോഭാവവും വ്യക്തിപ്രഭാവവും വളരെ വലുതായിരുന്നു. സത്പ്രവൃത്തികളിലൂടെ നേടിയെടുത്തവയായിരുന്നു അല്ലാതെ പണം കൊടുത്തുമേടിച്ച അവാർഡുകളും പദവികളുമായിരുന്നില്ല. ജന്മസിദ്ധമായി നല്ല കുറേ ഗുണങ്ങൾ കിട്ടണം അതുമല്ലെങ്കിൽ നന്മയുടെകൂടെ നിലനില്ക്കാനുള്ള ആത്മാർത്ഥ ശ്രമം വേണം. അതിന് ക്ഷമ വേണം. അതാണല്ലോ ഇല്ലാത്തതും. ഇന്ന് സ്വന്തം പടം ഫ്ളക്സിലടിച്ച് തൂക്കി നേതാവ് ചമയുന്നു. പിന്തുണ കിട്ടണമെങ്കിൽ പണം കൊടുത്ത് ആളുകളെ വിലയ്ക്ക് വാങ്ങേണ്ടിവരും. അങ്ങിനെ ആളുകളെ കിട്ടണമെങ്കിൽ അവർ എന്നും കഷ്ടത്തിലും ദുരിതത്തിലും ദാരിദ്ര്യത്തിലുമാകണം. അതിനുള്ള ശ്രമങ്ങളാണ് എപ്പോഴും നടക്കുന്നത്. ഒരു സി.സി. ക്യാമറ സമരപ്പന്തലിൽ ഒളിപ്പിച്ച് വെച്ചാലറിയാം ഇന്നത്തെ നിരാഹാരമുൾപ്പടെയുള്ള സമരത്തിന്റെ പിന്നാമ്പുറങ്ങൾ. വിവാദസ്ഥലത്തേയ്ക്ക് ആളുകളെ കൂട്ടിക്കൊണ്ടുപോയി ഭക്ഷണം, താമസം പുറമെ കുറച്ച് പണം ദക്ഷിണയായും കൊടുക്കും. പണിയില്ലാത്ത ആളുകൾക്ക് പണം മതി. മല കയറാനും കയറ്റാതിരിക്കാനും മതില് കെട്ടാനും, പൊളിക്കാനും അവർ റെഡി. കൂലി കിട്ടിയാൽ മതി. സമരപ്പണി കൂടി ഇവിടെ ഇല്ലാതായാൽ പിടിച്ചുപറിക്കാനും മോഷ്ടിക്കാനും പോകേണ്ടിവരും വേറെ ഗത്യന്തരമില്ലാതായിക്കൊണ്ടിരിക്കുന്നു എന്നത് വാസ്തവം. കുറച്ചുപേർ മാത്രം എന്നും കോടീശ്വരന്മാരായി തുടരുകയും ബാക്കിയുള്ളവരേയെല്ലാം എന്നും ദരിദ്രരായി നിലനിർത്തിക്കൊണ്ടുവരികയും ചെയ്യുന്ന നാടായി മാറി നമ്മുടെ ഭാരതം.


നന്മയ്ക്കായാലും തിന്മയ്ക്കായാലും പ്രത്യക്ഷമായോ പരോക്ഷമായോ നിങ്ങൾ കൊടുക്കുന്ന ചെറിയൊരു പിന്തുണ വലിയ വിപത്തുകളെ വിളിച്ചുവരുത്തും. അതുകൊണ്ട് സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാൻ മാത്രം പക്വതയുണ്ടോ എന്ന് സ്വയം ആലോചിക്കുക. മുതിർന്നു എന്നുകരുതി പക്വതയുണ്ടാവണമെന്നില്ല. കൂടെയുള്ളവരെല്ലാം മുതിർന്നവരാണ് എന്നുകരുതി ശരിയുടെ പക്ഷത്താണ് എന്ന് പറയാനുമാവില്ല. നിഷ്പക്ഷമായി ചിന്തിക്കൂ. പ്രശ്നങ്ങളുടെ ഇരുപുറത്തും നമ്മളെ തന്നെ പ്രതിഷ്ഠിച്ച് കാര്യങ്ങളെ വീക്ഷിക്കൂ, വിലയിരുത്തൂ. യഥാർത്ഥത്തിൽ നമുക്കൊരു പ്രശ്നം വരുമ്പോൾ നമുക്ക് നമ്മളേ കാണൂ.

ഇലക്ഷൻ വരാറായി എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ലക്ഷ്യം എങ്ങിനെയെങ്കിലും വോട്ട് നേടി ജയിച്ച് അധികാരത്തിലെത്തുക എന്നതാണ്. പക്ഷെ ഒരു വ്യക്തി എന്ന നിലയിൽ നിന്നുകൊണ്ട് വെറുതെ ഒന്ന് ചിന്തിച്ചുനോക്കൂ ആര് ജയിച്ചാലും ഭരണത്തിൽ കയറിയാലും ശരി അടുത്ത നിമിഷം മുതൽ കുറേപേർ കൂട്ടം ചേർന്ന് ഗവൺമെന്റിനെ താഴെ ഇറക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കും. കുതന്ത്രങ്ങളിൽ വീഴാതെ ചെറുത്തുനില്ക്കാനുള്ള ശ്രമത്തിൽ നേരാംവണ്ണം രാജ്യം പുരോഗതിക്കായി ഭരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടിവിടെ. നമ്മുടെ രാജ്യം പുരോഗതി പ്രാപിക്കാത്തതിനുകാരണം ആദർശമില്ലാത്ത രാഷ്ട്രീയക്കാരെക്കൊണ്ടാണ്. അവരെ ജനം തള്ളിക്കളയുക തന്നെ വേണം. മറുഭാഗം ജയിക്കാതിരിക്കാൻ മാത്രമായി സ്വന്തം ആളുകൾ പറയുന്ന, എന്തിനേയും പിന്തുണയ്ക്കുന്ന രീതി മാറ്റണം. ആളുകളുടെ ശ്രദ്ധ കൂട്ടാനായി പിച്ചും പേയും പറഞ്ഞുനടക്കുന്നവരേയും നാം ഒഴിവാക്കണം. ജാതി മത രാഷ്ട്രീയം നോക്കാതെ നല്ല വ്യക്തിത്വങ്ങളെ പ്രോത്സാഹിപ്പിക്കുക.

സ്വയം രാസപ്രവർത്തനത്തിലേർപ്പെടാതെ മറ്റൊരു രാസപ്രവർത്തനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്ന വസ്തുവാണ് Catalyst അഥവാ ഉത്പ്രേരകങ്ങൾ. സമൂഹത്തിലെ ഉത്പ്രേരകങ്ങളെ ശ്രദ്ധിക്കുക. നിങ്ങൾ ഉത്പ്രേരകങ്ങളാണോ എന്നും അതിൽ പരിശോധന നടത്തുക. നമ്മുടെ കൂടെ കൂടി നമ്മുടെ ചിന്തകളെ ദുഷിപ്പിച്ച് തമ്മിലടിപ്പിച്ച് ഞാനുമല്ല എന്റെ കൈയ്യുമല്ല എന്ന ഭാവേന ജീവിക്കും. ഇത്തരക്കാർ എല്ലാ രാഷ്ട്രീയ പാർട്ടികളിലും മതത്തിലും ജാതിയിലും എല്ലാ മേഖലകളിലും ഉണ്ടാകാം. അതുകൊണ്ട് കരുതിയിരിക്കുക. ബുദ്ധിയെ ആർക്കും പണയം വെയ്ക്കാതെ നോക്കുക.

മറ്റുള്ളവർ എത്ര സുഖമായിട്ടാണ് ജീവിക്കുന്നത്. നല്ല അധികാരമുള്ള ജോലി, വാഹനം, പണം, സ്വത്ത്. നമുക്ക് മാത്രമെന്തേയിങ്ങനെ എന്നോ, പണമുണ്ടായിട്ടെന്താ കാര്യം ആരോഗ്യമുള്ള ശരീരമില്ലാതെ പോയല്ലോ എന്നോ ചിന്തിച്ചിരുന്ന് ദുഃഖിക്കേണ്ട. കഴിഞ്ഞ ജീവിതത്തിൽ അങ്ങനെ സുഖിച്ച് ജീവിച്ചതിന്റെ ശിക്ഷയാകാം ഈ ജീവിതമെന്ന് കരുതിയാൽ മതി. അല്പം ആശ്വാസം കിട്ടും. അതുമല്ലെങ്കിൽ വരാനിരിക്കുന്ന ജീവിതത്തിൽ എനിക്ക് നല്ലത് ലഭിക്കുവാനായാണ് ഞാനീ കഷ്ടപ്പെടുന്നത്, സഹിക്കുന്നത് എന്ന് ചിന്തിച്ചാലും മതി ആശ്വാസം കിട്ടും. അതുകൊണ്ടുതന്നെ മറ്റുള്ളവരുടെ വേദനകളെ മനസ്സിലാക്കി പെരുമാറുന്ന ഒരു നല്ലൊരു മനുഷ്യനായി ഈ ജീവിതം ജീവിച്ചുതീർക്കാൻ ശ്രമിക്കുക. കാരണം കഷ്ടപ്പാടും ബുദ്ധിമുട്ടും ഉള്ളവനുമാത്രമേ മറ്റുള്ളവരുടെ കഷ്ടനഷ്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കൂ. ഏവരുടേയും നന്മയ്ക്കായി പരിശ്രമിക്കുക. സഹജീവികൾക്കായി ജീവിക്കുക. ഏവരേയും സ്നേഹിക്കുക. നല്ലതേ വരൂ.

●



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

# സ്വർഗ്ഗവും നരകവും

ബുദ്ധന്റെ 'ധർമ്മപദയിലെ' രണ്ടു ആരംഭശ്ലോകങ്ങൾ വ്യക്തമാക്കുന്നത് മനുഷ്യന്റെ നില തികച്ചും മനസ്സിനാൽ രൂപീകരിക്കപ്പെട്ടു നയിക്കപ്പെട്ട് അനുഭവിക്കുന്ന ഒന്നെന്നാണ്. കളങ്കിത മനസ്സിനാൽ ചൊല്ലുന്നതും ചെയ്യുന്നതും ആയാൽ, വണ്ടിചക്രം കാളയെയെന്ന പോലെ, ദുഃഖം നമ്മെ വിടാതെ തുടർന്നുവരും. അതേപ്രകാരം മനസാ-വാചാ-കർമ്മണാ പ്രസന്നതയോടെ പെരുമാറുന്ന പക്ഷം, സുഖം എന്നത് വേർപെടുത്താൻ ആവാത്ത നിഴലിനെപ്പോലെ സദാ നമ്മുടെ കൂടെത്തന്നെയുണ്ടാവും.

**ഏ**ക തത്ത്വ പുസ്തകം 8 ലക്കം 12 നവംബർ 2018 പേജ് 8ൽ 'ശബരിമല തീർപ്പ്' എന്ന തലക്കെട്ടിന്റെ കൂടെ, മേൽ കൊടുത്ത ശീർഷകത്തിൽ എഴുതിയത് ചിലരെങ്കിലും വായിച്ചിട്ടുണ്ടെന്ന് കരുതുന്നു. അത് ഭാരതീയ വിദ്യാഭവന്റെ 'ഭവൻസ് ജേർണലി'ൽ നിന്നു കൃതജ്ഞതയോടെ എടുത്തതാണെന്ന് സ്പഷ്ടമാക്കിയിരുന്നു. ഇതിനേയും, പരേതൻ ചിന്തകൻ, ജ്ഞാനി എക്കണത്ത് ഈശ്വരന്റെ ബഹുമൂല്യകൃതികളേയും വായിച്ചു, ഗാഢമായി ചിന്തിച്ച് ഏറ്റവും ഗുണകരമായ നിഗമനത്തിൽ എത്തിച്ചേരേണ്ടത് അനിവാര്യമെന്ന് മാത്രമല്ല, നാളേക്കായി നീട്ടിവെക്കാൻ പാടില്ലാത്ത ധർമ്മമാണ് ! ലോക മഹായുദ്ധത്തിനുശേഷം ധനികരും, സാഹസികളും, ജിജ്ഞാസുക്കളും, യുക്തിവാദികളുമായ അമേരിക്കൻ യുവാക്കൾക്കും മധ്യവർഗ്ഗത്തിനുമായി Californiaയിൽ Blue Mountain Centre of Meditation (BMCM) സ്ഥാപിച്ചു, 10 – 15 ഉത്തമ കൃതികളേയും രചിച്ച നമ്മുടെ പാലക്കാട്ടുകാരൻ, മലയാളികൾക്കും ഇന്ത്യക്കാർക്കും അനിവാര്യം തന്നെയെന്ന് ശഠിച്ചുപറയാം !

135 കോടി ജനങ്ങളുള്ള ഈ ഭൂമിയിൽ വിശ്വാസങ്ങളും അനുഭവങ്ങളും അഭിപ്രായങ്ങളും പലതരമായിരിക്കുമെന്ന് തീർച്ച തന്നെ. ഐതിഹ്യങ്ങൾ പുരാണകഥകൾ എന്നിവ വായിച്ചു ചിന്തിച്ചവരിൽ പലരും, മതവിശ്വാസികളും, സ്വർഗ്ഗം നരകം എന്നിവ നമ്മുടെ ഈ ജന്മത്തിലെ കർമ്മങ്ങളുടെ ഫലമായി, മരണശേഷം പാരിതോഷികമോ ശിക്ഷയോ ആയി ലഭിക്കുന്നവയായി വിശ്വസിക്കുന്നുണ്ടാവും. ഇത്തരം ദൃഢവിശ്വാസങ്ങൾ ജനങ്ങളെ സന്മാർഗ്ഗത്തിലോട്ടുനയിച്ചു സുഖ ശാന്തി നേടുവാൻ പ്രേരിപ്പിക്കുമെന്ന് സംശയമില്ല. എന്നാൽ 'അനാവശ്യ' ആവശ്യങ്ങളുടെ – നിർബന്ധങ്ങളാക്കി പെരുക്കത്താൽ പരക്കം പറഞ്ഞുകൊണ്ടുചെല്ലുന്ന ഇന്ന്, ഈ വിശ്വാസങ്ങളെ പൂർണ്ണരൂപത്തിൽ ഏറ്റെടുത്തു, സന്മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കാൻ പ്രചോദനമോ, മാതൃകയോ ബദ്ധതയോ ഉണ്ടോ എന്നുള്ളത് സംശയമാണ്. ചുറുചുറുപ്പും ആരോഗ്യവും ഉള്ള ചെറുപ്പകാലത്തിൽ ഇതിനെക്കുറിച്ച് വായിക്കാൻ/ചിന്തിക്കാൻ മാതൃകയോ മൂത്തവരിൽ നിന്ന് സദുപദേശമോ പ്രേരണയോ ഒട്ടും ഇല്ല എന്നത് അതി ദുഃഖകരം അല്ലെ ? 'ഇപ്പോൾ സമയമില്ല. പിന്നീട് നോക്കാം' എന്നുപറഞ്ഞ് നീട്ടിവെക്കുന്നത് തീരെ അനുചിതമാണ്. Procrastination is the <u>thief</u> of time (നീട്ടിവെക്കൽ സമയത്തിന്റെ മോഷണം/ചൂഷണം ആണ് !) എന്നത് ഓർമ്മ വേണം...

ശ്രീ ഈശ്വരൻ ആധുനിക യുഗത്തിനുചിതമായ കൃതികളിൽ കൊടുത്തത് സ്വർഗ്ഗവും നരകവും ഉയർന്ന കമ്പിവേലി / മതിൽ കെട്ടി പാറാവുകാരനെ നിയോജിച്ചു നീക്കിവെച്ച, സ്ഥലങ്ങൾ (ഒരുപക്ഷേ !) അല്ലെന്നും, സാക്ഷാൽ ഭഗവാൻ മനുഷ്യരുടെ ചേഷ്ടകൾ കണ്ടു, നക്ഷത്രമണ്ഡലത്തിൽ ഊഞ്ഞാലാടി രസിക്കുന്ന വെള്ളത്താടിയല്ലെന്നും ആണ് ! ദൈവം എല്ലാവരുടേയും അകത്തുതന്നെ ആയതിനാൽ (ദിവ്യ കണക്കുപിള്ള ചിത്രഗുപ്തനെ !) കബളിപ്പിക്കാൻ അസാധ്യമല്ലെ ?

ബുദ്ധന്റെ 'ധർമ്മപദയിലെ' രണ്ട് ആരംഭശ്ലോകങ്ങൾ വ്യക്തമാക്കുന്നത് മനുഷ്യന്റെ നില തികച്ചും മനസ്സിനാൽ രൂപീകരിക്കപ്പെട്ടു നയിക്കപ്പെട്ട് അനുഭവിക്കുന്ന ഒന്നെന്നാണ്. കളങ്കിത മനസ്സിനാൽ ചൊല്ലുന്നതും ചെയ്യുന്നതും ആയാൽ, വണ്ടി

ചക്രം കാളയെയെന്ന പോലെ, ദുഃഖം നമ്മെ വിടാതെ തുടർന്നുവരും. അതേപ്രകാരം മനസാ-വാചാ-കർമ്മണാ പ്രസന്നതയോടെ പെരുമാറുന്ന പക്ഷം, സുഖം എന്നത് വേർപെടുത്താൻ ആവാത്ത നിഴലിനെപ്പോലെ സദാ നമ്മുടെ കൂടെത്തന്നെയുണ്ടാവും. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി മുൻ കർമ്മങ്ങളുടെ ഫലമായതിനാൽ, ഇന്നത്തെ നമ്മുടെ പൂർണ്ണസദാചാരം, സുഖമയമായ 'നാളെ'യെ സൃഷ്ടിക്കും എന്നത് ഉറപ്പാണ്.

വിവേകപൂർണ്ണമായ ത്യാഗം സംപുഷ്ടി സൃഷ്ടിക്കുന്നു. (ഈശാവാസ്യ ഉപനിഷത്ത് - 'തേന ത്യക്തേന ഭുഞ്ജീഥാഃ') അതിനാൽ 'ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത!' (കഠോപനിഷത്ത്) 'എഴുന്നേൽക്കുവിൻ ! ഉണരുവിൻ ! ജ്ഞാനികളിൽ നിന്ന് അനിവാര്യ ജ്ഞാനം നേടുവിൻ ! ജ്ഞാനികളെ തിരഞ്ഞു അലയേണ്ട ആവശ്യം തീരെയില്ല !! (അവർ രചിച്ച ഉത്തമ കൃതികൾക്ക് ഇവിടെ ഒരു കുറവുമില്ല!) കബീർ ദാസിന്റെ ചേതാവനിയും ഇതുതന്നെയല്ലെ ? ഈ ജന്മത്തിൽ സ്വർഗ്ഗതുല്യാനുഭവത്തിന് ഇന്ന് ശ്രമിച്ചില്ലെങ്കിൽ മരണശേഷം യമനഗരിവാസമല്ലെ ലഭിക്കുക ?

സ്വർഗ്ഗം നരകം എന്നിവ മനുഷ്യമനസ്സിന്റെ സൃഷ്ടികളായതിനാൽ മനസ്സിനെ പൂർണ്ണമായി നിയന്ത്രിച്ച് അതിന്മേൽ പ്രഭുത്വം സ്ഥാപിച്ചാൽ ലഭിക്കുന്നത് സ്വർഗ്ഗാനുഭവമല്ലെ ? മറിച്ചു വെറിപിടിച്ച മനസ്സിനാൽ 'കുരങ്ങു കളി'പ്പിക്കുകയാണെങ്കിൽ അത് നരകാനുഭവം അല്ലെ നമുക്ക് തരുക ? 'മനുഷ്യമനസ്സ് ചഞ്ചലവും വെറി പിടിച്ചതും ശക്തവും ആയതിനാൽ അതിനെ അടക്കാൻ വായുവിനെയെന്നപോലെ കഠിനമാണ്' എന്ന് അർജ്ജുനൻ വിലപിച്ചപ്പോൾ ശ്രീകൃഷ്ണൻ പറഞ്ഞതാണ് 'അത് അസംശയം തന്നെ. പക്ഷെ കഠിന ശ്രമവും നിസ്സംഗതയും (പാശമില്ലായ്മ) ഉണ്ടെങ്കിൽ സാധ്യമാണ്' (ഭഗവദ് ഗീത അധ്യായം 6 ശ്ലോകം 34 ഉം 35ഉം)ജ്ഞാൻ സമ്പാദ്യത്തിന് മാന്ത്രിക ഗുളികയോ മരുന്നോ കുറുക്കുവഴിയോ ഉണ്ടായിരുന്നുവെങ്കിൽ ആദികാലം തൊട്ടുതന്നെ അത് രൂപീകരിക്കപ്പെട്ടിട്ടുണ്ടാവുകയില്ലേ ?

മനസ്സിന്മേൽ പ്രഭുത്വം വേണമെങ്കിൽ ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രിക്കണം. ഗാന്ധിജിയും ഈശ്വരനും സ്ഥാപിച്ചുകാട്ടിയതാണ്. ഭക്ഷണ വിഷയം വഴിയാണ് ഇതിന് ഏറ്റവും എളുപ്പം. ദിവസം നമുക്ക് എത്ര അവസരങ്ങൾ ഉണ്ട്. ഇതിനെ പ്രാവർത്തികമാക്കാൻ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു ഉറച്ച ആധാരം ഇല്ലാത്തതിനാൽ മാറ്റം നമ്മുടെ കൈയിൽ തന്നെയാണ്.

ഒരു ചെറുവ്യതിചലനം ! ഏക തത്ത്വ പുസ്തകം 9 ലേഖനം 2 പേജ് 22ൽ ഇന്ദു മാരാത്തിന്റെ ലേഖനം 'വിശ്വാസങ്ങളിലെ സംശയങ്ങൾ' ആധുനിക പീഡിയുടെ ചിന്താകുഴപ്പത്തെ ചിത്രീകരിക്കുന്നുണ്ട്. സംശയങ്ങൾ തീർക്കാൻ - തീർക്കണമെങ്കിൽ - ഗാഢമായ ചിന്തനം ആവശ്യമാണ്. ജീവിത രഹസ്യങ്ങളെ അനാവരണം ചെയ്ത് തെളിയിക്കാൻ മൂന്ന് മാർഗ്ഗങ്ങൾ ഉണ്ടെന്ന് മഹാന്മാർ സ്പഷ്ടമാക്കിയിട്ടുണ്ട്. ഭക്തിമാർഗ്ഗം, കർമ്മമാർഗ്ഗം, ജ്ഞാനമാർഗ്ഗം. മൂന്നാമത്തേതിന്റെ കർശനമായ രൂപമായിരിക്കാം 'രാജ മാർഗ്ഗം.' ഗീതയിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രശ്നം ബുദ്ധിയോടുകൂടിയുള്ള മനുഷ്യനെ ഒഴിച്ച് വേറെയേത് ജീവിയേയും അലട്ടുന്നില്ലെന്ന് വാസ്തവം. എന്നാൽ 'വിവേക ജീവി' എന്ന് സ്വയം പേരിട്ട് അഭിമാനിക്കുന്ന മനുഷ്യൻ ഇതിനെ വെല്ലുവിളിയായി സ്വീകരിച്ച് ഏകാഗ്രതയോടെ അദ്ധ്വാനിച്ച് മുന്നേറാതെ വഴിയില്ല. ഒരു ചൊല്ലുണ്ട്, 'മുഹമ്മദിന് പർവ്വതാരോഹണം ചെയ്യണമെങ്കിൽ ഒന്നുകിൽ പർവ്വതത്തിന്റെയടുക്കൽ നടന്നുചെല്ലണം അല്ലെങ്കിൽ പർവ്വതം മുഹമ്മദിനെ സമീപിക്കണം.' ഉപരിതലം വിട്ട് അഗാധതയിലേക്ക് അദ്ധ്വാനിച്ച് ചെല്ലാതെ വിളക്കം അസാധ്യമാണ്. ബുദ്ധൻ തണലുള്ള മരത്തോപ്പുകളിൽ പ്രഭാഷണങ്ങൾ നടത്തുമായിരുന്നു. ശിഷ്യന്മാരിൽ പ്രമുഖൻ മാലുംക്യപുത്രൻ ഒരു സംശയ കുക്ഷിയായിരുന്നു. ചോദ്യത്തിന്മേൽ ചോദ്യം തന്നെ ! അദ്ദേഹത്തോട് ബുദ്ധൻ തന്റെ കൈയിൽ ഒരുപിടി കരിയില വാരി ചോദിച്ചു, 'ഈ തറയിൽ എത്രയോ ആയിരം കരിയിലയുണ്ട്. അതുപോലെത്തന്നെ മനസ്സിൽ അസംഖ്യം ചോദ്യങ്ങളും ഉയരും. പക്ഷെ മനുഷ്യായുസ്സ് വളരെ സീമിതമാണ്. ആയിരം പതിനായിരം വർഷം ജീവിക്കുകയാണെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുമായിരിക്കാം. ഈ ചെറു ആയുഷ്കാലത്തിനായി ഇതാ ഞാൻ ഈ പിടി കരിയില തരുന്നത് ഗ്രഹിച്ച് മുന്നേറുക' എന്നുപറഞ്ഞ് 'നാല് ഉത്തമ സത്യങ്ങൾ' എന്നറിയുന്ന ഉപദേശം നല്കി. 'ലോകം ദുഃഖമയമാണ്. ഇതിനുകാരണമാണ് 'തൃഷ്ണ' (തീവ്രമായ ആഗ്രഹം/ആർത്തി). ഇതിന് ഉപായമുണ്ട്. അതാണ് 'ബുദ്ധം ശരണം ഗച്ഛാമി. ധർമ്മം ശരണം ഗച്ഛാമി. സംഘം ശരണം ഗച്ഛാമി.' അതായത് പൂർണ്ണ വിശ്വാസവും ശ്രദ്ധയോടുള്ള ആചരണവും !

ഏതുപ്രകാരം ഇന്ന് ഭാതിക നേട്ടങ്ങൾക്കായി കഠിനാദ്ധ്വാനം ചെയ്ത് അല്പായുസ്സായ സമ്പാദ്യങ്ങൾ ചേർത്തുകൂട്ടി (കിട്ടാത്തതിനാൽ!) നിരാശ അനുഭവിക്കുന്നുവോ, അതിന്റെ സ്ഥാനത്ത്, ആത്മീയ മേഖലയിൽ ഏകാഗ്രതയോടെ, ആത്മാർത്ഥതയോടെ ശ്രമിക്കുന്നുവെങ്കിൽ ശാശ്വത സുഖസമാധാനം നൽകുന്ന ജന്മസാഫല്യം ലഭിക്കുമെന്ന് ഉറപ്പാണ്.

●


■കവിത

## മൂകധ്വനി

ശ്രീജ. ആർ
9496130546

എത്താത്ത ഉയരം പോലും ഇന്നു
എത്രയെളുപ്പത്തിൽ എത്തിപ്പിടിക്കുന്നു നാം.
എന്തേ നമ്മുടെ എട്ടടി കൊടിയേകിയ സന്ദേശം,
എത്രയേറെ അറിഞ്ഞിട്ടും മിണ്ടാട്ടമ്മില്ലാതേ
എന്തേ അടിമയായ് ഏങ്ങി കഴിയുന്നു നാം!!!
വാരിവാരി ദാനം ചെയ്ത,
പ്രാപ്തരാം ദാനികൾ അന്നു എത്രയേറെ!!!
വരിപ്പണം അടച്ചു തീർക്കാൻ,
പ്രായം കളയുന്നവർ ഇന്നു എത്രയേറെ???
ഓടിഓടി പണിപ്പെടുന്ന കഠിനാധ്വാനികൾ ഒക്കെയും
ഓർക്കാപ്പുറംപ്പോലും പണിയാത്തവരിൻ
കാൽപ്പന്തായതെന്തേ???
തടസ്സങ്ങളെ തട്ടിമാറ്റി തലയുയർത്തുന്ന നമ്മിൽ ചിലർ,
തരിമണൽ മൂർത്തിയായ് ഉടലെടുക്കും മുമ്പേ
തരിത്തരിയായ് ഉതിർന്നതെന്തേ???
ഒറ്റ ദിക്കിൽ വിക്ഷേപിച്ച ഉപഗ്രഹമായതെന്തേ?
സർവ ദിക്കും മുഴങ്ങുന്ന മൂകമാം ആ ധ്വനി
ചെവിക്കൊള്ളാത്തതെന്തേ നാം?

# മലകയറ്റവും മതിലുയർത്തലും



**ഇ.എൻ.നാരായണൻ**
**9539307005**

**മൂ**ന്നു പതിറ്റാണ്ടോളം ഭാഷാധ്യാപകനായി കുഞ്ഞാവകൾക്ക് 'അറിവുരുള' നൽകാൻ ഭാഗ്യമുണ്ടായ ഒരാളാണ് ഇതെഴുതുന്നത്. അക്കാലത്തൊരിക്കൽ 'മാതൃദേവോഭവ' എന്ന ശീർഷകത്തിൽ പ്രൗഢഗംഭീരമായൊരു ലേഖനം പാഠപുസ്തകത്തിലുണ്ടായിരുന്നു. സ്ത്രീത്വം ബഹുമാനിക്കപ്പെടേണ്ടതാണെന്ന മഹത്തായ സന്ദേശം നൽകുന്ന എഴുത്താണത്. പക്ഷേ അതിലെ ചില ആശയങ്ങളോട് അന്നേ എനിക്ക് വിയോജിപ്പുണ്ടായിരുന്നു. മനു സ്മൃതിയിലെ വിവാദങ്ങളുയർത്തുന്ന ഒരു ശ്ലോകത്തിന്റെ പരാമർശം അതിലുണ്ടായിരുന്നു.

*പിതാ രക്ഷതി കൗമാരേ*
*ഭർത്താ രക്ഷതി യൗവനേ*
*പുത്രോ രക്ഷതി വാർദ്ധക്യേ*
*നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി.*

ശ്ലോകം ഇതാണ്. സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നല്ല മനുവിന്റെ വിവക്ഷയെന്നും ഏതു കാലത്തും സ്ത്രീത്വം ബഹുമാനിക്കപ്പെടേണ്ടതാണെന്നുമാണ് 'ആചാര്യൻ' അർത്ഥമാക്കുന്നതെന്നും വളരെ കഷ്ടപ്പെട്ടു സമർത്ഥിക്കാനാണ് ലേഖകന്റെ ശ്രമം. എന്തുകൊണ്ടോ അത് സ്വീകാര്യമായി തോന്നിയില്ല. പുരുഷമേധാവിത്വത്തിന്റെ വക്താവായി 'ആചാര്യൻ' വെറുതെ സുഖിപ്പിക്കാനായിട്ടും സ്ത്രീകളെ 'അടുക്കളക്കാരികളും വീടാം കൂട്ടിൽ കുടുങ്ങും തത്തമ്മകളും' മാത്രമായി അടക്കി നിർത്താനുമായിരുന്നു ശ്രമിച്ചതെന്നുപറഞ്ഞാൽ ആരും നെറ്റി ചുളിക്കരുത്. മറ്റൊരുവിധത്തിൽ അതൊരു മസ്തിഷ്കപ്രക്ഷാളനം തന്നെയായിരുന്നു. (Brain Washing)

മനുസ്മൃതി വ്യാഖ്യാനവും വിമർശനവുമൊന്നുമല്ല എന്റെ ഉദ്ദേശ്യം. ജീവിതത്തിൽ സ്വീകരിക്കാവുന്ന ചില നല്ല ഉപദേശങ്ങളും നയതന്ത്രങ്ങളും (ഡിപ്ലോമസി) ആ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. 'നഃ ബ്രൂയാത് സത്യമപ്രിയം' എന്ന മനുശാസനം ഉൾക്കൊണ്ടുതന്നെ ചില അപ്രിയസത്യങ്ങൾ പറയേണ്ടിവന്നതിന് ക്ഷമാപണം.

'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന ശാസനം പത്തിവിടർത്തുന്ന ഒരു ചോദ്യചിഹ്നമായി നമ്മുടെ മുന്നിൽ നിലകൊള്ളുന്നു. നവോത്ഥാനത്തിന്റെ പാതയിലൂടെ ബഹുദൂരം സഞ്ചരിച്ചുവെന്ന് അവകാശപ്പെടുന്ന പ്രബുദ്ധരായ ബുദ്ധിജീവികളുടെ കേദാരഭൂമിയായ ഈ കേരളത്തിൽ പുരുഷമേധാവിത്തം തന്നെയാണ് നിലനിൽക്കുന്നതെന്ന് പറയേണ്ടിവരും. ഔദ്യോഗികമണ്ഡലങ്ങളിലും ഉന്നത വിദ്യാഭ്യാസരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീരത്നങ്ങൾ പോലും പുരുഷാജ്ഞയ്ക്ക് വേണ്ടി കാതോർത്തിരിക്കുന്ന കാഴ്ച പരിഹാസ്യം തന്നെയാണ്. പുരുഷാഹ്വാനമുണ്ടെങ്കിൽ വെല്ലുവിളി മനോഭാവത്തോടെ മല ചവിട്ടാനും മതിലുയർത്താനുമൊന്നും അവൾക്ക് സങ്കോചമേയില്ല. രാഷ്ട്രീയത്തിന്റെ അടിയൊഴുക്കുകൾ കണ്ടെത്താനോ അഥവാ കണ്ടെത്തിയാൽ തന്നെ ഒഴിഞ്ഞുമാറാനോ ഉള്ള ശേഷി അവൾക്കില്ല. പുരുഷനെന്ന കുരങ്ങാട്ടി കളിപ്പിക്കുന്ന വാനരത്തിയായി അവൾ ഇളിച്ചുകാട്ടുന്നു. പുരുഷന്റെ മകുടിയൂത്തിനുമുന്നിൽ അവൾ ഫണം വിടർത്താടുന്നു. എത്ര പരിഹാസ്യമായ കാഴ്ച !

മല കയറ്റത്തേയും മതിലുയർത്തലിനേയും ന്യായീകരിക്കാനുള്ള സഹൃദയത്വമില്ലാത്തതുകൊണ്ട് ധാർമ്മികരോഷത്തോടെ ചില അപ്രിയസത്യങ്ങൾ പറഞ്ഞുവെന്നുമാത്രം. വിശ്വാസങ്ങളുടെ കാര്യത്തിൽ കോടതിയും നിയമങ്ങളും ഇടപെട്ടാലുണ്ടാകാവുന്ന വിപത്തുകളാണ് ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്നത്. മഹാപ്രളയത്തേക്കാൾ ഭീകരമായ ഒരു ദുരിതമുനമ്പിലേക്കാണ് നമ്മുടെ നാട് നീങ്ങിക്കൊണ്ടിരിക്കുന്നത്.

നൈഷ്ഠിക ബ്രഹ്മചര്യത്തെ പരിഹസിക്കുന്ന ബുദ്ധിജീവികളാണ് സ്ത്രീകളുടെ മലകയറ്റത്തെ കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്നത്. നിരീശ്വരവാദികളെന്ന് അവകാശപ്പെടുന്ന ചില തരുണീമണികൾ അരയും തലയും മുറുക്കി മല ചവിട്ടിക്കൊണ്ടേയിരിക്കുന്നു. (അന്യ മതസ്ഥരുടെ ആരാധനാലയങ്ങളിലെ അപഹാസ്യതകളോട് യുദ്ധം വെട്ടാനുള്ള ചങ്കുറപ്പൊന്നും ഈ ഝാൻസി റാണിമാർക്കില്ല; ഇവർക്ക് ആഹ്വാനം നൽകുന്ന 'പുരുഷകേസരികൾ'ക്കുമില്ല. കളത്തിലിറങ്ങിയാൽ വിവരമറിയും !)

സംഭാഷണമദ്ധ്യേ ഒരു സുഹൃത്തിൽ നിന്നും പറഞ്ഞുകേട്ട ഒരു സംഭവം ആനുകാലികപ്രസക്തിയുള്ളതുകൊണ്ട് ഇവിടെ പറയട്ടെ. പണ്ടത്തെ സോവിയറ്റ് യൂണിയനിലാണ് കാര്യങ്ങൾ നടക്കുന്നത്. ആസന്ന മരണയായ ഒരു പെൺകിടാവ് നേതൃസ്ഥാനത്തുള്ള ലെനിനെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. തിരക്കുകളെല്ലാം മാറ്റിവെച്ച് ആ മഹാനുഭാവൻ കുട്ടിയെ കാണാനെത്തി. കടുത്ത ഭൗതികവാദിയായ ലെനിനോട് തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടി അപേക്ഷിച്ചു. യാതൊരു സങ്കോചവും കൂടാതെ അദ്ദേഹം അവൾക്കുവേണ്ടി മുട്ടുകുത്തിയിരുന്നു പ്രാർത്ഥിച്ചുവത്രേ. അശരണയായ പെൺകിടാവിന്റെ - പ്രജകളുടെ - വിശ്വാസത്തെ മാനിക്കേണ്ടത് ഭരണാധികാരിയായ തന്റെ കടമയാണെ

ന്നാണത്രേ അന്ന് ലെനിൻ സ്വയം ന്യായീകരിച്ചത്. നമ്മുടെ നാട്ടിലെ ഭരണാധികാരികൾക്ക് – അവർ ഏത് പ്രത്യയശാസ്ത്രക്കാരായാലും – ഈ സഹിഷ്ണുതയുടെ, പരസ്പര ബഹുമാനത്തിന്റെ നൂറിലൊരംശം ഉണ്ടായിരുന്നെങ്കിൽ ഈ നാട് എന്നേ രക്ഷപ്പെട്ടേനേ !

***ആസക്തിയും വിരക്തിയും***

ആസക്തിയും വിരക്തിയും വ്യത്യസ്തധ്രുവങ്ങളിലുള്ള രണ്ടു ചിന്താസരണികളാണ്. ജീവിതം ആസ്വദിക്കാനുള്ളതാണെന്ന ഒമർഖയാം സിദ്ധാന്തത്തോട് ആഭിമുഖ്യമുള്ളവർക്ക് ഒന്നും നിഷിദ്ധമല്ല. മദ്യവും മദിരാക്ഷിയുമൊക്കെ മതിയാകും അവർക്ക്. അവർ സുഖാന്വേഷികളാണ്. 'അടിച്ചുപൊളിക്ക'ലാണ് അവരുടെ ജീവിതാദർശം. ആയിക്കോട്ടെ; അത വരുടെ സ്വാതന്ത്ര്യം. പക്ഷേ വിരക്തരുടെ ആരാധനാലയങ്ങളിലെത്തി അവരെന്തിന് പ്രകോപനം സൃഷ്ടിക്കുന്നു ? വിശ്വാമിത്രന്റെ യാഗം മുടക്കാൻ മാരീചസുബാഹുക്കൾ മലിന വസ്തുക്കളും രക്തവും ഹോമകുണ്ഡത്തിൽ നിക്ഷേപിച്ചിരുന്നുവെന്ന് രാമായണത്തിൽ പറയുന്നു. ഇവിടെ ആർത്തവരക്തത്തിന്റെ ആവർത്തനം കൊണ്ട് പ്രകോപനമുണ്ടാക്കാനാണ് തല്പരകക്ഷികളുടെ ശ്രമം. യുവതീസാന്നിദ്ധ്യം കൊണ്ട് അയ്യപ്പസ്വാമിയുടെ സംയമനം, നഷ്ടപ്പെടില്ലെങ്കിലും ദർശനത്തിനെത്തുന്ന കൊച്ചുസ്വാമികളുടെ കാര്യമോർക്കുമ്പോൾ... ജന്തുകാമനകൾ (instincts) ഒഴിവാക്കാൻ അവർക്കാവില്ലല്ലോ. പിന്നെന്തിനീ 'മോഹിനീനൃത്തം' ?

ജീവിതം ഒരു മഹാദുരന്തമാണെന്ന തിരിച്ചറിവുണ്ടായി വിരക്തരായിത്തീരുന്ന ഒരുകൂട്ടം ആളുകൾ ഇവിടെ ജീവിച്ചിരുന്നു. 'നരനായിങ്ങനെ ജനിച്ചുഭൂമിയിൽ നരകവാരിധി നടുവിൽ ഞാൻ' എന്നു വിലപിച്ച പൂന്താനത്തെ ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും. ശ്രീബുദ്ധൻ, ആദിശങ്കരൻ, ശ്രീനാരായണഗുരു തുടങ്ങിയ ആചാര്യന്മാർ ലൗകികജീവിതത്തിന്റെ നിസ്സാരതയും നിസ്സഹായതയും തിരിച്ചറിഞ്ഞ് ചെറുപ്രായത്തിൽത്തന്നെ ആധ്യാത്മികമാർഗ്ഗത്തിലേയ്ക്ക് ചേക്കേറിയവരാണ്. ജനനമരണദുഃഖത്തിൽ നിന്നുള്ള മോചനവും ഈശ്വര സാക്ഷാത്കാരവുമൊക്കെയാണ് ഇവരുടെ ലക്ഷ്യം. നൈഷ്ഠികബ്രഹ്മചര്യം ഇവിടെ ഒരു അനിവാര്യതയായി മാറുന്നു. അവരുടെ പിന്മുറക്കാരാണ് സന്യാസിമഠങ്ങളും കടുത്ത വ്രത നിഷ്ഠകളും നിയന്ത്രണങ്ങളും പാലിക്കപ്പെടേണ്ട ക്ഷേത്രങ്ങളും സ്ഥാപിച്ചിരിക്കുന്നത്. വിരക്തിയുടെ പുണ്യാശ്രമങ്ങളിൽ മാരീചാദികളെപ്പോലെ പൊന്മാൻവേഷം കെട്ടിയ പെൺമാനുകൾ എന്തിനുവരുന്നു; പ്രലോഭനമായി; വെല്ലുവിളികളുമായി ?

ആണായാലും പെണ്ണായാലും നിരീശ്വരവാദികൾ അമ്പലങ്ങളിൽ പോകരുതെന്നാണ് ഈയുള്ളവൻ പറയാനുള്ളത്. പെണ്ണുങ്ങളുടെ മലകയറ്റം അത്രവലിയ വീര സാഹസികകൃത്യമായി തോന്നുന്നുമില്ല. നിഷേധപ്രകടനമെന്നതിലുപരി അതുകൊണ്ടൊന്നും നേടാനുമില്ല. മതിലുപണിക്കാരോട് പറയാനുള്ള ചില കാര്യങ്ങൾ കൂടി പറഞ്ഞിട്ട് ഈ പ്രലപനം അവസാനിപ്പിക്കാമെന്ന് കരുതുന്നു.

ഇവിടെ പെൺമതിൽ അനിവാര്യം തന്നെയാണ്. സ്ത്രീത്വത്തെ ബഹുമാനിക്കാത്ത മുഷ്കരന്മാരും സംസ്കാരശൂന്യരും ഉൾപ്പെട്ടതാണ് ഇന്നാട്ടിലെ പുരുഷസമൂഹം. പീഡനങ്ങളും കൊലപാതകങ്ങളും നടത്തി പിലാത്തോസിനെപ്പോലെ കൈകഴുകുന്ന കഴുകന്മാരുടെ ആഹ്വാനം കേട്ട് മതിലുകെട്ടുന്ന മാടപ്രാവുകളെ കാണുമ്പോൾ സഹതാപം തോന്നുന്നു. ആട്ടിൻ തോലിട്ട ചെന്നായ്ക്കളെ തിരിച്ചറിയാനുള്ള വിവേകം ഇവിടത്തെ സ്ത്രീകൾക്കുണ്ടാകണം. നിർഭയ, സൗമ്യ, ജിഷ തുടങ്ങിയ കിളിന്തുകൾ പിച്ചിച്ചീന്തിയെറിയപ്പെട്ടപ്പോഴായിരുന്നു ഇവിടെ പെണ്മതിൽ ഉയരേണ്ടിയിരുന്നത്. അന്നൊക്കെ ഇവിടത്തെ സ്ത്രീജനങ്ങൾ ഭയത്തിന്റെ വല്മീകത്തിലായിരുന്നു. മുഷ്കരനായ പുരുഷന്റെ ആജ്ഞ കിട്ടിയിരുന്നതുമില്ല. ഇതിപ്പോൾ...

'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി'യെന്ന ആചാരത്തുടലറുത്ത് ഇവിടത്തെ സ്ത്രീകൾ മോചിതരാവേണ്ടിയിരിക്കുന്നു. ബാലിശതകളിൽ നിന്നും മുക്തരാവേണ്ടിയിരിക്കുന്നു. പുരുഷൻ നിസ്സംഗനും സംസ്കാര ശൂന്യനുമായിരിക്കുന്നിടത്തോളം കാലം സ്ത്രീയ്ക്ക് ആത്മരക്ഷയ്ക്കുവേണ്ടി ശക്തമായ മതിലുകൾ കെട്ടിയുയർത്തേണ്ടത് അനിവാര്യത തന്നെയാണ്.

*ഉയരട്ടെ മതിൽ*
*പടരട്ടെയഗ്നി*
*എരിഞ്ഞടങ്ങട്ടെ*
*പഴമതൻ ജഡം*
*പൊളിച്ചടുക്കിടൂ*
*ദുഷിച്ചുപോയൊരു*
*വ്യവസ്ഥതന്നുടെ*
*അടിത്തറ നിങ്ങൾ*

ഇതാണ് എന്റെ ആഹ്വാനം. നന്മ നേരുന്നു. ●

■ കവിത

# വൈരുദ്ധ്യം വൈവിധ്യം

കണിയാപുരം നാസറുദ്ദീൻ
തിരുവനന്തപുരം
9400149275

കൈവിരലഞ്ചും ഒരുപോലല്ല
മക്കളുമതുപോൽ
ഒരു പോലല്ല
ചിലരോ സുന്ദരർ
ചിലർക്കൊ അൽപം വൈരൂപ്യം
ചിലർ കറുപ്പിൻ ഏഴഴകുള്ളോർ
വേറെ ചിലരോ
വെളുപ്പ് നിറം നിറഞ്ഞോർ
അവരിൽ ചിലരോ സത്സ്വഭാവികൾ
കുസൃതി കാട്ടും വേറെ ചിലർ
തമ്മിലടിക്കുന്നോരവരിൽ ചിലർ
തമ്മിലകന്നാലടുപ്പിക്കുന്നോർ
വേറെ ചിലർ
കണ്ടാൽ മിണ്ടാത്തവരും ഉണ്ട്
ആരോടും എന്തും മിണ്ടാൻ
ഉത്സാഹിക്കുന്നോരുണ്ടവരിൽചിലർ
പുഞ്ചിരി തൂകും ചിലരുണ്ടെന്നാൽ
കണ്ടാൽ ചിരിക്കാത്തോരവരിൽ
ചിലർ
ആകപ്പാടെ വൈരുദ്ധ്യം
വൈവിധ്യം
എന്നിട്ടും ഇവരെല്ലാം മക്കൾ തന്നെ
വിരലുകളെല്ലാം വിരലുകൾ തന്നെ
വൃത്തമില്ലെങ്കിലും കവിതകൾ
തന്നെ

# വിശ്വാസികളും വ്യക്തിദൈവങ്ങളും



വി. കെ. എം. നായർ

**ഭാ**രതപുണ്യ ഭൂമിയുടെ നൈസർഗിക ശോഭയ്ക്കാധാരം ആത്മീയതയാണ്. ലോകമാകെയിന്ന് പ്രചരിപ്പിക്കേണ്ടത് ആത്മീയാധിഷ്ഠിത ഭൗതിക ജീവിതമാണ്. ആത്മീയത ഒരൊറ്റമൂലികയായി ലോകശരീരത്തിലും മനസ്സിലും പ്രവേശിച്ച് പ്രതിബന്ധങ്ങളും കാർമേഘങ്ങളും അകറ്റി ലോകസമാധാനം സംരക്ഷിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ആത്മീയത ഒരനുഭവസിദ്ധിയായിവേണം കരുതാൻ. ദൈവവിശ്വാസത്തിലെത്താനുള്ള ഏകമാർഗ്ഗമാണ് ആത്മീയത. ദൈവ വിശ്വാസത്തിലൂടെ മാത്രമേ മാനുഷിക മൂല്യങ്ങൾ വളർത്താനാവൂ. ആത്മീയ ഗുരുക്കന്മാരുടെ അശ്രാന്ത പരിശ്രമം മൂലമാണ് നവോത്ഥാന മൂല്യങ്ങൾ നാശമില്ലാത്ത രൂപത്തിൽ വ്യാപരിച്ചതും ജനങ്ങൾ അവയെ സ്വീകരിച്ചതും. ഇതിൽ രാഷ്ട്രീയ കക്ഷികളുടെ പങ്ക് തുലോം കുറവാണ്.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ആശയം വെറും സങ്കല്പമല്ല, യാഥാർത്ഥ്യമെന്ന് തെളിയിക്കാനാണ് ഭാരതീയർ ശ്രമിക്കേണ്ടത്. ശ്രീനാരായണ ഗുരുവിനേയും ശ്രീ ചട്ടമ്പി സ്വാമികളേയും ജാതികളുടെ പ്രതിനിധികളാക്കിമാറ്റിയ കേരളീയർ ശിക്ഷ അർഹിക്കുന്ന ഭ്രാന്തൻ കൂട്ടരാണ്. അതിന് കൂട്ടുനില്ക്കുകയും സഹായമേകുകയും ചെയ്യുന്ന രാഷ്ട്രീയ കക്ഷികളും ശിക്ഷാർഹർ തന്നെ. രാഷ്ട്രീയ കക്ഷികളുടെ ലക്ഷ്യം വോട്ട് ബാങ്ക് രാഷ്ട്രീയം മാത്രം. നവോത്ഥാന മൂല്യങ്ങളിൽ അല്പം പോലും വിശ്വാസമില്ലാത്ത അധികാരക്കൊതിയന്മാർ മാത്രമാണ് രാഷ്ട്രീയക്കാർ. യാഥാർത്ഥ്യം ഇതായിരിക്കെ, നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷകരായി രാഷ്ട്രീയ കക്ഷികൾ രംഗപ്രവേശം ചെയ്യുന്നത് സ്ഥാപിതതാല്പര്യസംരക്ഷണം ലക്ഷ്യം വച്ചാണ്.

മതങ്ങൾ രാഷ്ട്രീയക്കാരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി വോട്ട് ബാങ്കുകളായി രൂപാന്തരപ്പെടുന്നതിന് പകരം ഒരു സംസ്കാരമായി വളർന്നാൽ മതങ്ങൾ മനുഷ്യന് ഉപകാരപ്രദമാകും. മനുഷ്യനെ മനുഷ്യനാക്കാൻ മതസംഹിതകൾക്ക് കഴിയും. മതമൗലികവാദത്തെ മനുഷ്യമനസ്സിൽ നിന്ന് പൂർണ്ണമായി അകറ്റാൻ മതങ്ങൾക്ക് സാധിക്കും. ഭരണഘടനയിൽ ഇടം പിടിച്ചതുകൊണ്ട് മതേതരത്വത്തിന് പ്രാമുഖ്യമുണ്ടെന്ന് വ്യാഖ്യാനിക്കപ്പെടുകയാണെങ്കിൽ, ആ ആശയത്തെ വ്യഭിചരിക്കാനാവും രാഷ്ട്രീയപാർട്ടികൾ ശ്രമിക്കുക. അതപകടമാണ്. മതങ്ങളെ ചൂഷണം ചെയ്താൽ മതേതരത്വം നടപ്പിൽ വരുമെന്ന് വിശ്വസിക്കാനാവില്ല. മതങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ അടിമകളായാലും മതേതരത്വം വെറും Pseudo Secularism ആയെ നിലനില്ക്കൂ.

'To Western eyes Hinduism is a mass of contradictions - Pages 62 and 63" The History of Religion' by Karen Parrington. ആത്മീയതയാണ് ഭാരതീയ നൈസർഗ്ഗിക ശോഭയെങ്കിലും യൂറോപ്യൻ ജനത ഇന്ത്യൻ മതവിശ്വാസത്തെ ആക്ഷേപ സൂചകമായാണ് വിമർശിച്ചുവന്നത്. അജ്ഞതയാണ് കാരണമെങ്കിലും വെള്ളക്കാർ അജ്ഞരാണെന്ന് വിശ്വസിക്കാനൊ പറയാനൊ ഭാരതത്തിൽ നല്ലൊരു ശതമാനം ഇന്നും തയ്യാറല്ല, കാരണം ഇന്ത്യൻ പൈതൃകം അവർക്ക് അജ്ഞാതമായത് കൊണ്ടാവാം.

മാനുഷിക മൂല്യങ്ങളെ കുറിച്ചുള്ള ബോധമാണ് മതവിശ്വാസത്തിലൂടെ മനുഷ്യൻ ആർജ്ജിക്കുന്നതും, ആർജ്ജിക്കേണ്ടതും. പരസ്പര സ്നേഹവും വിശ്വാസവും മതങ്ങളുടെ അടിസ്ഥാനഗുണമായാൽ പരസ്പര സ്പർദ്ധ ഇല്ലാതാകും. അധികാരക്കൊതി മൂത്താൽ, സ്വാർത്ഥത ഹിമാലയത്തോളം വളർന്നാൽ പരസ്പരസ്നേഹം വെള്ളത്തിൽ വരച്ച വരകൾ പോലാകും. വിശ്വാസികളെ തമ്മിൽ തല്ലിപ്പിക്കുന്ന കുത്സിത മനസ്സിന്റെ ഉടമസ്ഥരാകും രാഷ്ട്രീയകക്ഷിനേതാക്കൾ. ഇത് ഭ്രാന്താണ്, ഭാരതത്തെ ഒരു ഭ്രാന്താലയമാക്കാനുള്ള ദുഷ്ടബുദ്ധിയാണ് ഇതിന്റെ പിന്നിൽ.

ദൈവവിശ്വാസം തരുന്ന ഊർജ്ജം യുക്തിക്കതീതമാണ്. ദൈവവിശ്വാസം ശാന്തിയും സമാധാനവും തരുന്നത് കൊണ്ടാണ് വിശ്വാസികൾ മതത്തിനോട് ബന്ധപ്പെടുന്നത്. മതവിശ്വാസവും ദൈവവിശ്വാസവും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. മതങ്ങൾ മനുഷ്യനെ മനുഷ്യനാക്കുമ്പോൾ മതനിരാസമല്ല വേണ്ടത് മതങ്ങളുടെ ശുദ്ധീകരണമാണ്. മതങ്ങൾക്ക് പകരം രാഷ്ട്രീയകക്ഷികളോടാണ് കൂറെങ്കിൽ അതും സ്വീകാര്യം തന്നെ. പക്ഷെ രാഷ്ട്രീയ കക്ഷികൾ പരസ്പര സ്നേഹവും വിശ്വാസവും ഉറപ്പ് വരുത്തണം. മത്സരം, ബുദ്ധി ഉപയോഗിച്ചാവണം അല്ലാതെ ശാരീരിക ബലം പ്രയോഗിച്ചാവരുത്. പണ്ട് മതങ്ങൾ ചെയ്തുവന്ന തെറ്റുകൾ ഇന്ന് രാഷ്ട്രീയ കക്ഷികൾ ആവർത്തിച്ചാൽ മതവും രാഷ്ട്രീയകക്ഷിയും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി രണ്ടും ഒരേ പോലെയെന്നാവും. രണ്ട് കൂട്ടരും മതവിശ്വാസികളും രാഷ്ട്രീയക്കാരും ഉട

ൻ ചെയ്യേണ്ടത് മനുഷ്യത്വം വളരാൻ വേണ്ട ധർമ്മാധിഷ്ഠിത കർമ്മങ്ങൾ ചെയ്യാൻ തയ്യാറാവുകയാണ്. രണ്ട് കൂട്ടരും സ്ഥാപിത താല്പര്യസംരക്ഷണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കാതിരിക്കുക. മനുഷ്യൻ നന്നായാൽ മതമേതായാലും ജാതി ഏതായാലും കക്ഷി ഏതായാലും പ്രശ്നമാക്കേണ്ടതില്ല.

ദൈവവിശ്വാസികൾക്ക് പ്രതീകങ്ങൾ പ്രാധാന്യമുള്ളതല്ല. ദൈവത്തിന്റെ രൂപങ്ങളും ദൈവിക ശക്തിയും തമ്മിൽ താരതമ്യം ചെയ്യപ്പെടുന്നതുപോലും വളരെ അപൂർവ്വമാണ്. താരതമ്യം ചെയ്യപ്പെടുന്നത് വിവിധ ദൈവങ്ങളുടെ പേരിലുള്ള വിശ്വാസങ്ങൾക്ക് സാധാരണ വിശ്വാസികൾ അടിമപ്പെട്ടുപോകുമ്പോൾ മാത്രം, ഞാൻ വൈഷ്ണവനാണ്, ഞാൻ ശൈവനാണ്, ഞാൻ ക്രൈസ്തവനാണ്, ഞാൻ ഇസ്ലാമാണ് എന്ന ചിന്തയ്ക്ക് വശംവദരായി പോകുമ്പോൾ മാത്രമാണ് ഒരു ദൈവം മറ്റേ ദൈവത്തിനേക്കാൾ മെച്ചമാണെന്ന് സ്ഥാപിക്കാനുള്ള വ്യർത്ഥശ്രമം നടപ്പിലാവുന്നത്. ദൈവം ഊർജ്ജമാണ് എന്ന സങ്കല്പം ബലപ്പെടുമ്പോൾ ഒരു ദൈവം മറ്റേ ദൈവത്തേക്കാൾ ഉന്നതൻ എന്ന ചിന്ത പൂർണ്ണമായി അപ്രത്യക്ഷമാകും.

ദൈവം ആത്മീയമാണ്. ദൈവവിശ്വാസം അനുഭവിച്ചറിയേണ്ടതും ആസ്വദിക്കേണ്ടതുമാണെന്ന ചിന്ത ഉണ്ടായാൽ ദൈവത്തിന്റെ രൂപം പ്രശ്നമാകാറില്ല. ഏതൊ ഒരു രാഷ്ട്രീയ നേതാവ് 'ദൈവം ആനയെ പോലിരിക്കുന്നു, ആനയെയാണൊ മനുഷ്യൻ ആരാധിക്കേണ്ടത് ?' എന്ന് ചോദിച്ചതായി കേട്ടുകേൾവി. നേതാവിന് ബുദ്ധിഭ്രമം വന്നത് കൊണ്ടാകാം ഇത്തരം ചിന്തയ്ക്ക് കാരണം. നേതാക്കന്മാർക്ക് ബുദ്ധിഭ്രമം സംഭവിക്കാം. ബുദ്ധിഭ്രമത്തിന്റെ മറ്റൊരവസ്ഥയാണ് ഭ്രാന്ത്, ഭ്രാന്തന്മാർ അധികാരികളാകുമ്പോഴാണ് രാജ്യം ഭ്രാന്താലയമാകുന്നത്, (കേരളത്തെ ഭ്രാന്താലയമാക്കാതെ നോക്കേണ്ടത് കേരളീയരുടെ ഉത്തരവാദിത്വമാണ്)

ദൈവസങ്കല്പം സാധാരണക്കാരന് വിശ്വാസം മാത്രം. യുക്തിയുക്തമായ വിവരണം അസാദ്ധ്യമാണെന്ന അറിയുന്ന മനുഷ്യൻ ദൈവസങ്കല്പത്തെ നിർവ്വചിക്കാൻ ഒരുമ്പെടാറില്ല. യുക്തിക്കതീതമായ വിശ്വാസത്തെ യുക്തി കൊണ്ട് നിർവ്വചിക്കുക മൂഢത്തരമാണ്. ദൈവത്തിന്റെ രൂപം സങ്കല്പിക്കാൻ വെള്ളക്കാരനും കറുപ്പനും ആർക്കും സാദ്ധ്യമല്ല. ദൈവത്തിന്റെ മുഖം ആനയുടേതാകാം, കുരങ്ങന്റേതാകാം. അത് സങ്കല്പിക്കുന്ന വ്യക്തിയുടെ സ്വാതന്ത്ര്യത്തിന് വിടുക. പണ്ഡിതന്മാർ പോലും ദൈവത്തെ നിർവ്വചിക്കാൻ നിഷേധരൂപമാണ് ഉപയോഗിച്ചിരിക്കുന്നത്, 'ഇതല്ല ഇതല്ല' യെന്ന മട്ടിൽ.

അരൂപിയായ ദൈവസങ്കല്പത്തിന് രൂപം നല്കിയുള്ള സമീപനം ശരിയോ തെറ്റോ എന്ന് സ്ഥാപിക്കുന്നതിനേക്കാൾ ശ്രീശങ്കരൻ പറഞ്ഞുവച്ച വിഭജന രീതിയാണ് കൂടുതൽ യുക്തമായി തോന്നുന്നത്. അദ്ദേഹം പറഞ്ഞത് ദൈവസങ്കല്പത്തെ രണ്ടായി തിരിക്കാം. ഒന്ന് ഉപാധികളോടുള്ള സമീപനം, ഉപാധികളിൽ പേരും രൂപവും ഉണ്ടാകും. സമൂഹസ്വഭാവമനുസരിച്ചാവും പേരും രൂപവും, പശുപതിയാകാം, ശിവനാകാം, കൈലാസനാഥനാകാം, ചെമനാകാം, മഹാനടനാകാം രുദ്രനാകാം etc. കോട്ടയത്ത് യക്ഷിയാണെങ്കിൽ പാലക്കാട് പേയും യക്ഷിയും ചേർന്ന് പേച്ചിയാകാം മാരനും (മാടനും) പുല്ലിംഗവും മാറി സ്ത്രീ ലിംഗവുമാകാം. തിരുവനന്തപുരം പട്ടണത്തിലുള്ള യക്ഷി അമ്മൻ, പട്ടണം മുഴുവനായി സ്തംഭിപ്പിച്ച് യക്ഷി അമ്മനായും പൊങ്കാല ദേവിയായും വാഴുന്നതായാണ് റിപ്പോർട്ട്. ഏഴെട്ട് ദശാബ്ദങ്ങൾക്ക് മുൻപ് വെറും ഒരു മരവും മരത്തിൽ ചെമന്ന പട്ടും ഒരു മൺതിട്ടുമായിരുന്ന യക്ഷിയമ്മൻ ഇന്ന് കോടിക്കണക്കിന് ആസ്തിയുള്ള ഒരു വൻ ക്ഷേത്രമായി മാറിയതിന്റെ കഥ പറയാൻ ആരും തുനിയുമെന്ന് തോന്നുന്നില്ല. സാധാരണ ജനതയുടെ വിഗ്രഹാരാധനയുടെ പൊരുൾ തേടി പോകുന്നവർക്ക് ഇത് നല്ലൊരു ഉദാഹരണമാണ്.

ഉപാധികളോടുള്ള ദൈവസങ്കല്പത്തിന് നേരെ വിപരീതമാണ് ഉപാധികളില്ലാത്ത ബ്രഹ്മസങ്കല്പം. ബ്രഹ്മസങ്കല്പം നിത്യവും നിരുപാധികവും പരിപൂർണ്ണവും ആത്മജ്ഞാനപരവുമാണ്. (ഇംഗ്ലീഷിൽ Absolute എന്ന പദമാണ് ശരിയായ അർത്ഥം വ്യക്തമാക്കുന്നത്) വ്യക്തിക്കോ വ്യക്തി ഉൾപ്പെടുന്ന സമൂഹത്തിനോ ഇഷ്ടമുള്ള ദേവതകളെയാണ് വ്യക്തിദൈവങ്ങൾ എന്ന് വിവക്ഷിക്കപ്പെടുന്നത്. വ്യക്തി ദൈവങ്ങളുടെ വളർച്ചയ്ക്കും പുതിയ മതങ്ങളുടെ (വൈഷ്ണവ മതം, ശൈവ മതം, ശാക്തേയ മതം തുടങ്ങിയവ) ആവിർഭാവത്തിന് കാരണം അന്ന് നിലവിലിരുന്ന ആചാരാനുഷ്ഠാനങ്ങൾ സാധാരണ ജനതയ്ക്ക് ആഗമ്യമായിരുന്നതാവാം. ശ്രീപത്മനാഭ ക്ഷേത്രത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നവർക്ക് യക്ഷിയമ്മൻ സാന്ത്വനം അരുളിയിട്ടുണ്ടാവാം. പുറന്തള്ളപ്പെട്ടിരുന്നവരുടെ കൂട്ടായ്മ ഒരു ശക്തിയായി വളർന്ന് യക്ഷിയമ്മൻ ശ്രീപത്മനാഭനേക്കാൾ മെച്ചപ്പെട്ട സാമ്പത്തികനില കൈവരിച്ചിട്ടുണ്ടാവാം. എല്ലാം അഭ്യൂഹം മാത്രം. ദുരൂഹമായ ബ്രഹ്മസങ്കല്പവും യാഗഹോമാചാരാനുഷ്ഠാനങ്ങളിൽ നിന്നുള്ള അകറ്റി നിറുത്തലും വ്യക്തി ദൈവങ്ങൾക്ക് പ്രാമുഖ്യം നല്കിയെന്നത് ചോദ്യം ചെയ്യപ്പെടാനാവില്ല. ഇപ്പോഴത്തെ സാമ്പത്തിക ദുരവസ്ഥയും മുജ്ജന്മശാപവും ചേർത്തുവച്ചുള്ള കുറ്റാരോപണം അവിശ്വസനീയമായിട്ടാണ് പാവം ജനങ്ങൾ വീക്ഷിച്ചത്. മാത്രവുമല്ല, ബുദ്ധിമാർഗ്ഗം ഉപേക്ഷിച്ച് കൂടുതൽ ലളിതമായ ഭക്തിമാർഗ്ഗം സാധാരണ ജനങ്ങൾക്ക് സ്വീകാര്യമായി. ഭക്തിമാർഗ്ഗത്തിന് അരൂപിയായ ദൈവസങ്കല്പത്തിനേക്കാൾ സ്വരൂപിയായ ദൈവസങ്കല്പം കൂടുതൽ യോജ്യമായപ്പോൾ യക്ഷിയും മാടനും ലക്ഷ്മിയും സരസ്വതിയും മഹാദേവനും മഹാവിഷ്ണുവും പ്രത്യക്ഷപ്പെട്ടു. ബുദ്ധിജീവികൾക്ക് മനംമാറ്റം സംഭവിച്ചുതുടങ്ങി. തൂണിലും തുരുമ്പിലുമാകാം ദൈവമെന്ന് ഉദ്ഘോഷിച്ച് ക്രമേണ അവർ വ്യക്തി ദൈവങ്ങൾക്ക് അനുകൂല തീരുമാനങ്ങളുമായെത്തിയപ്പോൾ വ്യക്തി ദൈവങ്ങളുടെ നവോത്ഥാനം ആരം

ഭിച്ചു. വ്യക്തിദൈവങ്ങൾക്ക് പൂജ ചെയ്യാനും പൂണൂൽധാരികൾ തയ്യാറായി എന്നത് ക്ഷേത്രാരാധനയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരുടെ പ്രോത്സാഹനം കൂടി ആയപ്പോൾ വിഗ്രഹാരാധന പൂർണ്ണമായി.

ജ്ഞാനത്തിലൂടെ, പ്രാർത്ഥനയിലൂടെ, ചിട്ടയായുള്ള ആചാരസമ്പ്രദായങ്ങളിലൂടെ അനന്തവും അഗാധവും അപരിമേയവും പ്രപഞ്ചമാകെ വ്യാപരിച്ചിരിക്കുന്നതുമായ ബ്രഹ്മസങ്കല്പത്തിന് പകരം അനുഭവജ്ഞാനത്തിലൂടെയും ഭാവനയിലൂടെയും സൃഷ്ടിക്കാനായ രാമനും കൃഷ്ണനും ശിവനും പാർവതിയും സരസ്വതിയും കഥാപാത്രങ്ങളായി മാറി. അനന്ത സങ്കല്പങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത സാധാരണ ജനത ഭാവനയിൽ അവരുടെ ഇഷ്ടദൈവത്തെ കാണാൻ ശ്രമിച്ചു. അങ്ങനെ ദൈവങ്ങൾക്ക് രൂപമായി. ആത്മാവിനേയും പരബ്രഹ്മത്തേയും കുറിച്ചാലോചിച്ച് പ്രയാസപ്പെടുന്നതിന് പകരം, ദൈനംദിന കാര്യങ്ങളിൽ അവർ അനുഭവപ്പെടുന്ന സംഭവങ്ങളെക്കുറിച്ച് അവർ ചിന്തിച്ചുതുടങ്ങി. ഇതിഹാസങ്ങൾ രൂപപ്പെട്ടതങ്ങനെയാണ്. ഒരു കഥയോട് ബന്ധപ്പെടുത്തി അനേകം കഥകൾ അവർ മെനഞ്ഞും യാഗഹോമം നടത്തിയിരുന്നവർ പോലും സാധാരണ ജനതയുടെ ഭാവനാചാരുതയിൽ ആകൃഷ്ടരായി, അവരുടെ സങ്കല്പചാതുരി ആരേയും അമ്പരിപ്പിക്കുന്ന മട്ടിലായിരുന്നു. യാഗഹോമാദികളിൽ പെടാത്തവരും സമർത്ഥരായിരുന്നു എന്ന് ചുരുക്കം. അവരുടെ സഹായം കൂടി ഉണ്ടായപ്പോൾ ആരാധനാ മാർഗ്ഗങ്ങളും മന്ത്രങ്ങളും സൃഷ്ടിച്ച് പൂജാവിധികൾ പൂർണ്ണമായി തയ്യാറാക്കപ്പെടുകയാണുണ്ടായത്.

സാധാരണ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളെ യുക്തിക്കും ബുദ്ധിക്കും നിരക്കുന്ന രീതിയിൽ സമീപിക്കണമെന്ന ബോധം ബ്രാഹ്മണ സമൂഹത്തിൽ വളരാൻ കാരണമായി. മൃഗങ്ങളെ വേട്ടയാടിയും പശുക്കളെ ഹോമിച്ചും അതിഥികൾക്ക് ലഹരിപദാർത്ഥവും മാംസവും നല്കി ആദരിച്ചും ജീവിച്ചിരുന്ന ഹോമാദികർമ്മങ്ങൾ നടത്തിയിരുന്നവരുടെ ജീവിതശൈലിയിൽ ഇതോടെ മാറ്റങ്ങൾ ദർശിക്കാൻ തുടങ്ങി. മാംസാഹാരത്തിനോടുള്ള എതിർപ്പും ലഹരിപദാർത്ഥങ്ങളോടുള്ള വെറുപ്പും അവരുടെ ജീവിതശൈലിയിൽ പല മാറ്റങ്ങൾ സൃഷ്ടിച്ചു. പരസ്ത്രീസംയോഗം ശിക്ഷാർഹമല്ലായെന്ന് സ്വയം കരുതിയിരുന്നവർ തെറ്റ് തിരുത്താൻ തന്നെ തീരുമാനിച്ചു എന്നുവേണം കരുതാൻ. വിഗ്രഹാരാധനയുടെ വരവോടെയാണ് ഇത്തരം പല മാറ്റങ്ങളും സംഭവിച്ചത്. ഇതിൽ അബ്രാഹ്മണരുടെ പങ്ക് കുറച്ചുകാണാനാവില്ല. ഭരണകർത്താക്കൾ ക്ഷേത്രങ്ങൾ പണിയുകയും ജനത്തിന്റെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തതോടെ ഒരു പുതിയ ഉണർവും ഉന്മേഷവും ജനങ്ങൾ അനുഭവിച്ച് തുടങ്ങി. എല്ലാം വ്യക്തി ദൈവങ്ങളുടെ സംഭാവനയായി വേണം കണക്കാക്കാൻ.

(തുടരും)

# മാളുവിന്റെ സങ്കടം

**മാമ്പള്ളം വിജയൻ**
**9448312631, 9444540631**

**ഏ**ക സന്താനങ്ങളുള്ള വീടുകളിൽ കുട്ടികൾ അച്ഛനമ്മമാരുമായി വല്ലാത്ത അടുപ്പത്തിലായിരിക്കും. അക്കാരണംകൊണ്ടുതന്നെ അയാൾ മകളുടെ ഏറ്റവും നല്ല കൂട്ടുകാരനായിരുന്നു. മുംബൈയിൽ ഒരു സ്ഥാപനത്തിൽ തലവനായി ജോലിയിൽ പ്രവേശിച്ച അയാൾ താമസ സൗകര്യം ശരിയാകുന്നതുവരെ ഭാര്യയും ഏക മകളും അടങ്ങുന്ന കുടുംബത്തെ മംഗലാപുരത്ത് നിർത്തുവാൻ നിർബന്ധിതനായി. ഒരുമാസം കഴിഞ്ഞ് കൊച്ചിയിലേക്കുള്ള ഔദ്യോഗിക യാത്രക്കിടയിൽ മംഗലാപുരത്തിറങ്ങി മകളേയും ഭാര്യയേയും കാണാമെന്ന് അയാൾ നിശ്ചയിച്ചു. കൊച്ചിയിലെ മീറ്റിങ്ങ് തിങ്കളാഴ്ചയായിരുന്നു. ശനിയും ഞായറും ഒഴിവായതിനാൽ വെള്ളിയാഴ്ച വൈകീട്ട് മംഗലാപുരത്തേക്ക് തിരിച്ചു.

മാളുവിന്റെ സന്തോഷം പറയാനാവതല്ല. ശനിയും ഞായറും കളിയും, വായനയും ഒക്കെയായി പെട്ടെന്നവസാനിച്ചു. സമയത്തിന് കണ്ടമാനം വേഗത കൂടുന്ന സന്ദർഭങ്ങളാണ് പ്രിയപ്പെട്ടവരോടൊത്ത് ചിലവഴിക്കുന്ന എണ്ണപ്പെട്ട മണിക്കൂറുകൾ. സമയവേഗം ആപേക്ഷികമാണെന്ന് പറഞ്ഞത് ഇക്കാരണത്താലാണോ ?

ഞായറാഴ്ച വൈകുന്നേരം കൊച്ചിയിലേക്ക് യാത്ര ട്രെയിനിലായിരുന്നു. മാളുവും അമ്മയും അയാളെ യാത്രയാക്കാൻ സ്റ്റേഷനിലേക്ക് ചെന്നു. വണ്ടി പുറപ്പെടാറാവുന്നതുവരെ സ്റ്റേഷനിലെ ബുക്ക് സ്റ്റാളിൽ നിന്നുമേടിച്ച 'മാജിക് പോട്ട്' ലെ ചിത്രങ്ങളും കഥകളും മാളു അച്ഛനോടൊപ്പം നോക്കിയിരുന്നു. വണ്ടി ഓടിത്തുടങ്ങിയപ്പോൾ അവൾ കൈ വീശിക്കൊണ്ട് പ്ലാറ്റ്ഫോമിന്റെ അറ്റം വരെ ഓടിച്ചെന്നു. അയാൾ മറുപടിയായി കൈ വീശിക്കൊണ്ട് വാതിലിന്നരികിൽതന്നെ നിന്നു; പ്ലാറ്റ്ഫോം കണ്ണിൽനിന്നും മറയുംവരെ. ഒരു പൊട്ടായ് അവശേഷിച്ച് പെട്ടെന്ന് മറഞ്ഞുപോയ ആ കുരുന്നിന്റെ മനസ്സിൽ അപ്പോൾ എന്തായിരിക്കും തോന്നിയതെന്ന് അയാൾക്ക് ചിന്തിക്കാനേ കഴിഞ്ഞില്ല.

കൊച്ചിയിൽ നിന്നും മുംബൈയിൽ തിരിച്ചെത്തി വൈകുന്നേരം മലബാർ ഹില്ലിലെ വാസസ്ഥല ത്തെത്തിയ ഉടനെ മംഗലാപുരത്തു നിന്നും ഫോൺ വരുന്നു. ഓരോ തവണയും യാത്ര കഴിഞ്ഞ് തിരിച്ച് മുംബൈയിൽ വിമാനമിറങ്ങി കാറിൽ വീട്ടിലേക്കുള്ള യാത്രാവേളയിൽ "അച്ഛ എവടെയെത്തി ?" എന്നന്വേഷിച്ചുകൊണ്ടുള്ള മാളുവിന്റെ ഫോൺവിളി മുടങ്ങാറില്ല. മകൾക്ക് എങ്ങിനെ

ഇത്ര കൃത്യമായി സമയം കണക്കാക്കി ഫോൺ ചെയ്യാനാവുന്നു എന്ന് അയാൾ അത്ഭുതപ്പെടാറുണ്ട്. ക്രോണോബയോളജിയിൽ ഗവേഷണത്തിന് ഇതൊരു രസകരമായ വിഷയമാകുമെന്നു തോന്നുന്നു.

ഫോണിൽ മാളു. "അച്ഛ എപ്പ മുംബേയില് വന്നു ?"

"ഇന്ന് ഉച്ചയ്ക്ക് വന്നഡാ ചക്കരേ."

"അച്ഛ അന്ന് ട്രൈനില് കൊച്ചിക്ക് പോയപ്പോ മാളു കൊറേ ദൂരം ട്രെയിനിന്റെ പിന്നാലെ ഓടി. പിന്നെ ട്രെയിൻ സ്പീഡായി. പിന്നെ ട്രെയിൻ കാണാണ്ടായി. പിന്നെ മാളു നിന്നു. അപ്പ മാളു നറയെ സാഡ് ആയി. അപ്പ മാളൂന് കറച്ചില് വന്നു. അപ്പ മാളു കൊറേ കറഞ്ഞു. പിന്നെ അമ്മ വന്ന് കൂട്ടിക്കൊണ്ടുപോയി ഐസ്ക്രീം മേടിച്ചുതന്നു."

അയാൾ മൗനമാചരിച്ചു. തൊണ്ടയിൽ എന്തോ കുടുങ്ങിയ പോലൊരു പ്രതീതി.

"അച്ഛയെന്താ മൂളാത്തത് ?"

"ഉം... അച്ഛക്ക് സങ്കടം വന്നഡാ...!"

"ഇന്നലെ സ്കൂളിന്ന് വരുമ്പ മാളു ഒരു ഏറോപ്ലേൻ പോണ് കണ്ടു. അതിൽ അച്ഛ ഇണ്ടാകുംന്ന് മാളു വിജാരിച്ചു. അപ്പ മാളു പിന്നെയും സാഡ് ആയി. അപ്പ പിന്നെയും മാളു കൊറേ കറഞ്ഞു."

അയാൾക്ക് ഉള്ളിൽ വിങ്ങുന്നുണ്ടായിരുന്നു. ഒന്ന് മൂളാൻ പോലും വയ്യാത്തവിധം.

"അച്ഛ ഇഞ്ഞ് എപ്പളാ മംഗളൂർ വര്ണത് ?"

അതുല്യമായ, അസഹ്യമായ ഒരു വിരഹം വാക്കുകളുടെ പരിമിതികളെ അതിലംഘിച്ച് മകൾ വ്യക്തമാക്കുമ്പോൾ അയാളുടെ കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"അച്ഛ അടുത്ത മാസം വരാഡാ...!"

"പ്രോമിസ്...?'

"പ്രോമിസ്. അച്ഛ വന്ന് നിങ്ങളെ രണ്ടാളെയും മുംബേലേക്ക് കൊണ്ടുപോരാട്ടാ..."

"അച്ഛ വര്ണത് ഏത് ഡേയാണ് പറ, മൺഡേയാ... ട്യൂസ് ഡേയാ?"

ഒരു സമാഗമത്തിന്റെ പ്രതീക്ഷയ്ക്ക് നങ്കൂരമിടാൻ അവൾക്കറിയാവുന്ന ആഴ്ച്ചകളൊന്നിന്റെ പേര് വേണം. വാക്കുകളുടെ പരിമിതിക്കപ്പുറം ഒരു കുരുന്നു മനസ്സിലെ നൊമ്പരം അതിന്റെ പൂർണ്ണമായ തീക്ഷ്ണതയോടെ ഉൾക്കൊള്ളാൻ കഴിഞ്ഞത് മനസ്സുകളുടെ അടുപ്പമാണെന്ന് തോന്നി. പോൾ കലാനിധി തന്റെ പുസ്തകത്തിൽ[1] ഒരിടത്ത് പറഞ്ഞത് ഓർമ്മവന്നു. 'ഒരു വാക്കിന് അർത്ഥമുണ്ടാകുന്നത് രണ്ട് വ്യക്തികൾക്കിടയിലാണ്, ജീവിതത്തിന്റെ അർത്ഥവും മൂല്യവും എല്ലാം തന്നെ നമ്മുടെ ബന്ധങ്ങളുടെ തീവ്രതയിൽ ബന്ധിതമാണ്.'

അല്ലെങ്കിൽ മനസ്സുകൾ തീവ്രമായി സംവദിക്കാനാഗ്രഹിക്കുമ്പോൾ വാക്കുകൾക്കുണ്ടോ പ്രസക്തി ? അത്തരം സന്ദർഭങ്ങളിൽ ഒരുപക്ഷെ വാക്കുകൾ ആശയങ്ങളെ പൂർണ്ണമായി പ്രകടിപ്പിക്കാൻ അപര്യാപ്തമാകാനും മതി. തീവ്രഭാവനകളുടെ, വികാരങ്ങളുടെ നിറക്കൂട്ടുകൾ അതുപോലെ പ്രതിഫലിപ്പിക്കാനുതകുന്ന വാക്കുകൾ ഒരു ഭാഷയിലും ഉണ്ടാകാനിടയില്ല.

ഹിന്ദിയിലും തെലുഗിലും തമിഴിലുമൊക്കെ തീരദേശത്തെ ഗ്രാമീണജനങ്ങളുമായി സംവദിക്കുമ്പോൾ ഇതുവരെ ഒരുവിധ ബുദ്ധിമുട്ടും അനുഭവപ്പെടാത്തതിൽ നിന്നും ഒരു കാര്യം അയാൾക്ക് വ്യക്തമായി. ഭാഷയിലുള്ള പ്രാവീണ്യമല്ല, മറിച്ച് അതുപയോഗിക്കുന്ന വ്യക്തിയുടെ ആത്മാർത്ഥതയും, വാക്കുകൾക്കിരുപുറവുമുള്ള മനസ്സുകളുടെ താദാത്മ്യവുമാണ് ആശയവിനിമയത്തിന്റെ കാതൽ. മാളുവുമായുള്ള സംഭാഷണത്തിൽ നിന്നും വെളിവായ സത്യവും അതുതന്നെയല്ലേ ?

***കുറിപ്പ് :***

1. Paul Kalanidhi, 2016. When Breath Becomes Air, The Bodley Head, London.

■ കഥ

# അകർമ്മകൃത്ത്



**തുളസി കേരളശ്ശേരി**
**9526144499**


**വെ**ട്ടെന്ന് വൈകാരിക വിക്ഷോഭത്തിനടിമപ്പെടുന്നവരെക്കുറിച്ചായിരുന്നു അന്ന് സ്വാമി സംസാരിച്ചത്. ക്ഷിപ്രകോപം ഒരു മനുഷ്യനെ ഏറ്റവും ദയനീയമായ അവസ്ഥയിൽ കൊണ്ടെത്തിക്കുമെന്ന് ഉദാഹരണസഹിതം അദ്ദേഹം വിശദീകരിച്ചു.

സ്വാമിയുടെ ക്ളാസ്സ് സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്ന അമ്മയ്ക്കരുകിൽ അക്ഷമയോടെ ഇരുന്നിരുന്ന ഒരു ബാലൻ പെട്ടെന്ന് എണീറ്റ് ഉറക്കെ പറഞ്ഞു...

"സ്വാമിക്കിന്ന് ഭക്ഷണമില്ലത്രേ... ഇനി ആ ശാപ്പാട്ടുരാമൻ സാമിക്ക് എന്താ കൊടുക്കാ ദേവീ എന്ന് അപ്പുറത്തൊരു മാമൻ പറയണ കേട്ടു."

സ്വാമി ഉടനെ വാച്ചുനോക്കി. എരിയുന്ന വയർ തടവി പിന്നെ കുഞ്ഞിൻെറ അമ്മയോടായി ഇത്രയും പറഞ്ഞുകൊണ്ട് ക്രുദ്ധനായി എഴുന്നേറ്റു.

"മക്കളെ വെറുതെ വളർത്തിയാ പോരാ. മുതിർന്നവരോട് പെരുമാറേണ്ടത് എങ്ങനെ എന്നുകൂടെ പഠിപ്പിക്കണം"





## എന്റെ അഭിനയ സ്മരണകൾ

ഭാഗം 25

മുക്കം ഭാസി
9846138693

# സലാം കാരശ്ശേരിയുടെ കൂട്ടായ്മ സിനിമ

**സ**ലാം കാരശ്ശേരിയുടെ 'പതിന്നാലാം രാവ്' കഴിഞ്ഞപ്പോൾ ഞങ്ങൾ തമ്മിൽ വലിയ അടുപ്പവും സ്നേഹവുമായി. പിന്നെ എന്നെ കാണുമ്പോഴൊക്കെ സംബോധന ചെയ്തിരുന്നത് 'എന്റെ ഭാസി' എന്നായിരുന്നു. മാത്രവുമല്ല അദ്ദേഹം എഴുതിയ ഏതാനും പുസ്തകങ്ങൾ 'എന്റെ ഭാസിയ്ക്ക്' എന്നെഴുതി ഒപ്പിട്ടു തന്നത് ഇപ്പൊഴും എന്റെ ഗ്രന്ഥശേഖരത്തിലുണ്ട്.

ശബരിമലയ്ക്ക് പോയി ശീലമുള്ളവർക്ക് ആ സീസൺ വരുമ്പോൾ കറുപ്പുടുത്ത് മാല ചാർത്തി വ്രതമനുഷ്ഠിയ്ക്കാൻ ഒരു അന്തഃപ്രേരണ സ്വാഭാവികമാണ്. അതുപോലെയാണ് സലാംക്കയും. സലാം കാരശ്ശേരിയെ 'പതിന്നാലാം രാവി'ന്നുശേഷം സലാംക്ക എന്നായിരുന്നു ഞാൻ വിളിച്ചുവന്നിരുന്നത്. ഇതിനിടെ അഞ്ചാറുപടങ്ങൾ നിർമ്മിയ്ക്കയും അഭിനയിക്കയും ചെയ്തിട്ടും സലാംക്കയുടെ കൊതിതീർന്നിട്ടില്ല. ഈ സിനിമകളിലൊന്നിലും കാര്യമായ സാമ്പത്തിക നേട്ടമൊന്നും കൈവരിച്ചിട്ടുമില്ല എന്നാണെന്റെ അറിവ്. വിലപ്പെട്ട അംഗീകാരങ്ങൾ ലഭിച്ചത് വിസ്മരിച്ചുകൊണ്ടല്ല ഇത് സൂചിപ്പിക്കുന്നത്.

കാളപൂട്ടിക്കാരുടെ ഭ്രാന്ത് പോലെ പല ഭ്രാന്തുമുണ്ടല്ലോ. നാടക ഭ്രാന്ത്, സിനിമാ ഭ്രാന്ത്, രാഷ്ട്രീയ ഭ്രാന്ത് തുടങ്ങിയവ. സിനിമാ ഭ്രാന്തിൽ ഒട്ടും പിന്നിലായിരുന്നില്ല സലാംക്കയും. അദ്ദേഹം മനസ്സിൽ അടുത്ത പടത്തിന്റെ വലനെയ്യുകയായിരുന്നു. പ്രശസ്ത സംവിധായകൻ ടി. വി. ചന്ദ്രനെ ബന്ധപ്പെട്ട് ഒരു പുതിയ പടത്തിന് രൂപകൽപ്പന ചെയ്തു. മമ്മൂട്ടി നായകനും ബംഗാളി നടി നായികയും. ശ്രീരാമൻ, നെടുമുടി വേണു, സോമൻ, ശ്രീനിവാസൻ, മാമുക്കോയ, കുക്കു പരമേശ്വരൻ, ബിന്ദു പണിക്കർ സലാംക്കയുടെ മകൻ ഹാഷിർ, അബു സർക്കാർ ഹമീദ് കാക്കശ്ശേരി പിന്നെ ഞാനും അശോകൻ മാസ്റ്ററും മറ്റു പലരും.

ഞങ്ങളുടെ സുഹൃത്തായ മുക്കത്തെ സിയാലിയായിരുന്നു പ്രൊഡക്ഷൻ മാനേജർ. അതുകൊണ്ട് സംവിധായകനുമായി ബന്ധപ്പെടാൻ എളുപ്പം കഴിഞ്ഞു. സിയാലിയാണ് എന്നെ ടി. വി. ചന്ദ്രന് പരിചയപ്പെടുത്തിയത്. പിന്നീട് ലൊക്കേഷൻ തിരഞ്ഞ് ഞങ്ങൾ സംവിധായകനൊപ്പം പല സ്ഥലത്തും ചുറ്റിനടന്നു. അദ്ദേഹത്തിന് വലിയ സ്നേഹമായിരുന്നു. എവിടെ പോകുമ്പോഴും എന്നെ കൂട്ടും. കഥാപാത്രങ്ങൾ ഒക്കെ റെഡിയായപ്പോൾ എന്നെ വിളിച്ചു. മുടി പ്രത്യേക തരത്തിൽ ക്രോപ്പ് ചെയ്യണം. ഡ്രസ്സ് ആ കാലഘട്ടത്തിലേതാവണം. അതിന് അളവെടുക്കണം. അതിനൊക്കെയുള്ള സംവിധാനങ്ങൾ പ്രൊഡക്ഷൻ മാനേജർ ഒരുക്കിയിരുന്നു.

1957ലെ വിമോചനസമരമാണ് പ്രമേയം. സംവിധായകന്റെ അനുഭവകഥയായിരുന്നു ഇത്. സഖാവ് ഭാസി എന്ന ടൈലറുടെ വേഷമായിരുന്നു മമ്മൂട്ടിയ്ക്ക്. ശ്രീനിവാസൻ ബാർബറും, മാമുക്കോയ പോലീസും. നെടുമുടി എസ്റ്റേറ്റ് മാനേജരും ശ്രീരാമൻ ബേക്കറി മാമയും. ഞാനൊരു ചോട്ടാ എൻ. എസ്. എസ്. നേതാവും. പക്ഷെ സഖാവ് ഭാസിയെ കണ്ടാൽ എന്റെ മുട്ടുവിറയ്ക്കും.

ഈ കഥയിലെ കേന്ദ്രബിന്ദുവായ ഒരു പയ്യനുണ്ടായിരുന്നു. മാസ്റ്റർ നിതിൻ. അവനിൽ കൂടിയാണ് ഈ സിനിമയുടെ വികാസം. 1957 കാലത്തെ ക്രോപ്പ് സ്റ്റൈലും വസ്ത്രധാരണവുമൊക്കെയായിരുന്നു എല്ലാവർക്കും. കോ. ലി. പി. യുടെ (കോൺഗ്രസ്സ്, ലീഗ്, പി. എസ്. പി.) പിക്കറ്റിങ്ങും ജാഥയും സമരവുമൊക്കെ വളരെ ശക്തമായി ചിത്രീകരിച്ചിരുന്നു ഈ പടത്തിൽ. മാത്രമല്ല എൻ. എസ്. എസ്., പള്ളി വികാരികൾ എന്നിവരുടെ സമരമുറകളും വിശ്വാസികളെ അണി നിരത്തലും തീവെപ്പും മറ്റും മറ്റും വളരെ ഭംഗിയായി ഈ പടത്തിൽ പകർത്തിയിരുന്നു.

ഇപ്പോൾ സംവിധാനരംഗത്ത് ശ്രീ. വേണുവായിരുന്നു ക്യാമറ കൈകാര്യം ചെയ്തിരുന്നത്. പ്രസിദ്ധ കഥാകൃത്ത് കാരൂരിന്റെ പൗത്രൻ സുമുഖൻ. ഈ പടത്തിൽ ഒരു നാടകത്തിന്റെ സീനുണ്ട്. സ്റ്റേജും മറ്റു കാര്യങ്ങളും കുറഞ്ഞ ചിലവിൽ ഒരുക്കിയത് ഞാനും അശോകൻ മാഷുമായിരുന്നു. മമ്മൂട്ടിയും ശ്രീനിവാസനും മാമുക്കയുമായിരുന്നു രംഗത്ത്.

ആരെയും അറിയിയ്ക്കാതെയാണ് ഞങ്ങൾ ഇതൊക്കെ അറേയ്ഞ്ച് ചെയ്തത്. പക്ഷെ, എങ്ങ

നെയോ വാർത്ത ചോർന്നു. മമ്മൂട്ടിയുണ്ടെന്നറിഞ്ഞപ്പോൾ ജനം ഇരച്ചു കയറി. ശർക്കര ആണിയിൽ ചോണൻ പൊതിയുന്നതുപോലെ ആരാധകർ മമ്മൂട്ടിയെ പൊതിഞ്ഞു. അദ്ദേഹത്തെ സുരക്ഷിതമായി ഒരു മുറിയിലാക്കാൻ പെട്ട പാട് എനിയ്ക്കും അശോകൻ മാഷ്ക്കും മാത്രമേ അറിയൂ... പിന്നെ പോലീസും മറ്റും വന്ന് ക്രമസമാധാന നില പുനഃസ്ഥാപിച്ചു.

'ഇരുളണയും മുമ്പേ' എന്നായിരുന്നു ആദ്യം കണ്ട പേര്. പക്ഷെ മമ്മൂക്ക അത് ഓർമ്മകൾ ഉണ്ടായിരിയ്ക്കണം എന്നാക്കി മാറ്റി. ദേശീയ അവാർഡ് ലഭിച്ച ഈ പടം ഒരു ക്ലാസ്സ് പടമാണെന്നു വേണമെങ്കിൽ പറയാം. നിർമ്മാതാവിനും സംവിധായകനുമൊക്കെ ഡൽഹിയിൽ നിന്ന് അവാർഡ് വാങ്ങാനുള്ള അവസരം കൈവന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ അപ്പോഴേയ്ക്കും സലാംക്ക ഏതാനും എസ്റ്റേറ്റുകൾ വിറ്റിരുന്നത്രെ !

മുക്കത്തുകാരായ സഹൃദയരുടെ സഹകരണം ഈ പടത്തിനു ധാരാളമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരു കൂട്ടായ്മയുടെ സിനിമ എന്നുപറയുന്നതിൽ തെറ്റുണ്ടാവില്ല. തുടർന്ന് സുനിൽ കാരന്തൂർ നിർമ്മിച്ച വാനരസേനയിലും ഒരു റോൾ ചെയ്യാൻ അവസരം ലഭിച്ചു. 1996 ലാണ് ഈ പടം റിലീസ് ചെയ്തത്. ഫിലോമിന, ബഹദൂർ, ജഗതി, അശോകൻ, കുഞ്ഞാണ്ടിസ അഗസ്ത്യൻ, സുധീഷ്, മണാശ്ശേരി ഗോപി, ബൈജു തുടങ്ങിയവരോടൊപ്പം ഞാനും ഒരു റോൾ ചെയ്തു. മുക്കം, മണാശ്ശേരി പ്രദേശത്തെ ചിലരും ഇതിൽ മുഖം കാണിച്ചിട്ടുണ്ട്.

ഫിലോമിനയും അവരുടെ സഹോദരനും തമ്മിലുള്ള ചേരി തിരിവും സംഘട്ടനവും മഷിനോട്ടവും പ്രണയവും അന്ധവിശ്വാസങ്ങളും ഒക്കെ കലർന്ന ഒരു കൂട്ടുകറിയാണ് ഈ പടം. പൊട്ടിച്ചിരിയുടെ മാലപ്പടക്കത്തിന്ന് തിരികൊളുത്തുന്ന സന്ദർഭങ്ങൾ നിരവധിയാണ് ഈ പടത്തിൽ പ്രത്യേകിച്ചും ജഗതിയുടെ പ്രകടനം. ഫിലോമിനയ്ക്ക് ഒരു ഗ്രൂപ്പും സഹോദരന് മറ്റൊരു ഗ്രൂപ്പും. ഇവരാണ് വാനരസേന. പല സന്ദർഭങ്ങളിലും ഇവർ ഏറ്റുമുട്ടുന്നു. ഈ ഏറ്റുമുട്ടലിന്ന് കളമൊരുക്കുന്നതാവട്ടെ അഗസ്ത്യൻ എന്ന നടന്റെ ഏഷണിമൂലവും.

ഒരു രഹസ്യം കൂടി ഞാൻ പറഞ്ഞുവെക്കട്ടെ ! ഈ പടത്തിലെ എന്റെ ആദ്യ ഷോട്ടാണ് സന്ദർഭം. ലൊക്കേഷൻ ഇരുവഞ്ഞിപ്പുഴ. ഞങ്ങൾ ഏതാനും പേർ പുഴയിൽ നീന്തിക്കുളിച്ചുകൊണ്ടിരിയ്ക്കുന്നു. ഒരു കുട്ടി വസ്ത്രം അലക്കിക്കൊണ്ടിരിയ്ക്കുന്നു. അപ്പോഴാണ് ഫിലോമിനയുടേയും കൂട്ടുകാരന്റേയും വരവ്. കൂട്ടുകാരൻ എന്നുവെച്ചാൽ പാവം ഭർത്താവ്.

കൂട്ടുകാരന് കാലുറയ്ക്കുന്നില്ല. തലേന്ന് രാത്രിയും കാലത്തും വീശിയതിന്റെ ചെരുക്ക്. ഡയലോഗ് ക്ലിയറായി പറയാനൊക്കുന്നില്ല. ഡ്രൈവിങ്ങ് പഠിയ്ക്കാത്തവൻ വണ്ടി ഓടിയ്ക്കുന്നത് പോലെ ലക്കും ലഗാനുമില്ലാതെ. സംവിധായകന് ഒന്നും പറയാൻ നിവൃത്തിയില്ല. എന്തുപറഞ്ഞാലും നടൻ ഒരു ഇളിഞ്ഞ ചിരിചിരിയ്ക്കും. ഷൂട്ടിങ്ങ് നിർത്തിവെച്ച് നടനെ പിന്നെ നന്നായി മോര് കുടിപ്പിച്ചു. ലഹരി പോയതിനുശേഷം മണിക്കൂറുകൾ കഴിഞ്ഞാണ് ഷൂട്ട് ആരംഭിച്ചത് ! ആ നടൻ ഇപ്പോൾ നമ്മോടൊപ്പമില്ല. മഹാനായ ആ നടന്റെ പേര് ഞാൻ പറയുന്നത് അനൗചിത്യമായിരിയ്ക്കും.

'ആലഞ്ചേരി തമ്പ്രാക്കൾ' എന്ന പടത്തിൽ ഒരു എസ്. ഐ. യുടെ വേഷം കിട്ടിയിരുന്നെങ്കിലും എന്നെ അന്വേഷിച്ചുവന്നവർ നിരാശരായി മടങ്ങി. ഞാൻ സ്ഥലത്തില്ലാതെ പോയി.

കഴിഞ്ഞു എന്റെ സിനിമാഭിനയ ജീവിതം. എല്ലാം യാദൃശ്ചികം. ഒരു പടി വാതിലിലും ഒരിയ്ക്കലും ചാൻസിനുവേണ്ടി ഞാൻ മുട്ടിയിട്ടില്ല. അത് എന്റെ ഈഗോ ! അഥവാ പരാജയം. അതങ്ങനെയാണ്. അതാണ് ഞാൻ. ഇരുപതോളം ടെലിഫിലിമുകളിലും മൂന്നു സീരിയലുകളിലും ഞാൻ വേഷമിട്ടു. ഒന്നും അപ്രധാന വേഷങ്ങളായിരുന്നില്ല. നരേന്ദ്രപ്രസാദ്, ജഗന്നാഥവർമ്മ, കോഴിക്കോട് നാരായണൻ നായർ, ശാന്താദേവി, സീനത്ത്, കുട്ട്യേടത്തി വിലാസിനി, രാജം കെ. നായർ, സുധാകരേട്ടൻ, പൂജപ്പുര രാധാകൃഷ്ണൻ, ദേശീയ അവാർഡ് ജേതാവ് സുരഭി, ഗിരിജാ രവീന്ദ്രൻ (KPAC), മുണ്ടൂർ കൃഷ്ണൻകുട്ടി മാഷ്, റംങ്കൂൺ റഹ്മാൻ തുടങ്ങി പ്രശസ്തരും അപ്രശസ്തരുമായ നിരവധി പേരുടെ കൂടെ ചില വേഷങ്ങൾ ചെയ്യാൻ എനിയ്ക്കവസരം ലഭിച്ചു.

നിയോഗങ്ങൾ ആരുടേയും വരുതിയിലല്ലല്ലോ ! എല്ലാം നിയോഗങ്ങൾ ! ഞങ്ങളുടെയൊക്കെ സലാംക്ക ആകസ്മികമായി മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സ്മരണയ്ക്ക് വേണ്ടി രൂപീകരിച്ച സലാം കാരശ്ശേരി മെമ്മോറിയൽ ഫിലിം സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയാവാനുള്ള നിയോഗവും എന്നിൽ വന്നുചേർന്നു. നല്ല പടങ്ങൾ മാത്രം നിർമ്മിച്ച ശുദ്ധഹൃദയനായ സലാംക്കയുടെ സ്മരണയ്ക്ക് മുമ്പിൽ എന്റെ ആദരാഞ്ജലികൾ...

(തുടരും)

## രണ്ടു കുട്ടിക്കവിതകൾ

## ചെമ്മാണിയോട് ഹരിദാസൻ


## തത്തമ്മ

പച്ചനിറഞ്ഞൊരു തത്തമ്മ
ചുണ്ടുചുകന്നൊരു തത്തമ്മ
മിഴികൾക്കേകും പൊൻച്ചന്തം
കഴുത്തിനഴകായ് കുങ്കുമവരയും
മഞ്ഞ ചാരുത പാദങ്ങൾക്കും
എന്നുമെന്നും സുന്ദരിയായി
പക്ഷികൾക്കിടയിൽ തത്തമ്മ .

## പക്ഷിക്കൂട്ടം

കാ കാ കാക്കക്കൂട്ടം
കൂ കൂ കുയിലിൻകൂട്ടം
മൈ മൈ മൈനക്കൂട്ടം
പ്രാ പ്രാ പ്രാവിൻകൂട്ടം
വാകമരത്തിൻചില്ലയിൽമുഴുവൻ
പക്ഷികൾപലരും കൂട്ടംകൂടി
പറന്നു നടന്നു രസിച്ചവർ പിന്നെ
ചില്ലയിലിരുന്നു കലപിലയായി.

# അന്നും ഇന്നും



ടി. വി. നാരായണൻ കുട്ടി
9446030344

**വ**ണ്ടുകാലങ്ങളിൽ നമ്പൂതിരി ഇല്ലങ്ങളിൽ നടന്നിരുന്ന വേളികളിൽ പങ്കെടുക്കാൻ പോയപ്പോൾ, അവിടെയെനിക്കുണ്ടായ അനുഭവങ്ങളും, ഇക്കാലത്തെ നമ്പൂതിരിമാരുടെ വേളികളിൽ പങ്കെടുക്കുമ്പോൾ നമുക്കുണ്ടാവുന്ന അനുഭവങ്ങളും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുമ്പോൾ, ഇവ രണ്ടും ഒന്ന് താരതമ്യം ചെയ്യുന്നത് എന്തുകൊണ്ടും നന്നായിരിക്കുമെന്നൊരു തോന്നൽ മനസ്സിലുടലെടുത്തതിന്റെ പരിണാമമാണീ രചനയ്ക്കാധാരം.

കാലത്തിനൊത്ത് ഓരോ കുടുംബങ്ങളിലും, സമൂഹത്തിലുമൊക്കെ ഈ മാറ്റം പ്രകടമാണ്. നമ്പൂതിരി വേളികളിൽ സംബന്ധിക്കുന്നവരിലെ മാറ്റം, മറ്റുള്ളവരിലേതിനെ അപേക്ഷിച്ച് കൂടുതൽ ശ്രദ്ധിക്കപ്പെട്ടപ്പോഴാണ് ഇതിവിടെ കുറിക്കണമെന്ന് തോന്നിയത്. പണ്ടൊക്കെ വേളികളിൽ സംബന്ധിക്കാൻ പോയാൽ, സദസ്സിൽ അന്തർജനങ്ങളുടെ സാന്നിദ്ധ്യം പൊതുവെ കുറവാണെന്ന് കാണാം. മാത്രമല്ല പുരുഷന്മാരാവട്ടെ ഭൂരിപക്ഷം പേർക്കും ഒരൊറ്റ മുണ്ടും, ചുമലിലൊരു തോർത്തും മാത്രമാണ് വേഷം. മിക്കവരുടെ വായിലും മുറുക്കാനുണ്ടാകും. പുകയില പലർക്കും നിർബന്ധം. ചെല്ലപ്പെട്ടികൾ അങ്ങിങ്ങായി കാണാം. അടയ്ക്ക വെട്ടാനുള്ള പാക്ക് വെട്ടിയോ, ചെറിയൊരു പേനക്കത്തിയോ, ഓരോ ചെല്ലത്തിലുമുണ്ടാകും. ചിലതിൽ ഇരട്ടിമധുരക്കഷ്ണങ്ങളും കാണും. പല്ലില്ലാത്തവർക്ക് ഇടിച്ച് മുറുക്കാൻ ഒരുക്കണമെങ്കിൽ അതിനുള്ള സംവിധാനവും റെഡി. ഇക്കാലത്ത് ആവശ്യം കഴിഞ്ഞ സാധനങ്ങൾ നിക്ഷേപിക്കാൻ അങ്ങിങ്ങായി സ്ഥാപിക്കാറുള്ള കൂടകൾ പോലെ മുറുക്കി ത്തുപ്പാനുള്ള കോളാമ്പികൾ പല സ്ഥലത്തും കാണും. കിണ്ടിയിൽ വെള്ളവും ചില സ്ഥലങ്ങളിൽ വെച്ചിട്ടുണ്ടാകും. പുകവലി നന്നേ കുറവായിരുന്നു. അതുപയോഗിക്കുന്നവർ തന്നെ, പലരും അല്പം മാറി നിന്ന് ആരുടേയും ശ്രദ്ധയിൽ പെടാതെ കാര്യം സാധിക്കാറാണ് പതിവ്. കാരണം മുതിർന്നവരോടുള്ള ബഹുമാനം തന്നെ.

വേളി ചടങ്ങുകൾ ഇന്നത്തേതിനെ അപേക്ഷിച്ച് ദൈർഘ്യമേറിയത് തന്നെ. വിവാഹമണ്ഡപം മുഴുവൻ പുക നിറഞ്ഞിരിക്കും. കൂട്ടത്തോടെയുള്ള മന്ത്രോച്ചാരണങ്ങൾ ഉച്ചത്തിൽ കേൾക്കാം. വധുവിനെ ആകെ തുണി കൊണ്ട് പൊതിഞ്ഞു കൊണ്ടുവന്നത് ഓർമ്മയുണ്ട്. പിന്നീട് മുഖത്തിന് മുൻപിലെ തുണി മാത്രം മാറ്റി നോക്കുന്നതൊക്കെ കണ്ടതും ഓർക്കുന്നു. ഭക്ഷണം കഴിക്കാൻ ആദ്യം കുട്ടികളും സ്ത്രീകളുമാണ് പോവുക. ഒടുവിലാണ് പുരുഷന്മാർക്കുള്ള ഊഴം. വേളിചടങ്ങുകൾക്കിടയിൽ കുട്ടികൾ ഹോമകുണ്ഡത്തിന്ന് മുൻപിൽ കൂട്ടം ചേർന്നിരിക്കും. ചടങ്ങുകളുടെ ഒരു ഘട്ടം കഴിയുമ്പോൾ മുൻപിൽ വെച്ചിരിക്കുന്ന ഉരുളിയിലെ നെയ്യപ്പത്തിനായി ഇവർ പിടിയും വലിയും നടത്തുന്നതും ഓർമ്മയിൽ വരുന്നു. ഇന്നിതൊക്കെ ചടങ്ങായി ഉണ്ടെങ്കിലും, കുട്ടികളിൽ പണ്ടത്തെ ആവേശമൊന്നും കാണാറില്ല.

വേളിസ്ഥലത്ത് എനിക്കേറെ രസകരമായി തോന്നിയത് സുഹൃത്തുക്കളും ബന്ധുക്കളും അന്യോന്യം കണ്ടുമുട്ടുമ്പോഴുള്ള വെടി പറച്ചിലാണ്. അങ്ങിനെയുള്ള ചിലതിവിടെ കുറിക്കാം.

"അതേയ്, ആ മൂസ്സാമ്പൂരീടെ കാര്യം മഹാ കഷ്ടാ ട്ട്വോ."

"ഉം, അയാക്കെന്തേ പറ്റ്യേ ?"

"അപ്പോ, താനിതൊന്നും അറിഞ്ഞില്യാന്നുണ്ടോ ? ശിവ, ശിവ!"

"താൻ കാര്യങ്ങട് പറയ്വാ"

"ഹായ്, ഹായ്, അങ്ങോർക്ക് രണ്ടാമതൊരു സമ്മന്തണ്ടാർന്നീല്യേ ? എന്താ അതിന്റെ പേര് ? നാവിലിങ്ങനെ വന്ന് കളിക്ക്യാ... തനിക്ക് നിശ്ശണ്ടോ ?"

"ഇല്ല്യല്ലോ."

"ആ... അതെന്തോ ആവട്ടെ. അതിൽത്തെ രണ്ടാമത്തെ കുട്ടീണ്ടല്ലോ, ആ ടൈപ്പൊക്കെ പഠിച്ചീർന്ന കുട്ടി; അത് ആ തെക്കേലെ വാസൂട്ടന്റെ കൂടെ എങ്ങോട്ടോ പോയത്രെ.!"

"താൻ വേണ്ടാതീനൊന്നും പറയാണ്ടിരിക്ക്യാ, എനിക്കങ്ങട്ട് വിശ്വാസം വരണില്ല്യ."

"ഇപ്പം തെളിയിച്ച് തരാന്നേ." ഇതും പറഞ്ഞയാൾ കൈതട്ടി ഒരാളെ വിളിക്കുന്നു. അയാൾ അടുത്ത് വന്നപ്പോൾ

"എടോ, നമ്മുടെ മൂസ്സാമ്പൂരീടെ മകളേ..." ഇത് പറയുമ്പോഴേക്കും വന്നയാൾ ചിരിച്ച് തലയാട്ടി. കൈകൊണ്ട് 'ഭലേ ഭേഷ്' എന്ന മട്ടിൽ ആംഗ്യം കാണിച്ച് (മുറുക്കാൻ വായിലുള്ള കാരണം സംസാരിക്കാൻ വയ്യ) നടന്നുപോയി. ഇതുകണ്ട് സംശയമുന്നയിച്ചയാളുടെ സംശയം മാറുകയും ചെയ്തു.

"അങ്ങന്യെങ്കിൽ കഷ്ടം തന്ന്യാട്ടോ, എന്താ ചെയ്യ, എല്ലാം ദൈവനിശ്ചയം, അല്ലാണ്ടെന്താ പറയ്വാ."

*മറ്റൊരു രംഗം*

ഏതോ ഒരുത്സവത്തിന്റെ കാര്യം ചർച്ച ചെയ്യുന്നു ചിലർ.

ഒന്നാമൻ : ഇത്തവണത്തെ പെരുമന

ത്ത് പൂരം കേമായീട്ടോ, താൻ കാണ്വ ണ്ടായോ ?

രണ്ടാമൻ : പൂരൊക്യങ്ങട് ഒഴിവാക്കാൻ പറ്റ്വോ ?

ഒന്നാമൻ : ആലിപ്പറമ്പ് ശിവരാമ പൊതുവാളും, തൃത്താല കുഞ്ഞീഷ്ണനും കൂടിയൊരു കൊട്ടിക്കലാശം. ഹായ്, ഹായ്, ബഹുകേമം.

രണ്ടാമൻ : കേശവനും കൂട്യങ്ങട് കൂട്യപ്പം ട്രിബിളായില്യേ ?

മൂന്നാമൻ : ഇന്യടുത്തൊന്നും ഇങ്ങിന്യൊന്നങ്ങടുണ്ടാവൂന്ന് തോന്നണില്യ. ചീറ്റൂരമ്പൂരി മൂന്നാൾക്കും പൊന്നാട കൊടുത്തൂത്രെ !

ഒന്നാമൻ : എങ്ങന്യാ കൊടുക്കാണ്ടിരിക്ക്യാ, ജനങ്ങട് എളകീല്യേ !

മൂന്നാമൻ : കലാമണ്ഡലം കേശവൻ പണ്ടേ കേമനാണട്ടോ.

ഒന്നാമൻ : എടോ, കലാമണ്ഡലം കേശവനല്ല, തൃത്താല കേശവനാ.

മൂന്നാമൻ : അപ്പോ, കലാമണ്ഡലം കേശവനെന്താ പറ്റ്യേ ?

ഒന്നാമൻ : അയാൾക്കൊന്നും പറ്റീതല്ലന്നേ, ഇപ്പം കഥകളിക്കൊക്കെ ശ്ശി അരങ്ങൊക്കെ കിട്ടണ കാലല്ലേ ? അപ്പപ്പിന്നെ അതങ്ങട് ഒഴിവാക്കാൻ പറ്റ്വോ ?

മൂന്നാമൻ : എന്തൊക്ക്യായാലും രണ്ട് കേശവന്മാരും കേമമ്മാരെന്ന്യാണേ... സംശല്യ !

ഒന്നാമൻ : പിന്നെ മൂന്നാമതൊരു കേശവനും കൂടി ഉണ്ടാർന്നൂ ട്ടോ.

രണ്ടാമൻ : അതാരാ ?

ഒന്നാമൻ : ആളൊന്ന്വല്ല, നമ്മുടെ ഗുരുവായൂർ കേശവൻ. ഇപ്പം പിടികിട്ടിയോ ? തെടമ്പും വെച്ച് തലയും പൊക്കീള്ളൊരു നിൽപ്പില്ലേ... ഹായ്, ഹായ്.

രണ്ടാമൻ : കേശവനുള്ളപ്പം, പത്മനാഭനൊക്കെ രണ്ടാം സ്ഥാനാ, ഉയരൊക്കെ കണ്ടാലേകദേശം ഒപ്പാണെങ്കിലും തെടമ്പങ്ങട് വെച്ചാപ്പിന്നെ കേശവന്റെ തലയേതാണ്ട് രണ്ടട്യങ്ങട് പൊങ്ങുന്നത് കാണാം. അതൊരു നില്പെന്ന്യാണേ !

ഇത്തരത്തിൽ വെടി പറച്ചിലിന്നിടയിൽ മുറുക്കാൻ വായുടെ അറ്റത്തേക്ക് വരും. അത് അകത്താക്കാൻ മുഖമല്പം മുകളിലേക്ക് പൊക്കി 'ഗ്റ്' എന്ന ശബ്ദത്തോടെ മുറുക്കാൻ ഉള്ളിലേക്ക് വലിച്ച് വീണ്ടും സംസാരം തുടരും. തുപ്പുമ്പോൾ ചുണ്ടിൽ രണ്ട് വിരലുകൾ വെച്ച് അവയ്ക്കിടയിൽ കൂടി പുറത്തേക്ക് നീട്ടിതുപ്പുന്നവരുമുണ്ട്. ചിലർ രണ്ട് കൈകളും കൊണ്ട് കഴുത്തിൽ കിടക്കുന്ന പൂണൂലിൽ പിടിച്ച്, പൂണൂൽ ചുറ്റും കറക്കുന്നത് കാണാം. മറ്റുചിലർ ഉഷ്ണം സഹിക്കാതെ ഓല വിശറിയെടുത്ത് വീശുന്നുണ്ടാകും. (ഫാനുകൾ അപൂർവ്വമായേ കാണാറുള്ളു) കുടിക്കാനും വാൽകിണ്ടിയിൽ വെള്ളം അങ്ങിങ്ങായി വെച്ചിട്ടുണ്ടാകും. അന്നൊക്കെ അകത്തേക്കധികം പ്രവേശനമില്ലാത്തതിനാൽ അവിടത്തെ കാര്യങ്ങളൊന്നും അത്ര അറിയാറില്ല.

സ്ത്രീകൾ മിക്കപേരുടേയും വേഷം മുണ്ടും വേഷ്ടിയും തന്നെ. അപൂർവ്വം ചിലർ കസവ് കരയുള്ള പുടവ ധരിക്കും. അധികം പ്രായമായവർ ഒരു മുണ്ടുകൊണ്ട് ദേഹം മുഴുവൻ പുതയ്ക്കും. മറക്കുട ചൂടിയവരേയും ചിലപ്പോൾ കാണുമായിരുന്നു. നമ്പൂതിരിമാരിൽ ഷർട്ടിട്ടവർ വിരലിലെണ്ണാവുന്നവർ മാത്രം. വരുന്നവർക്ക് ദേഹത്തിടാനുള്ള തോർത്ത് വിവാഹം നടത്തുന്ന ഇല്ലത്തുനിന്ന് കൊടുക്കുന്നതും കണ്ടിട്ടുണ്ട്. മിക്ക ഇല്ലങ്ങളിലും കുളങ്ങളുള്ളതിനാൽ കുളിയും തേവാരവും അവിടെത്തന്നെ. പുറമേനിന്ന് വേളിക്ക് വരുന്നവരുടെ കൈയിൽ തുണിസഞ്ചിയോ, ചെറിയൊരു തുകൽ ബാഗോ ആണുണ്ടാവുക.

സദ്യക്ക് ഇന്നത്തെപ്പോലെ ഡൈനിങ്ങ് ടേബിൾ പതിവില്ല. നിലത്ത് പുൽപ്പായ വിരിച്ച്, അതിൽ ചമ്രം പടിഞ്ഞിരുന്നാണ് ഊണ്. വെള്ളം കുടിക്കാൻ മാത്രം പിച്ചളഗ്ലാസ്സുകൾ. തുടർന്ന് സ്റ്റീൽ ഗ്ലാസ്സുകളായി. ഇവ പിന്നീട് പേപ്പർ ഗ്ലാസ്സും പ്ലാസ്റ്റിക് ഗ്ലാസ്സുകളുമായി. ഇപ്പോൾ വീണ്ടും സ്റ്റീൽ ഗ്ലാസ്സിലേക്ക് മാറുന്നു. പായസം ഇലയിൽ തന്നെ കഴിക്കണം. സദ്യ വിളമ്പുന്നതിന്നും പ്രത്യേക രീതിയുണ്ട്. അത് അന്നൊക്കെ ഉണ്ണുന്നവർക്കറിയാവുന്നതുകൊണ്ട് എളുപ്പമാണ്. ഇന്നതൊക്കെ മാറി. ഇന്ന് ഏകദേശം പത്ത് മിനിട്ടുകൊണ്ട് ഒരുപന്തി കഴിഞ്ഞ് ആളുകൾ എഴുന്നേറ്റ് പോകുന്നത് കാണാം. അന്നൊക്കെ ഊണൊക്കെ വിസ്തരിച്ചാണ്. പരമാവധി അരമണിക്കൂറ് വരെ ഒരു പന്തി കഴിയാൻ വേണ്ടിവരും.

ഇന്നത്തെ മാറ്റങ്ങളിൽ പെട്ടെന്നറിയാവുന്നത് വസ്ത്രധാരണത്തിലും ചടങ്ങുകളിലും സദ്യവട്ടങ്ങളിലുമുള്ള മാറ്റങ്ങൾ തന്നെയാണ്. സ്ത്രീകളിൽ മുണ്ടും വേഷ്ടിയും ധരിക്കുന്നവർ കുറഞ്ഞു. അതേപോലെ കുട്ടികളിലും വസ്ത്ര ധാരണത്തിൽ ഏറെ മാറ്റങ്ങളുണ്ടായി. സ്ത്രീകൾ സാരി, ചുരിദാർ എന്നിവയിലേക്കും പുരുഷന്മാർ ഭൂരിഭാഗവും പാന്റ്, ഷർട്ട് എന്നിവ ധരിക്കുന്നവരായി. ചടങ്ങുകളുടെ ദൈർഘ്യം ഏറെ കുറഞ്ഞു. മന്ത്രോച്ചാരണങ്ങളുടെ ശബ്ദം കുറഞ്ഞു. പുക കുറഞ്ഞു. മുറുക്കാൻ ചെല്ലമോ, കോളാമ്പിയോ, വാൽകിണ്ടിയോ ഏഴയലത്തുപോലുമില്ല. എന്തിന് മുറുക്കൽ തന്നെ ഇല്ലാത്ത സ്ഥിതിയായി. വിശറിയില്ല, തോർത്തുമുണ്ടില്ല, സൊറ പറച്ചില് വല്ലപ്പോഴും. ഫെയ്സ് ബുക്കും വാട്സ് ആപ്പും നോക്കിയിരിക്കുന്നവരെ അങ്ങിങ്ങായി കാണാം. അതുതന്നെ വിഷയങ്ങളിലൊക്കെ ഏറെ മാറ്റം. സംസാരരീതിയിലും അഭിസംബോധനയിലും ഒക്കെ ഈ മാറ്റങ്ങൾ ഏറെ പ്രകടമാണ്. അന്ന് ഫോട്ടോയെടുക്കൽ തന്നെ അപൂർവ്വം. ഇന്ന് ഫോട്ടോയോടൊപ്പം വീഡിയോ കൂടി ഉണ്ടാകും. എല്ലാത്തിലും കാതലായ മാറ്റങ്ങൾ വന്നു.

പക്ഷെ വധുവരന്മാരുടെ വസ്ത്രധാരണത്തിൽ മാറ്റങ്ങളുണ്ടെങ്കിലും മറ്റുവിവാഹങ്ങളെ അപേക്ഷിച്ച് വേളിസമയത്ത്, ലളിതമായ വസ്ത്രധാരണരീതി ഇന്നും ഇവർ തുടരുന്നത് ശ്രദ്ധേയമാണ്. സ്റ്റേജ് ഡക്കറേഷൻ തുടങ്ങിയ ആർഭാടങ്ങളും പലരും ഒരു പരിധിവരെ ഒഴിവാക്കുന്നുണ്ട്. ഇത് നല്ലൊരു കാര്യമായിട്ട് തോന്നുന്നു. അയിനി ഊണ്, കുടിവെപ്പ് എന്നിവയെല്ലാം ഇവർ ഇന്നും ചടങ്ങായി തന്നെ നടത്തുന്നുണ്ട്. മാറ്റങ്ങൾ അനിവാര്യമാണെങ്കിലും അവയെല്ലാം നല്ലതിനായിരിക്കട്ടെ.

●



# ദേവഭൂമിയിലെ ദേവദാരുക്കൾ

## യാത്രാവിവരണം (ഭാഗം 9 )

# സ്വച്ഛസാനുക്കളിലൂടെ




ഈശ്വർകുമാർ തരവത്ത്
9946655277


**അ**ഴകാർന്ന അളകനന്ദയുടെ തീരത്തുകൂടിയാണ് ഇപ്പോഴത്തെ യാത്ര. ചമോലി എന്ന ചെറുപട്ടണവും രൂപ് കുണ്ഡ് എന്ന തടാകവും പിന്നിട്ട് പിപ്പൽ കോട്ടിലെത്തുമ്പോഴേക്കും ഉച്ചതിരിയുമെന്ന് ഡ്രൈവർ രാംദേവ് പറഞ്ഞുകൊണ്ടേയിരുന്നു. പതിനാലാം നൂറ്റാണ്ടിൽ ചാന്ദ് രാജാക്കൻമാർ ഭരണം പിടിക്കുന്നതുവരെ, കതൂരി വംശജരാണ്, ക്യുമയൂണിനൊപ്പം ചമോലിയും ഭരിച്ചിരുന്നത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം ആയിരത്തോളം മീറ്റർ ഉയരത്തിലുള്ള ഈ ചെറിയ പട്ടണം, കേദാർ - ബദരിയാത്രയിലെ പ്രധാനപ്പെട്ട ഒരിടത്താവളമാണിന്ന്. ക്ഷയിച്ചുതുടങ്ങിയ ചെറുതും വലുതുമായ കുറേയേറെ ക്ഷേത്രങ്ങളിവിടെ കണ്ടു. മുമ്പ്, അളകനന്ദ കടക്കാൻ വെറുമൊരു കയറിന്റെ പാലം മാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. ഋഷീകേശിൽനിന്ന് ഇതുവരേക്കും, പിന്നീട് പിപ്പൽകോട്ടിലേക്കും ബ്രിട്ടീഷുകാർ റോഡുപണിതതോടെ, പുറമേനിന്ന് ജനങ്ങൾ ഇവിടേക്കുവന്നു തുടങ്ങി. തീർത്ഥാടകർക്ക് തങ്ങാനുള്ള നിരവധി ചെറിയ ചെറിയ ഛട്ടി (താവളം)കൾ ഇവിടെയുണ്ട്. വേനലുകളിൽ ഈ മനോഹര താഴ്വര പൂക്കളെക്കൊണ്ട് പൊതിഞ്ഞിരിക്കുമത്രേ !

ഇവിടെനിന്ന് കുറച്ചു തെക്കുമാറി, അഞ്ഞൂറടിയോളം വ്യാസവും രണ്ടര മീറ്ററോളം ആഴവുമുള്ള, നിഗൂഢതകൾ പേറുന്ന രൂപ്കുണ്ഡ് എന്നൊരു തടാകമുണ്ട്. മഞ്ഞുമൂടിയ ഇവിടെ, വേനലുകളിൽ മഞ്ഞുരുകുമ്പോൾ, നൂറ്റാണ്ടുകൾ പഴക്കമുള്ള മനുഷ്യരുടേയും കുതിര - ആന തുടങ്ങിയ മൃഗങ്ങളുടേയും നിരവധി അസ്ഥികൂടങ്ങൾ പുറത്തുകാണാൻ കഴിയുമത്രെ. ഇവയിൽ ചിലത് മാംസാവശിഷ്ടങ്ങളോടെ തന്നെയുള്ളവയെന്ന്, ആധികാരികതയില്ലെങ്കിലും, നാട്ടുകാർ വിവരിക്കുന്നു.

തൃശൂൽ കൊടുമുടിയുടെ അടിവാരത്തുള്ള ഹോമകുണ്ഡിലേക്ക് രാജകുടുംബാംഗങ്ങളുടെ പഴയകാല തീർത്ഥയാത്രയുമായി ബന്ധപ്പെടുത്തിയാണ് ഒരുപ്രധാനകഥ. ഇത്തരം കുറേയേറെ... എന്തായാലും ഇപ്പോഴും പന്ത്രണ്ടുവർഷത്തിലൊരിക്കൽ ഇരുനൂറ്റിനാൽപ്പതു കി. മീറ്റർ ദൂരമുള്ള നന്ദാദേവി ക്ഷേത്രത്തിലേക്ക്, പല്ലക്കിൽ സ്വർണ്ണ പ്രതിമയുമായി സാഹസിക തീർത്ഥയാത്ര പതിവുണ്ടത്രെ ! ഹിമാലയവുമായി ബന്ധപ്പെട്ട് ഇത്തരം നിരവധി വാമൊഴികൾ നിലവിലുണ്ട്. പിപ്പൽകോട്ടിലെത്തുമ്പോഴേക്കും നാലുമണി കഴിഞ്ഞിരുന്നു.

സമുദ്രനിരപ്പിൽ നിന്ന് 1260 മീറ്റർ ഉയരത്തിലുള്ള ഇവിടെ കുറേയധികം താൽക്കാലിക താമസ സ്ഥലങ്ങളും ടെന്റുകളും ഉണ്ട്. പച്ചപ്പു നിറഞ്ഞ ഈ താഴ്വാരം നെല്ല്, ഗോതമ്പ്, ബാജ്റ, പച്ചക്കറികൾ എന്നിവയുടെ കൃഷിയിടങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ചെമ്മരിയാട് വളർത്തലും ഒരു പ്രധാന ഉപജീവനമാർഗ്ഗമാണ്.

ഒരു കൊച്ചുപട്ടണം. കടയോരത്തും പാതയോരത്തും പല നിറങ്ങളിലുള്ള കമ്പിളിക്കുപ്പായങ്ങൾ ധാരാളമായി വിൽപ്പനക്ക് വെച്ചിരിക്കുന്നു. കണ്ടുമുട്ടുമ്പോഴും വിട പറയുമ്പോഴുമുള്ള അവരുടെ പരസ്പര അഭിവാദ്യങ്ങൾ രസാവഹമായി ത്തോന്നി. ഇവിടെനിന്ന് അഞ്ചുകിലോമീറ്റർ പോയാൽ 'ഗരുഡഗംഗയിലും', വീണ്ടും ആറ് കി.മീറ്റർ കൂടി പോയാൽ 'പാതാൾ ഗംഗ'യിലുമെത്താം - ഇവിടെയെല്ലാം ചെറിയ ചെറിയ ആരാധനാലയങ്ങൾ കണ്ടു. ഈ പ്രദേശങ്ങളെക്കുറിച്ചുള്ള കുറേയേറെ വിചിത്രകഥകളും ഐതിഹ്യങ്ങ

ളും വിശ്വാസങ്ങളും ഇവിടത്തുകാർ നെഞ്ചോടുചേർത്ത് സൂക്ഷിക്കുന്നു. ചരിത്രമളക്കുമ്പോൾ ആഴവും അളക്കണമെന്ന് പറയാറുണ്ട്. തണ്ടിന്റേയും തളിരിന്റേയും അളവെടുത്ത് വിധിപറയുമ്പോൾ വേരിന്റെ കൂടി ഈടും ഉറപ്പും കാണാതെ പോകരുതല്ലോ.

ചതുർധാംയാത്രയിൽ 'ഗരുഡ ഗംഗ' തീർത്ഥാടകരുടെ മറ്റൊരു ഇടത്താവളമാണ്. ബദരിയിലേക്കുള്ള യാത്രയിൽ ബദരീനാഥൻ, വാഹനമായ ഗരുഡനെ ഇവിടെ തനിച്ചാക്കി പോയെന്നും, കാട്ടിലെ പാമ്പുകളെ ഭക്ഷിച്ച് ഗരുഡൻ കാലംകഴിച്ചെന്നും, ഈ സ്ഥലത്തെക്കുറിച്ചുള്ള കഥ. ശാന്തത തളംകെട്ടിയ ഇവിടുത്തെ ഗരുഡ ക്ഷേത്രപരിസരത്തുനിന്ന് ചുറ്റുമുള്ള ഉയർന്ന കൊടുമുടികളുടെ നിറക്കാഴ്ച്ചകൾ തികച്ച നയനാഭിരാമം തന്നെ. സന്ധ്യ പടിഞ്ഞാറെ മലകളിൽ ചെഞ്ചായം പൂശിത്തുടങ്ങിയിരുന്നു. പതിനെട്ടുവർഷത്തോളം നാവിക ജീവിതം നയിച്ച എനിക്ക്, ഉദയത്തിന്റേയും അസ്തമയത്തിന്റേയും അനുപമസൗന്ദര്യം കടലിൽ ആസ്വദിക്കാൻ മതിയാവോളം കഴിഞ്ഞിട്ടുണ്ടെങ്കിലും, അവയ്ക്കൊന്നും ഹിമവൽസാനുവിലെ ഉദയാസ്തമയങ്ങളോട് കിടപിടിക്കാൻ കഴിയില്ലെന്ന് പറയാതെവയ്യ !

സർപ്പസംഹാരശക്തിയുണ്ടെന്ന വിശ്വാസത്തിൽ പലരും ഇവിടെനിന്ന് ചെറിയ കല്ലുകൾ പെറുക്കി സഞ്ചിയിലിടുന്നതുകണ്ടു. ഗരുഡ ഗംഗയിൽ നിന്ന് ആറു കി.മീറ്റർ ദൂരമുണ്ട്, 'പാതാൾ ഗംഗ'യിലേക്ക്. പുരാതനവും പഞ്ചകേദാർ ക്ഷേത്രങ്ങളിലൊന്നുമായ കൽപേശ്വർ ഇതിനടുത്താണ്. അടുത്ത ഇടത്താവളമായ 'ഹെലാങ്ങി'ൽ നിന്ന് പതിനാലു കി.മീറ്റർ കൂടിയുണ്ട് ജോഷിമഠിലേക്ക്.

കുത്തനെ കയറ്റങ്ങളും അഗാധകൊക്കകളുമുള്ള വഴികൾ പിന്നിട്ട്, ഹെലാങ് സ്ഥലത്തെത്തി. ഇവിടെനിന്ന് 13 കി.മീറ്റർ അകലെയാണ് ജോഷി മഠ്. പുറത്തെപോലെ തന്നെ ഞങ്ങളുടെ അകത്തും ഇരുട്ട് പരക്കുന്നുണ്ടായിരുന്നു. വഴികളിൽ, കന്നുകാലികൾക്കൊപ്പം കൃഷിയിടങ്ങളിൽനിന്നുമടങ്ങുന്ന ആളുകൾ - പ്രകൃതിയുടെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവർ! പേടിപ്പെടുത്തിയ നീണ്ടൊരു യാത്രയ്ക്കുശേഷം, ഏറെ വൈകി, ജോഷിമഠിലെത്തി.

ഡ്രൈവർ രാംദേവ് ശുപാർശ ചെയ്ത ഒരു കെട്ടിടത്തിലാണ് രാത്രി തങ്ങിയത്. വലിയ സൗകര്യങ്ങളൊന്നുമില്ലെങ്കിലും, കമ്പിളികളും, ചൂടുവെള്ളവും, ചൂടുകഞ്ഞിയും കിട്ടിയത് ആശ്വാസമായി. കുറച്ചുനേരം പരിസരമൊക്കെ നോക്കിക്കണ്ട്, ചൂടുള്ള ചുക്കുകാപ്പിയും കുടിച്ച് അന്നത്തെ വിശേഷങ്ങൾ പങ്കുവെച്ച് ഉറങ്ങാനൊരുങ്ങി. തണുപ്പ് അസ്ഥികളെ തുളയ്ക്കാൻ തുടങ്ങിയിരുന്നു.

* * * * *

ജോഷിമഠിലെത്തുന്നവരിൽ ബഹുഭൂരിപക്ഷവും ചെയ്യാറുള്ള പോലെ, ആദ്യം ബദരീദർശനത്തിനുതന്നെ ഞങ്ങൾ തീരുമാനിച്ചു. പതിവുപോലെ വെളുപ്പിന് മുമ്പുതന്നെ എഴുന്നേറ്റ് റെഡിയായി. ദുർഘടം നിറഞ്ഞ, ഇറക്കവും കയറ്റവുമുള്ള റോഡിലൂടെ വളരെ സൂക്ഷിച്ചുമാത്രമേ വാഹനമോടിക്കാൻ സാധിക്കുകയുള്ളു. രാംദേവ് അത് ഭംഗിയായി നിർവ്വഹിക്കുന്നുണ്ട്. ഒരുവശത്ത് ഉയർന്ന മലനിരകളും മറുവശത്ത് ചെങ്കുത്തായ താഴ്വരകളും. ഈ അഗാധതകളിലും, അവിടവിടെയായി ചെറിയ കൃഷിയിടങ്ങൾ കാണാം. റോഡിലും പരിസരങ്ങളിലും ആരേയും കാണാനുമില്ല.

ജോഷിമഠിൽ നിന്ന് ഏകദേശം 10 കി.മീറ്റർ ദൂരെയാണ് വിഷ്ണുപ്രയാഗ്. ഇവിടെവെച്ച് അളകനന്ദ, ധൗലിഗംഗയുമായി സംഗമിക്കുന്നു. ഗംഗയുടെ ഏഴ് ഉപനദികളായ സപ്തസിന്ധുക്കളിൽ ഒന്നാണത്രെ, ധൗലിഗംഗ! സമുദ്രനിരപ്പിൽനിന്ന് 1372 മീറ്റർ ഉയരത്തിലുള്ള ഈ പ്രദേശം, കാഴ്ച്ചക്ക് അതിമനോഹരമാണ്. ഇവിടെയൊരു വിഷ്ണുക്ഷേത്രം കണ്ടു. നിരവധി മലനിരകളാൽ വിഷ്ണുപ്രയാഗ് വലയപ്പെട്ടുകിടക്കുന്നതായി തോന്നും. ഇവിടെ പ്രതിമകളും കൗതുകവസ്തുക്കളും തുടങ്ങി, ലൊട്ടുലൊടുക്കുസാധനങ്ങൾവരെ കിട്ടുന്ന ചെറിയ ഒരു അങ്ങാടി കണ്ടു.

സുമാർ 25 കി.മീറ്റർ കൂടി മുന്നോട്ടുപോയി, ഗോവിന്ദ് ധാം എന്ന സ്ഥലത്തെത്തിയപ്പോൾ ഹേമ കുണ്ഡ് എന്ന തടാകതീരത്തേക്കും പ്രസിദ്ധമായ 'പൂക്കളുടെ താഴ്വര' (Valley of Flowers)യിലേക്കുമുള്ള സൂചനാ ഫലകങ്ങൾ എഴുതി വെച്ചിരിക്കുന്നത് കണ്ടു. നിർഭാഗ്യമെന്ന് പറയട്ടെ, ഞങ്ങളുടെ ഈ ദൗത്യത്തിൽ അത് കാണാനുള്ള അവസരം കിട്ടിയില്ല. അതിന്റെ അനുവദനീയമായ സീസണായിരുന്നില്ല അത് എന്നതാണ് കാരണം.

സമുദ്രനിരപ്പിൽ നിന്ന് 3900 വരെ മീറ്റർ ഉയരത്തിലുള്ള ഈ പ്രദേശത്ത് വസന്തകാലത്ത് വിവിധതരം പൂക്കളുടെ അവർണ്ണനീയ കാഴ്ച കാണാമത്രെ! ഗന്ധർവ്വ - കിന്നരരുടെ വാസസ്ഥലമെന്ന പുരാണങ്ങളിലെ പറയലുകൾ, ഇവിടത്തെ ജനങ്ങൾ ഇപ്പോഴും വിശ്വസിച്ചുവരുന്നുണ്ട്. ഇപ്പോൾ ഇത് 'നന്ദാദേവി ബയോസ്ഫിയർ റിസർവ്വി'ന്റെ കീഴിൽ, സർക്കാർ, ദേശീയോദ്യാനമായി സംരക്ഷിച്ചുവരുന്നു. ഏതാനും കി.മീറ്റർ അകലത്തിലുള്ള ഹേമകുണ്ഡ് തടാകക്കരയിൽ സിക്ക് ആചാര്യനായ ഗുരുഗോബിന്ദ് സിങ്, ദീർഘകാലം തപസ്സ് ചെയ്തതായി പറയുന്നുണ്ട്.

മുക്കാൽ മണിക്കൂർ കൂടി മുന്നോട്ടുപോയപ്പോൾ ഹനുമാൻ ഛട്ടി എന്ന സ്ഥലത്തെത്തി. ജീവിതഭാരം മുതുകിലേറ്റിയ പാവം ഗ്രാമീണർ അവരുടെ ആടുമാടുകൾക്കൊപ്പം നടന്നുനീങ്ങുന്നു. സുന്ദരിപ്പെൺകിടാങ്ങൾ തലയിലെ തുണിത്തുണ്ട് കൊണ്ട് മുഖം മറയ്ക്കാൻ ശ്രമിക്കുന്നു. പ്രകൃതിയുടെ കടുത്ത വെല്ലുവിളികളോടുനേരിട്ട് സംവദിച്ചുമുന്നേറുന്ന മനുഷ്യർ. പിടിച്ചുനിൽക്കാനുള്ള ശേഷിയാണത്രെ, ആഗ്രഹപൂർത്തീകരണത്തിലേക്കുള്ള ആദ്യപടി. വെള്ളത്തിൽ മുങ്ങിത്താഴുന്നവയും, വെള്ളത്തിൽ വളരുന്നവയും തമ്മിലുള്ള അന്തരം... പ്രതികരണത്തിന്റേയും ക്രമീകരണത്തിന്റേയും വ്യത്യാസം...

സമനിരപ്പായ ഇവിടെ ഏതാനും കുടിലുകൾ മാത്രം. ഹനുമാൻ മൃതസഞ്ജീവനിയുമായി ലങ്കയി

ലേക്ക് പറന്നത് ഇവിടെനിന്നാണെന്ന് ഐതിഹ്യം. കല്യാണ സൗഗന്ധികം തേടിപ്പോയ ഭീമന്റെ അഹങ്കാരം, വഴിയിൽ വാൽ കുറുകെയിട്ട്, ശമിപ്പിച്ചതും ഇവിടെയെന്ന് പറഞ്ഞുവരുന്നു. കുഞ്ചൻ നമ്പ്യാർ ചൊല്ലിയ കദളീവാഴത്തോട്ടം അവിടെ ഞാനൊന്നു തിരഞ്ഞെങ്കിലും കാണാൻ കഴിഞ്ഞില്ല. മഞ്ഞുമൂടിയ മലഞ്ചെരിവുകളും കൊച്ചരുവികളും വെള്ളച്ചാട്ടങ്ങളുമായി ഈ പ്രദേശം നയനമനോഹരം തന്നെ.

### *ബദരിയിലേക്ക്*

സമുദ്രനിരപ്പിൽ നിന്ന് 3100 മീറ്റർ ഉയരത്തിലുള്ള ദേവദർശിനി കൊടുമുടി പിന്നിട്ട്, ബദരിയിലെത്തിയപ്പോഴേക്കും സന്ധ്യ മയങ്ങിയിരുന്നു. ക്ഷേത്രത്തിലെ മണിനാദം ഇവിടെനിന്നുതന്നെ കേൾക്കാം. മനസ്സ് മിടിച്ചു; സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്നു. കിതപ്പിനിടയിലും ഞാൻ മുഖമുയർത്തി മുന്നോട്ടുനോക്കി. ക്ഷേത്രഗോപുരത്തിന് മുകളിലൊരു കാഷായക്കൊടി... വൈഷ്ണവഭാവത്തിന്റെ ശാശ്വതമുദ്രപോലെ അത് കാറ്റിൽ പാറിക്കളിക്കുന്നു...

പ്രത്യേകിച്ചൊരു കാലത്തിന്റെയും സാക്ഷ്യപത്രമാകാതെ, ഒരു പ്രസ്ഥാനത്തിന്റെയും കൊടിയടയാളമാകാതെ, വിശ്വസംസ്കാരത്തിന്റെ വ്യാകരണമായി, അതവിടെ പാറിക്കളിക്കുന്നു. ജാതി-മത-വർഗ്ഗ-വർണ്ണ-ഭാഷ പരിമിതികൾക്കപ്പുറത്തെ സർഗ്ഗാത്മകതയിൽ അതിനെ കാണണം, നമിക്കണം. ഇവിടെയും രാംദേവിന്റെ പരിചയത്തിലുള്ള ആശ്രമത്തിലാണ് താമസിച്ചത്. പറയത്തക്ക അസൗകര്യങ്ങളൊന്നുമില്ല. പുറത്ത് അതിശക്തമായി മഞ്ഞുപെയ്തുകൊണ്ടിരിക്കുന്നു. എല്ലുതുളയ്ക്കുന്ന തണുപ്പും ! ഞങ്ങൾ കുറച്ചുനേരം മുറിയിലിരുന്ന് കാലത്തെ പരിപാടികൾ ആസൂത്രണം ചെയ്തു. ആവി പറക്കുന്ന ബസുമതി കഞ്ഞിയും പുഴുക്കും സ്വാദിഷ്ടമായിരുന്നു. കരിമ്പടത്തിനുള്ളിൽ കമ്പിളി പുതച്ച് വേഗത്തിലുറങ്ങാൻ ഒരുങ്ങി. ക്ഷേത്രമണിയൊലികൾ അപ്പോഴും മുഴങ്ങികേട്ടിരുന്നു.

(തുടരും)

■ കവിത

# കറുത്ത കാലം

**ഉണ്ണിവിശ്വനാഥ്**
**9895555393**



അഞ്ചപ്പത്തിൽ
അയ്യായിരമൂട്ടിയവനെ
ക്രൂശിൽ തറച്ചപ്പോൾ
വിശന്നു കട്ടവനെ
ഇങ്ങനെയെങ്കിലും ചെയ്യണ്ടേ
അവനായൊരാലയവും
മെഴുകുതിരിയും
തെളിയില്ലെന്നുറപ്പ്

കാലമൊരുപാടുമാറി

പശുവിനും പച്ചപ്പുല്ല് അമേദ്യമായി
ഓക്കേ തന്നാൽ പാലുതരാം
തന്ന പാലിന് ചങ്കറുക്കുമ്പോൾ
ഈ പ്രതികാരമെങ്കിലും വേണ്ടേ

കാക്ക വിളിക്കുന്നുണ്ട്
ചീഞ്ഞതുകൊത്താൻ ഞങ്ങളില്ല
വഴിയിൽ കൂട്ടമായ്
ചത്തു കിടന്നാൽ
ഞങ്ങൾക്ക് ശവദാഹത്തിനാരുമില്ല

പുറത്തിരുട്ടാണ്
അകവും
വെളിച്ചം തിരയേണ്ടിവരും,
ഇനി കണ്ണടച്ചു കറുപ്പിക്കാം
ഉള്ളിലെ കറുപ്പ്
കുറച്ചെങ്കിലും ഛർദ്ദിച്ചു പോയല്ലോ

മനസ്സിൽ
കനലാലെഴുതപ്പെടുമ്പോൾ
പുറത്ത്
കവിത ഉരുകിയൊലിക്കും
ഞാനെഴുതാനാളല്ല
കരളുറക്കാത്തവന്റെ
വെളുത്ത വരികൾ
ചിലപ്പോൾ
പുറത്ത് കറുപ്പു പടർത്തും

ഇപ്പോൾ കറുത്ത കാലമല്ലേ
ദൈവവും കറുത്തു
പാലഭിഷേകത്തിലും
വെളുക്കാതായി കടവുൾ.

ഒരു പട്ടി കുരക്കുന്നുണ്ട്
കുരക്കും പട്ടി കടിക്കില്ല
എങ്കിലുംപേടിയുണ്ട്
മറ്റു പാർട്ടികൾക്ക്

ഒരു കുഞ്ഞു കരയുന്നുണ്ട്
കറുത്ത മനസ്സും
രക്തവുമായതിനാൽ
ശാലീനസൗന്ദര്യം കുറഞ്ഞാലോ
മുലയൂട്ടില്ല ഞാൻ
ചത്തോട്ടെ
ഇത് ശിശു മരണങ്ങളുടെ കാലം

■ കവിത

# മഴപ്പാറ്റകൾ

ജയപ്രകാശ് എറവ്
9496788683

മഴപ്പാറ്റകൾക്കുത്സവം
പുതുമഴ
മണ്ണിനടിയിൽ നിന്നും
തിളച്ച് പൊന്തും
വെളിച്ചത്തിന് നേരെ
പറന്ന് കൂടും.
നിമിഷങ്ങളിൽ
തീരുന്നൊരു സ്വപ്നദൗത്യം
ചത്തുവീഴുന്ന മഴപ്പാറ്റകളെ,
ആരും ഗൗനിക്കാറില്ല.
അതവരുടെ വിധി.

ആൾക്കൂട്ടവും-
ഇതുപോലെത്തന്നെ
സത്യം തിരിച്ചറിയില്ല.
അവർ നുണകൾക്ക് മീതെ
പെരുകി കൊണ്ടിരിക്കുന്ന
മുദ്രാവാക്യങ്ങളാണ്.
തിരിച്ചറിവ് നഷ്ടപ്പെട്ട
കാലത്തിന്റെ മുദ്രാവാക്യങ്ങൾ.
മരണഭയം കൂടുതലായത് കൊണ്ട്
ഒളിയിടങ്ങളിൽ
ജീവിതസുഖം നയിക്കുന്നു.

# സെല്ലുലോയ്ഡ് Poet

## ഭാരതിരാജ, സംവിധായകൻ


**പരിഭാഷ : ദിനേശ് . ബി**
**9048913350**

**1976**ൽ കർണ്ണാടക സംസ്ഥാനത്തിൽ വെച്ചാണ് ഞാനും ബാലുമഹേന്ദ്രയും ഞങ്ങളുടെ ആദ്യ ചിത്രത്തിന്റെ ഹരിശ്രീ കുറിക്കുന്നത്. ഞാൻ മൈസൂരിനരികെ ഒരു ഗ്രാമത്തിൽ വെച്ച് 'പതിനാറ് വയതിനിലെ' ഷൂട്ട് ചെയ്തുകൊണ്ടിരുന്നു. ബാലു ബാംഗ്ലൂരിൽ വെച്ച് 'കോകില' ഷൂട്ട് ചെയ്തുകൊണ്ടിരുന്നു. ഞങ്ങൾ രണ്ടുപേരുടെ സിനിമയിലെ നായകൻ കമലഹാസനാണ്. ഞങ്ങൾ രണ്ടുപേരുടെ ഷൂട്ടിംഗിലും അദ്ദേഹം മാറി മാറി അഭിനയിച്ചുകൊണ്ടിരുന്നു. ഞാനും ബാലുവും സമകാലത്ത് സിനിമാരംഗത്ത് വന്നവരാണ്. ഞാൻ ആദ്യമായി സിനിമാ സംവിധാനം ചെയ്ത 'പതിനാറ് വയതിനിലെ' എന്ന സിനിമയിലേക്ക് ക്യാമറ ചെയ്യാൻ വേണ്ടി ആദ്യം ചെന്നുകണ്ടത് ബാലുവിനെയായിരുന്നു. പക്ഷെ ചില കാരണങ്ങളാൽ അത് ദിശ മാറിപ്പോയി. എങ്കിലും Balu is a Class man. അതുപോലെ അദ്ദേഹത്തിന്റെ വിദ്യാലയത്തിൽ നിന്നും വന്നവരൊക്കെ Class ആണ്. കഴിവുള്ള നല്ല വിദ്യാർത്ഥികളെ പഠിപ്പിച്ച് അവരെ നല്ല രീതിയിൽ വാർത്തെടുത്ത് നമ്മുടെ തമിഴ് ഫിലിം ഇന്റസ്ട്രിയ്ക്കു നല്കിയിട്ട് പോയ ബാലുവിനെ ഞാൻ അഭിനന്ദിക്കുന്നു. കാരണം മറ്റ് സംവിധായകർക്ക് അഭിമാനിക്കാൻ കഴിയാത്തൊരു കാര്യമുണ്ട്. ബാലുവിന്റെ ശിഷ്യഗണങ്ങളിൽ പലരും ദേശീയ അവാർഡ് കൈവരിച്ച കലാകാരൻമാരാണ്. മാത്രമല്ല ആ ചിത്രങ്ങൾ എല്ലാം പ്രേക്ഷകർ ഒന്നടങ്കം സ്വീകരിച്ച് ജനപ്രീതി നേടിയ സിനിമകൾ കൂടിയാണ്. ബാല, വെട്രിമാരൻ, സീനു രാമസ്വാമി, റാം, ഗാനരചയിതാവായ നാ. മുത്തുകുമാർ, നടി



യായ അർച്ചന പോലുള്ള ഇവരെയെല്ലാം അവർക്ക് കിട്ടിയ ദേശീയ അവാർഡിനേക്കാൾ ഞങ്ങൾ ബാലുവിന്റെ ശിഷ്യഗണങ്ങൾ എന്ന് പറയുന്നതിലാണ് അവർ അഭിമാനിക്കുന്നത്. മറ്റ് സംവിധായകർക്ക് ലഭിക്കാത്ത ഒരു ഭാഗ്യമാണ് ബാലുവിന് കിട്ടിയിരിക്കുന്നത്. So you produce good boys to the Tamil Film Industry. Thank you Balu. നൂറുവർഷങ്ങൾക്കുശേഷം തമിഴ് സിനിമയുടെ ചരിത്രം എടുത്ത് പരിശോധിച്ചാൽ ബാലു മഹേന്ദ്രയും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും ചെയ്ത ചിത്രങ്ങളായിരിക്കും മികച്ച സിനിമയുടെ പട്ടികയിൽ കാണാൻ കഴിയുക.

സിനിമയിൽ മാത്രമല്ല സീരിയൽ രംഗത്തും ഒരുമാറ്റം ഉണ്ടാക്കിയത് ബാലുവാണ്. ഞാനും സീരിയലുകൾ ചെയ്തിട്ടുണ്ട്. പക്ഷെ വർഷക്കണക്കിന് നീട്ടിക്കൊണ്ടുപോകാതെ ഓരോ ആഴ്ചയും ഓരോ കഥ എന്ന രീതിയിൽ എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റിയ സംവിധായകൻ ബാലു മാത്രമാണ്. മറ്റുള്ളവരിൽ നിന്നും വിഭിന്നമായൊരു ശൈലി തിരഞ്ഞെടുത്ത് തമിഴിലെ പ്രശസ്ത എഴുത്തുകാരുടെ മികച്ച ചെറുകഥകളെ ആസ്പദമാക്കി അമ്പത്തിരണ്ട് ആഴ്ച സൺ ടി. വിയിൽ വന്നുകൊണ്ടിരുന്ന 'ബാലു മഹേന്ദ്ര കഥൈ നേരം' തമിഴ് സീരിയലുകൾക്കിടയിലൊരു 'കോളിളക്കം' തന്നെയുണ്ടാ



ബാലുമഹേന്ദ്രയും ഭാരതിരാജയും

ക്കി. ഇപ്പോഴും ആ ഷോട്ട് ഫിലിമിന്റെ ഡി.വി.ഡി.കൾ നന്നായി ചിലവാകുന്നുണ്ട്. ചെറിയ ബഡ്ജറ്റിൽ ഇത്രയ്ക്ക് നിലവാരത്തോടുകൂടി ഷോട്ട് ഫിലിമെടുക്കാൻ മറ്റാരെക്കൊണ്ടും കഴിയില്ല. It is an amazing work. ചലച്ചിത്രരംഗത്ത് ഞാൻ അറിഞ്ഞിടത്തോളം തമിഴ്, മലയാളം, ഹിന്ദി, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിൽ ഒരു തിരക്കഥാകൃത്തായും ക്യാമറാമാനായും സംവിധായകനായും വിജയം കൈവരിച്ച ഒരു കലാകാരൻ ബാലു മഹേന്ദ്ര മാത്രമാണ്.

ഞാൻ 1982ൽ ഓളങ്ങൾ സിനിമ കണ്ട് തിയറ്ററിൽ നിന്നും പുറത്തുവന്ന് ബാലുവിനെ കെട്ടിപ്പിടിച്ചു പറഞ്ഞു ബാലു എന്നെ ഒരു സംവിധായകൻ എന്നുപറയാൻ തന്നെ എനിക്ക് ലജ്ജ തോന്നുന്നുവെന്ന്. കാരണം അദ്ദേഹത്തിന്റെ ഫിലിം മേക്കിംഗ് എന്നിലുണ്ടാക്കിയ വൈബ്രേഷൻ. ആ വർക്ക് കണ്ട ബാലുവിനോട് എ നിക്ക് അസൂയ തോന്നിയിട്ടുണ്ട്. ആ ചിത്രം മാത്രമല്ല ബാലുവിന്റെ ഓരോ ചിത്രങ്ങളും എന്നെ ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ തിരക്കഥാരീതി, എഡിറ്റിംഗ് സ്റ്റൈൽ, ആർട്ടിസ്റ്റിനെ ഹാൻഡിൽ ചെയ്യുന്ന വിധം ഇവയെല്ലാം എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. ബാലുവിന്റെ സിനിമകളോടുള്ള ഭ്രമം കാരണം അദ്ദേഹത്തിന്റെ കൂടെയൊരു സിനിമയെങ്കിലും അസിസ്റ്റന്റ് ഡയറക്ടറായി വർക്ക് ചെയ്യണമെന്ന് ആഗ്രഹിച്ചവനാണ് ഞാൻ. ഈ കാര്യം ഞാൻ ബാലുവിനോട് നേരിട്ടുതന്നെ പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല ക്യാമറയിലും, ലൈറ്റിംഗിലും തനതായ പുതിയൊരു പാറ്റേൺ കൊണ്ടുവന്നതും ബാലുവാണ്. ആ ലൈറ്റിംഗ് പാറ്റേൺ എനിക്കിതുവരെ മനസ്സിലാകാത്തൊരു കാര്യമാണ്. സത്യം പറഞ്ഞാൽ എനിക്ക് ക്യാമറയെക്കുറിച്ച് വലിയൊരു ധാരണയൊന്നുമില്ല. എന്റെ മുപ്പത്തഞ്ചോളം ചിത്രങ്ങൾക്ക് സിനിമാറ്റോഗ്രാഫി ചെയ്ത ബി. കണ്ണനോടു ചോദിച്ചാൽ അറിയാം ഏത് ലെൻസ് ഉപയോഗിക്കണമെന്നോ, ലൈറ്റിംഗ് എങ്ങനെ വേണമെന്നോ അതുപോലുള്ള കാര്യങ്ങളെക്കുറിച്ചൊന്നും എനിക്കറിയില്ല. ഞാനതിലൊന്നും തലയിടാറുമില്ല. എനിക്ക് വേണ്ട സംഭവം ഞാൻ വ്യക്തമായി ക്യാമറാമാൻ കണ്ണനോട് പറയും. അദ്ദേഹത്തിന് എന്റെ മനസ്സറിയാം. കാരണം ഞാനെന്റെ ഫാമിലിയോടൊപ്പം സമയം ചിലവഴിച്ചതിനേക്കാൾ കൂടുതൽ എന്റെ പ്രിയപ്പെട്ട ക്യാമറാമാൻ ബി. കണ്ണനോടൊപ്പമാണ് സമയം ചിലവഴിച്ചിട്ടുള്ളത്. എന്റെ സബ്ജക്റ്റ് പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട് ഞാൻ ആഗ്രഹിക്കുന്ന രീതിയിൽ ചിത്രീകരിച്ച് മനോഹരമായി അത് സ്ക്രീനിൽ കാണിച്ചുതരും. എന്നെ സംബന്ധിച്ചിടത്തോളം ഫ്രെയിമിന്റെ അളവ്, ഇമോഷണൽ, പെർഫോമൻസ്, ഈ മൂന്നു കാര്യങ്ങളിൽ മാത്രമായിരിക്കും എന്റെ ശ്രദ്ധ. ക്യാമറയിലൂടെ നോക്കുമെന്നല്ലാതെ അതിന്റെ ABC D എനിക്കറിയില്ല. ലൈറ്റിന്റെ പേരുപോലും എനിക്ക് കൃത്യമായി അറിയില്ല. പക്ഷെ ഒരു ക്യാമറാമാന്റെ കഷ്ടപ്പാടും വെല്ലുവിളിയും എത്രത്തോളമാണെന്ന് എനിക്കറിയാം. ക്യാമറയെക്കുറിച്ച് വ്യക്തമായി അറിയണമെങ്കിൽ നല്ല അറിവ് വേണം. ഞാനൊരു ഗ്രാമീണനാണ്. എനിക്കിതൊന്നും വശമില്ല. സിനിമാഭ്രാന്തിൽ ചെന്നൈയിലേയ്ക്ക് ഓടിവന്ന് കഷ്ടപ്പെട്ട് എങ്ങിനെയോ ഒരു സംവിധായകനായെന്ന് മാത്രം. പക്ഷെ ബാലു അങ്ങിനെയല്ല. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച് ഗോൾഡ് മെഡലോടെ പുറത്തുവന്ന് സിനിമയുടെ നാനാവശങ്ങളെക്കുറിച്ച് പഠിച്ച് പാണ്ഡിത്യം നേടിയ ഒരു സകലാകലാവല്ലഭനാണ്.

Balu is Poety. ചിലർ പത്തിരുപത് ലൈറ്റ് ഉപയോഗിച്ച് ഷൂട്ട് ചെയ്യും. പക്ഷെ ബാലു വെറും രണ്ട് ലൈറ്റ് മാത്രം വെച്ചുകൊണ്ട് ഷൂട്ട് ചെയ്യും. മാത്രമല്ല without light ൽ സിനിമയെടുക്കുന്ന ഒരു സംവിധായകൻ ബാലു മഹേന്ദ്ര മാത്രമായിരിക്കും. ഇന്ന് പലരുടേയും ഷൂട്ടിങ്ങ് സൈറ്റ് നോക്കിയാൽ നിരവധി ലൈറ്റും ജനറേറ്ററും ആൾക്കൂട്ടവും വാഹനങ്ങളും കാരാവാനുമൊക്കെയായി ഒരേ ബഹളമായിരിക്കും. പക്ഷെ ഷൂട്ടിംഗ് സൈറ്റ് വളരെ നിശബ്ദമായിരിക്കും. അനാവശ്യമായ ആൾക്കൂട്ടമോ വാഹനങ്ങളോ ഒന്നും തന്നെ ഉണ്ടാവില്ല. നിലവിളക്ക് കത്തിച്ചുവച്ചതുപോലെ അവിടെ ഒരു ലൈറ്റ്, ഇവിടെ ഒരു ലൈറ്റ് വെച്ച് വളരെ ഭംഗിയോടെ ചിത്രീകരിക്കും. അതാണ് ബാലുവിന്റെ സ്റ്റൈൽ. He is a poet, സെല്ലുലോയ്ഡ് poet.

തിരിഞ്ഞുനോക്കുമ്പോൾ ഞങ്ങളുടെ സുഹൃത്ത് ബന്ധത്തിന് നാല്പത് വയസ്സ് കഴിഞ്ഞിരിക്കുന്നു. എന്നെ വാത്സല്യത്തോടെ ഭാരതി എന്നു വിളിക്കുന്ന സമകാല കൂട്ടുകാരൻ ഇന്ന് എന്നോടൊപ്പമില്ലല്ലോ എന്നോർക്കുമ്പോൾ ദുഃഖമുണ്ട്. സിനിമാരംഗത്ത് ഞാൻ ഏറ്റവും കൂടുതൽ ആരാധിച്ചിരുന്ന, ബഹുമാനിച്ചിരുന്ന, ആശ്ചര്യപ്പെട്ടിരുന്ന സുഹൃത്തായ എന്റെ ബാലു ഇന്ത്യൻ സിനിമയുടെ Asset ആയി എന്നും ജീവിക്കും.

●


**"ശ്രീ. ബാലുമഹേന്ദ്ര നമ്മെ വേർപിരിഞ്ഞ് ഫെബ്രുവരി 13, 2019ന് അഞ്ച് വർഷം. അദ്ദേഹമിന്നും ഓർമ്മകളിൽ ജീവിക്കുന്നു."**

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## ആശ

തനിക്ക് മുന്നിൽ അവൾ എന്നെങ്കിലും ഹൃദയം തുറന്നിരുന്നെങ്കിലെന്ന് അവൻ ആശിച്ചു. അങ്ങിനെ തുറക്കുമ്പോൾ ആ ഹൃദയത്തിൽ കോറി വരക്കാനായി ഒരു കൂർത്ത കരിങ്കൽ ചീള് അവൻ വലത് കയ്യിൽ ഒളിപ്പിച്ചിരുന്നു.

## ശരിയും തെറ്റും

അഭിമാനം എന്ന വാക്കിന് വിപരീതപദമായി വിശപ്പ് എന്ന് നോട്ടുബുക്കിൽ എഴുതി നൽകിയപ്പോൾ ശരിയിട്ട് നൽകാൻ മാഷിനായില്ല. തെറ്റ് എന്ന് രേഖപ്പെടുത്തി പുസ്തകം തിരികെ നൽകുമ്പോൾ മാഷ് മനസിൽ പറഞ്ഞു ചിലപ്പോഴെങ്കിലും അത് ശരിയാണ്.

## ആ സ്വഭാവം

മാധവേട്ടൻ പറഞ്ഞ കാര്യം കേട്ട് മധു വെട്ടുകത്തിയെടുത്ത് കലി തുള്ളി. നിയന്ത്രണം വിട്ട് ബഹളം വെക്കുന്നതിനിടെ അവൻ വിളിച്ചുപറഞ്ഞു.

"മാധവേട്ടാ.. അവൻ എന്നെ പറ്റി അങ്ങിനെ പറഞ്ഞുവെങ്കിൽ ഇനി അവൻ ഈ ഭൂമിയിൽ വേണ്ട. ഇന്നു തീർക്കും ഞാൻ. എന്റെ കുട്ടികളാണെ സത്യം. ഈ വാക്കിന് മാറ്റമില്ല."

"അവൻ പറഞ്ഞതുതന്നെയാണ് അവൻ പറഞ്ഞതു തന്നെയാണ്. ഈശ്വരനാണെ സത്യം. എന്നോട് രഹസ്യമായിട്ടാ പറഞ്ഞത്. പിന്നെ തമ്മിൽ തമ്മിൽ പാരവെക്കുകയും, കെണിക്കുകയും ഇവിടെ പറഞ്ഞത് അവിടെ പറയുകയും ചെയ്യുന്ന സ്വഭാവം എനിക്ക് പണ്ടേ ഇല്ലെന്നും ഞാനാ ടൈപ്പല്ലെന്നും നിനക്കറിയില്ലേ."

## ആലോകം

"കഷ്ടം. നിനക്കും ഈ പ്രദേശത്തുള്ളവർക്കും അറിയില്ലാന്ന് വെച്ച്, അയാള് ലോക പ്രശസ്തനാ. അറിയാത്ത ആരുമില്ല. ചോദിച്ചതു ചോദിച്ചു. മേലാൽ പരസ്യമായി ഇത്തരം വിവരക്കേട്..."

"ഈ പ്രദേശവും പ്രദേശത്തുള്ളവരും ഒന്നും ഉൾപ്പെടാത്ത എതാടാ നീയീ പറയുന്ന ലോകം. കഷ്ടം. പറഞ്ഞതു പറഞ്ഞു. മേലാൽ പരസ്യമായി ഇമ്മാതിരി..."

## പെരുമാറ്റം

"അപ്പൊ ന്റെ അപ്പോ ഞാനന്നോട് എത്രത വണ..."

"മനസ്സിലാവ്ണ്ണ്ട് മണിയേട്ടാ എനിക്ക് നല്ലോണം മനസ്സിലാവ്ണ്ണ്ട്. നന്നായി പെരുമാറണം ഇനി നന്നായേ പെരുമാറൂ എന്നൊക്കെ തീരുമാനിച്ചുറപ്പിച്ചു തന്നെയാ എന്നും ചെല്ലണത്. ചെന്നു കഴിയുമ്പൊ ആ നാട്യവും ഭാവവും കാട്ടിക്കൂട്ടലും ഒക്കെയങ്ങോട്ട് കാണുമ്പോൾ, മുന വെച്ച സംസാരമങ്ങോട്ടു കേൾക്കുമ്പോൾ തലയങ്ങ് തരിക്കും ഞാനറിയാതെ നന്നായങ്ങ് പെരുമാറിപ്പോകും. അതാണ്ടാവണത്... അല്ലാതെ"

## വിവാഹം

"ജീവിതത്തിന്റെ പേരും പറഞ്ഞ് രക്ഷിതാക്കളും കാരണവൻമാരും ചേർന്ന് ആലോചിച്ചും തീരുമാനിച്ചും തുലച്ചു കളഞ്ഞിട്ടില്ലേ കുറേ ജീവിതങ്ങൾ?"

ചോദ്യം ചോദിച്ച് ഉത്തരത്തിനു കാക്കാതെ അയാൾ നടന്നുനീങ്ങി.

## ശരിയല്ലാത്ത ആൾ

മണ്ണിനെ, പ്രകൃതിയെ മനുഷ്യൻ വേദനിപ്പിക്കരുതത്രേ. എത്രയെത്ര വേദികളിൽ അയാൾ വിളിച്ചു കൂവുന്നത് ഞാൻ തന്നെ കേട്ടിട്ടുണ്ടെന്നോ. കവിയാണത്രേ കവി. അവസരവാദി. ഇന്നലെ അയാളുടെ പറമ്പ് കിളയ്ക്കാൻ ചെന്ന എന്നോട് അയാള് പറഞ്ഞത് എന്താന്ന് അറിയണോ, നിനക്കൊക്കെ വൈകുന്നേരം ഞാൻ നോട്ട് അങ്ങോട്ട് എണ്ണിത്തരണ്ടേ മണ്ണിന് വേദനിക്കുകയൊന്നുമില്ല, ആഞ്ഞങ്ങ് കൊത്ത് കാണട്ടെ എന്ന്. എങ്ങനെയുണ്ട് സ്വഭാവം .

## അച്ഛൻ

കഥാ മത്സരത്തിന് നൽകിയ വിഷയം അച്ഛൻ എന്നായിരുന്നു. വലിയ വലിയ കഥകൾക്കിടയിൽ ഒരു രണ്ട് വരി കഥയെത്തി. അതിങ്ങനെയായിരുന്നു.

'ആ പിൻബലത്തിലാണ് എവിടേയും തലയുയർത്തി നിൽക്കുന്നത്. നാലാൾക്ക് മുന്നിൽ നട്ടെല്ല് നിവർത്തി അഭിപ്രായം പറയുന്നത്.'

ഒരുപാട് അർത്ഥങ്ങൾ ധ്വനിപ്പിക്കുന്ന ആ കഥ വിധികർത്താക്കൾ തെരെഞ്ഞെടുക്കാനിരിക്കെയാണ് വേറൊരു കഥയെത്തിയത്. ഒരു ഒറ്റവരികഥ അതിങ്ങനെയായിരുന്നു.

'അച്ഛൻ... അമ്മയുടെ നന്മ.'

## പ്രണയം


പറയാനായില്ല. പറയിപ്പിക്കാനായി

## ഒഴുക്കിനെതിരെ

ഒഴുക്കിനെതിരെ നീന്തുന്നവരെയാണ് എന്നും എനിക്കിഷ്ടം എന്ന് അതീവ ഗൗരവത്തോടെ താത്വികഭാവം വരുത്തി ഒന്നാമൻ. ആവശ്യമുണ്ടെങ്കിൽ മാത്രം അല്ലാതെ ഒഴുക്കു കണ്ടാലുടനെ ചാടി നീന്തി വെറുതെ കിടന്ന് വെള്ളം കുടിച്ച് കണ്ണുംതുറിച്ച് കൈയ്യും കാലുമിട്ടടിച്ച് എന്ന് ഒഴുക്കൻ മട്ടിൽ രണ്ടാമൻ.

# ഇടവേളകൾ

**രാജേന്ദ്രൻ വയല**
**94463772011**



ഒന്ന്

**ഭാ**ര്യ മരിച്ച് വീട്ടിലൊറ്റയ്ക്കായിരുന്ന ഗോവിന്ദനുണ്ണിയെ നഗരത്തിലെ ബാങ്കിൽ ജോലി ചെയ്യുന്ന മകൻ, അച്ഛനൊറ്റയ്ക്കിരുന്നാൽ മനസ്സുനൊന്ത് അമ്മയുടെ ലോകത്തേക്ക് പോവുകയുണ്ടാവും. അതുകൊണ്ട് എന്നോടൊപ്പം വരണമെന്ന് പറഞ്ഞ് ഫ്ളാറ്റിലേയ്ക്ക് നിർബന്ധമായി കൂട്ടുകയായിരുന്നു.

നഗരഹൃദയത്തിനടുത്തുതന്നെയായിരുന്നു മകനും മരുമകളും കുട്ടിയും താമസിച്ചിരുന്ന ഫ്ളാറ്റ്. മരുമകൾക്ക് വീട്ടിലിരുന്ന് ലാപ്ടോപ്പിലൂടെ ഏതൊക്കെയോ ബിസിനസ്സ് സംരംഭകർക്ക് വേണ്ടി ചെയ്യുന്ന പ്രോജക്റ്റുകൾക്കൊപ്പമായിരുന്നു. യു. കെ. ജി.യിൽ പഠിക്കുന്ന കൊച്ചുമകളെ നഗരത്തിലെ അതിപ്രശസ്തമായ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് ചേർത്തിട്ടുള്ളത്.

മരുമകളെ വീട്ടുജോലികളിൽ സഹായിക്കണമെന്ന് ഗോവിന്ദനുണ്ണിക്ക് മനസ്സുണ്ടെങ്കിലും വളരെ പുലർച്ചയ്ക്കുതന്നെ എണീറ്റ് അത്യാവശ്യം അടുക്കളക്കാര്യങ്ങൾ ചെയ്ത് ഫ്രിഡ്ജിൽ വച്ചിരിക്കുന്ന ചില കറികളൊക്കെയെടുത്ത് ചൂടാക്കി മകനും, കൊച്ചുമകൾക്കുമുള്ള ടിഫിൻ കൊടുത്തയക്കുകയും, കവറിൽ വാങ്ങിക്കുന്ന ചപ്പാത്തിയോ ബ്രഡ്ഡോ മുട്ട റോസ്റ്റിലോ, ജാമിനോടൊപ്പമോ കഴിക്കാൻ നൽകുകയുമൊക്കെ ചെയ്ത് അവൾ ലാപ്ടോപ്പുമായി ഇരുപ്പുറപ്പിക്കും.

നല്ല കുത്തരി കഞ്ഞിയും എല്ലാ കിഴങ്ങുകൂട്ടുകളും ചേർത്തുണ്ടാക്കുന്ന ചാറുകറിയും മുളക് ചമ്മന്തിയുമൊക്കെ കൂട്ടി പ്ലാവില കോട്ടി കോരിക്കഴിക്കാൻ ഗോവിന്ദനുണ്ണിക്ക് ആശ തോന്നുമെങ്കിലും അതൊക്കെ ഉള്ളിലൊതുക്കി എന്തെങ്കിലും നുള്ളിക്കഴിച്ച് ടി. വി.ക്കു മുമ്പിലോ ദിനപത്രം വായിച്ചോ ഒതുങ്ങിക്കൂടും.

കെട്ടിടസമുച്ചയത്തിന് ഒട്ടേറെ നിലകളും ഏറെ ഫ്ളാറ്റുകളുമുണ്ടായിരുന്നു. ഇടനാഴിയിൽ നിൽക്കുമ്പോൾ തിരക്കിട്ടു നടക്കുന്നവരെ നോക്കി ഗോവിന്ദനുണ്ണി നിറഞ്ഞു ചിരിക്കും. മിക്കവാറും പേർ കൈയുയർത്തി ഹായ് പറയാൻ ശ്രമിക്കും. പക്ഷേ അവരുടെ ചുണ്ടിൽ ചിരിയുടെ ഒരു നേരിയ നിഴൽ പോലുമുണ്ടാവില്ല.

സ്കൂൾ വിട്ടു വരുന്ന കൊച്ചുമകൾക്ക് കഥകൾ പറഞ്ഞുകൊടുക്കാൻ ഗോവിന്ദനുണ്ണി വിളിക്കുമെങ്കിലും ഒരു സ്മാർട്ട് മൊബൈലുമായി എന്നെ വെറുതെ വിടൂ അപ്പൂപ്പാ എന്ന് ഇംഗ്ലീഷിൽ മൊഴിഞ്ഞ് അവൾ സെറ്റിയിലൊതുങ്ങും. മകൻ ബാങ്ക് വിട്ടുവന്നാലും എല്ലാവർക്കും ഹായ് പറഞ്ഞ് ലാപ്ടോപ്പിലോ, മൊബൈലിലോ കണ്ണുനട്ടിരിക്കും. നാട്ടിലൊറ്റയ്ക്കിരിക്കുകയാണ് അച്ഛനെന്ന് പറഞ്ഞ മകനും കുടുംബവും എത്രമാത്രം ഒറ്റയ്ക്കാണെന്ന് ഗോവിന്ദനുണ്ണിക്കുതോന്നി. എത്ര കിളികളോടും അണ്ണാർക്കണ്ണൻമാരോടും ചെടികളോടും പൂമ്പാറ്റകളോടുമൊക്കെയാണ് നാട്ടിൽ തനിക്ക് സ്വകാര്യം പറഞ്ഞ് രസിക്കാനുണ്ടായിരുന്നത്.

രണ്ട്

അടുത്ത ഫ്ളാറ്റിലൊക്കെ താമസിക്കുന്നവർ ഏത് നാട്ടുകാരാണെന്നും എവിടെ ജോലി ചെയ്യുന്നുവെന്നുമൊക്കെ അറിയാൻ ഗോവിന്ദനുണ്ണിക്ക് താല്പര്യം തോന്നി. മരുമകളോട് അതൊക്കെ ആരാഞ്ഞുവെങ്കിലും ടി. വി. കണ്ടിരിക്കാൻ നോക്ക് അതൊക്കെ ഇവിടെ ആവശ്യമില്ലാത്ത കാര്യങ്ങളെന്ന് പറഞ്ഞ് അവൾ മുഖം കനപ്പിച്ചു. നാട്ടിൽ നിന്നു കൊണ്ടുവന്ന ഒന്ന് രണ്ട് പുസ്തകങ്ങളൊക്കെ പലതവണ വായിച്ചുതീർത്തു. കുറേക്കൂടി കനപ്പെട്ട പുസ്തകങ്ങൾ കൊണ്ടുവരാമായിരുന്നു.

ജനാലയിലൂടെ പുറത്തേക്ക് നോക്കിയാൽ പച്ചപ്പുകളേ കാണാനില്ല. ചുറ്റും എത്രയോ ഉയരങ്ങളിലുള്ള കെട്ടിടസമുച്ചയങ്ങൾ. വളരെ ഉയരത്തിലുള്ള ഫ്ളാറ്റായിരുന്നതുകൊണ്ട് ഏറെ പടികളിറങ്ങിവേണം താഴേയ്ക്ക് നടക്കാൻ. ഒരുദിവസം അതിനു ശ്രമിച്ചുവെങ്കിലും മുട്ടുവേദനയും വിറമ്പലും കാരണം തിരികെപ്പോന്നു. ലിഫ്റ്റ് എവിടെയാണുള്ളതെന്നും എങ്ങനെയാണ് പ്രവർത്തിപ്പിക്കേണ്ടതെന്നും അറിയില്ല.

ഈ ലോകത്തിൽ താനൊറ്റയ്ക്കാണെന്നും ഇത് ഏതോ സ്വപ്നലോകമാണെന്നുമൊക്കെ ഗോവിന്ദനുണ്ണി ഒറ്റയ്ക്കിരുന്ന് വിചാരിക്കും. ഇവിടെനിന്ന് ഒന്ന് പുറത്തുകടക്കാൻ കഴിയാത്തതിലും മറ്റുള്ളവരോടും പ്രകൃതിയോടും തൊട്ടടുത്ത് ഇടപെടാൻ ആവാത്തതിലും അയാൾക്ക് വല്ലാത്ത ഖേദം തോന്നി. എത്രയോ ദൂരെയുള്ള നാട്ടിലേക്ക് മകൻ തന്നെ ഒറ്റയ്ക്ക് വിടാനിടയില്ല. ഒപ്പം വരാൻ അവന് അവധിയും അത്ര പെട്ടെന്ന് കിട്ടാനിടയില്ലല്ലോ.

മൂന്ന്

ഒരു പുലർച്ചയ്ക്ക് സൂര്യവെളിച്ചത്തിന്റെ ഇളംതളിരുകൾ ഫ്ളാറ്റിനുപുറത്ത് പരക്കുന്നത് നോക്കി നിൽക്കുകയായിരുന്നു ഗോവിന്ദനുണ്ണി. അപ്പോഴാണ് അയാൾ ജനാലയ്ക്ക് പുറത്തെ പാരപ്പറ്റിൽ വളർന്നു നിൽക്കുന്ന ഒരു ചെറിയ പടർപ്പും അതിലെ അരിമണി പോലെയുള്ള ഒന്നോ രണ്ടോ ചെറുപൂക്കളും കണ്ടത്. അടുത്തുകണ്ടാൽ അതിന്റെ പേര് ഓർമ്മ വന്നേക്കും.

ഗോവിന്ദനുണ്ണി ജനാല തുറക്കാൻ ശ്രമിച്ചു. എത്രയോ നാളായി കൊളുത്തുകൾ നീക്കാത്തതുകൊണ്ട് വളരെ പണിപ്പെട്ടാണ് അത് തുറക്കാൻ കഴിഞ്ഞത്. പടർപ്പ് കുറച്ചു താഴെയായിരുന്നതുകൊണ്ട് അതിന്റെ ഇലകൾ കാണാനായില്ല. കണ്ണട തുടച്ച് വച്ച് വീണ്ടും നോക്കിയിട്ടും.

അപ്പോഴാണ് പാരപ്പറ്റിനപ്പുറമുള്ള ജനാലയ്ക്കപ്പുറം ഒരു മുഖം കാണാനായത്. മധ്യവയസ്കയായ ഒരു സ്ത്രീയായിരുന്നു അത്. അയാൾ അവരെ നോക്കി തുറന്നുചിരിച്ചു. ആദ്യം കണ്ട് അമ്പരന്നുവെങ്കിലും ഒരുക്ഷണത്തിനുശേഷം അവരുടെ മുഖത്തും ഒരുചിരിയുടെ ഓളം പടർന്നു.

അവരുടെ ജനാലയും പകുതി തുറന്നുകിടന്നിരുന്നു. "ഈ പടർപ്പിന്റെ പേരറിയുമോ ?" അയാൾ അവരോട് ചോദിച്ചു. അവരത് കേൾക്കുന്നുണ്ടായിരുന്നില്ല. പിന്നെ ഭാഷ വെടിഞ്ഞ് കൈമുദ്രകളിലൂടെ അന്വേഷിച്ചു. ഒരുപക്ഷെ തന്റെ ഭാഷയറിയാത്ത മറ്റേതോ നാട്ടുകാരിയാവും അവർ. കുറച്ചൊരിടവേള എല്ലാം കണ്ടുനിന്ന അവർ വാതിൽക്കലേക്ക് വരാൻ അയാളോട് ആവശ്യപ്പെട്ടു. ഗോവിന്ദനുണ്ണി അവരുടെ വാതിൽക്കലേക്ക് നടന്നു. വാതിൽ തുറന്നു. എവിടെയൊക്കെയോ സമാനഹൃദയരെന്ന് തോന്നിച്ച സൗമ്യവും വിശുദ്ധവുമായ മുഖമായിരുന്നു അത്.

അവർ വടക്കൻ നാട്ടുകാരിയായിരുന്നു. മകൾ സോഫ്റ്റ് എൻജിനീയർ. മരുമകൻ വിദേശത്ത്. ഭർത്താവിന്റെ കാര്യം അവർ പറഞ്ഞില്ല. ഒരുപക്ഷെ തന്നെപ്പോലെയോ അതോ ഉപേക്ഷിച്ചുപോയതോ. അകത്തേക്ക് ക്ഷണിച്ചുവെങ്കിലും അയാൾ ഇനിയൊരിക്കലാവാം എന്നുപറഞ്ഞ് ചിരിച്ചു. അതിനിടയിൽ മരുമകൾ വാതിൽക്കലെത്തിയത് അവർ ചൂണ്ടിക്കാട്ടി.

"അച്ഛൻ ഇവിടെ വരൂ" മരുമകൾ ആവശ്യപ്പെട്ടു. അയാൾ പുറകേ നടന്ന് അകത്തേക്ക് കയറിയതോടെ മരുമകൾ വാതിലടച്ചു.

"ഇത്രയും ചീപ്പാണ് അച്ഛനെന്നറിഞ്ഞില്ല ഞാൻ."

"ഒരാളോട് സംസാരിക്കുന്നതോ മോളെ ഇത്രയ്ക്ക്..." അയാൾ പറഞ്ഞുതീർക്കുംമുമ്പേ മരുമകൾ ഒച്ചവെച്ചു. പറച്ചിൽ അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ അയാൾക്ക് ചിരിക്കാനാണ് തോന്നിയത്. നിർത്താതെ ചിരിക്കുന്ന അയാളുടെ മുഖത്തേക്ക് നോക്കി വല്ലാത്ത ഭീതിയോടെ മരുമകളും... ●



# പുരുഷാർഥങ്ങൾ

## (ധർമ്മ, അർത്ഥ, കാമ, മോക്ഷങ്ങൾ)

**എ. രാധാകൃഷ്ണൻ**
**8113043563**

### ധർമ്മം
### Ethical & Righteous Living

'ധർമ്മ'മെന്തെന്ന
ചോദ്യത്തിനുത്തരം
നന്മയോടുള്ള കർമ്മേണ ജീവിതം
എങ്കിലുമെന്തേയതിന്നു പരസ്പര-
സ്പർദ്ധ കൂട്ടാൻ
പ്രയോഗിപ്പൂ മാനവർ ?

### അർത്ഥം, ഐശ്വര്യം
### Wealth & Fame

'അർത്ഥ'മോ നമ്മൾ ധർമ്മേണ
നേടേണ്ടു !?
സ്വാർത്ഥ ലാഭേന കാമികൾ
ഭ്രാന്തരായ്

പത്തു കിട്ടുകിൽ നൂറിനുമോഹവും
ശതമാകിൽ സഹസ്രമാം ലക്ഷ്യവും
ആയിരം പണം കിട്ടുമ്പോളാഗ്രഹം
പതിനായിരത്തിന്നതിനായ്
കിതക്കുന്നു.
(ജ്ഞാനപ്പാന - പൂന്താനം)

'അർത്ഥ'മൈശ്വര്യ
കാരണമെന്നല്ലോ
വ്യർത്ഥ മോഹേന
കാംക്ഷിപ്പതിന്നിവർ
എത്തിപ്പെടാനുള്ള വെമ്പലിൽ
ജീവിതം
സ്വാർഥതൽപര്യത്തിന്നതു
ഹോമിപ്പൂ!

### കാമം
### Desire & Pleasure

'കാമ'മഗ്നിസമാന
മാമെന്നതറിയാതെ
ഹോമമായ് കർമ്മം ചെയ്യുന്നു
ജീവനാൽ
'കാമ' പൂരണ വ്യഗ്രതയെന്നുമേ
കർമ്മ, കർത്തവ്യമൊക്കെ
ത്യജിക്കുന്നു
കേവലം ചില മാത്ര തരുന്നോരു
മോഹ സാദ്ധ്യതയിങ്കൽ രമിക്കുന്നു.

### ധർമ്മം, അർത്ഥം, കാമം

'അർത്ഥ'മോ നമ്മൾ
ധർമ്മത്താൽ നേടേണ്ടു ?
കൃത്യലാഭമീ ഭ്രാന്തർ തൻ
ചേഷ്ടകൾ
വ്യർത്ഥ 'കാമ' ഭ്രമത്താലെ
മോഹിതർ
എത്രമാത്രയനർത്ഥം വരിക്കുവോർ

'അർത്ഥ' സൂക്തങ്ങൾ
സമ്പത്ക്രമങ്ങളും
വ്യർഥമാകാത്തൊരായവ്യയങ്ങളും
'കാമ' പൂരകം ജീവിതസൗഖ്യവും
മോക്ഷപൂരകം ജീവിതയാത്രയും

'അർത്ഥ, കാമ' വെറിയാലെ
മർത്ത്യൻമാർ
കൃത്യ ലോപങ്ങൾ
നീളെ വരുത്തുകിൽ
വ്യർത്ഥമായിടും ജീവിതചര്യകൾ
യുക്തിഹീനം 'ധർമ്മ'ലോപവും
നിശ്ചയം

### മോക്ഷം

മോക്ഷകാമിതം സത്തുക്കൾ
ജീവിതം
കർമ്മപൂരകം
സദ്ഗുണകാംക്ഷിക്കോ
'അർത്ഥ കാമ' ങ്ങൾ
'മോക്ഷ'ത്തിൻ പാതയിൽ
ഊർജ്ജ ദായകം
പാഥേയമായ് വരും

നീതിന്യായ സമന്വേന സൗഖ്യമായ്
കൃത്യ കർമ്മങ്ങൾ
സർവത്ര പൂജിതം
'മോക്ഷ'മത്രേ പരമമാം ലക്ഷ്യവും
ജന്മ കർമ്മത്താൽ പ്രാപിതം
'മോക്ഷ'വും

'ധർമ്മ' ശാസനം കാംക്ഷിപ്പൂ
സദ്വൃതം
കർമ്മ കാര്യേണ
ലോകാ സമസ്തവും
കൃത്യലോപങ്ങളേതുമേ കൂടാതെ
സത്യ തൃപ്തർ
പ്രപഞ്ചം മനോഹരം !

# മധുര പ്രതീക്ഷകൾ ഓരോ കിനാവിലും...



**അശോപ്പി ചേർത്തല**
**9388909583**

**ഒ**രു പുതുവത്സരം കൂടി പിറന്നുവീണിരിക്കുകയാണ്. ഫല പ്രാപ്തിയിലെത്താത്ത ഒത്തിരി പ്രതീക്ഷകൾ നിരാശയുടെ വിഴുപ്പുഭാണ്ഡത്തിൽ കിടന്ന് ഞെരിപിരി കൊണ്ടേയിരിക്കുന്നു. നമ്മുടെ പുത്തൻ പ്രതീക്ഷകളെല്ലാം കർമ്മപഥത്തിലെത്തിക്കുവാൻ ഇനിയെങ്കിലും നമുക്ക് ആത്മാർത്ഥമായി ശ്രമിച്ചു തുടങ്ങാം.

മറ്റുള്ളവരുടെ സൗഹൃദങ്ങൾ നിർലോഭം സമ്പാദിക്കുവാനും നിരവധി ഭിന്നരുചികളുള്ള അവരുടെ അനുഭവസാക്ഷ്യങ്ങൾ പങ്ക് വയ്ക്കുവാനും കഴിഞ്ഞാൽ നേരായ രീതിയിൽ അതുവഴി ജീവിതവിജയം കരസ്ഥമാക്കുവാനുള്ള മാർഗ്ഗം സ്വായത്തമാക്കാവുന്നതാണ്.

ധീരൻമാരും ആത്മവിശ്വാസമുള്ളവരും ഒരിക്കലും, പരാജയങ്ങൾക്കുമുന്നിൽ കീഴടങ്ങുകയില്ല. വിജയിക്കും എന്ന ശുഭാപ്തി വിശ്വാസത്തോടെ മനസ്സുറച്ച് നിരന്തരം പ്രയത്നിച്ചാൽ വിജയം നേടുക തന്നെ ചെയ്യും.

നെപ്പോളിയൻ പോലും പലതവണ പരാജയത്തിന്റെ രുചി അനുഭവിച്ചറിഞ്ഞയാളാണ്. അവസാനം വിജയത്തിലെത്തുക തന്നെ ചെയ്തു. ഒരു വൈദ്യുതബൾബ് എങ്ങനെ തെറ്റായ രീതിയിൽ നിർമ്മിക്കാമെന്ന് തോമസ് ആൽവാ എഡിസൺ 9999 തവണ പരീക്ഷിച്ചു. പിന്നീട് നല്ല ഒരു ബൾബുണ്ടാക്കി ലോകമനസ്സിലേക്ക് പ്രകാശം ചൊരിഞ്ഞു. ഇരുപത്തിരണ്ടാം വയസ്സിൽ ആദ്യമായി നിയമസഭയിലേക്ക് മത്സരിച്ചുതുടങ്ങിയ എബ്രഹാം ലിങ്കൺ അവിടം മുതൽ ആറുപ്രാവശ്യം തോറ്റുതുന്നംപാടി. ഒടുക്കം അൻപത്തി രണ്ടാമത്തെ വയസ്സിലാണ് അദ്ദേഹം അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്.

പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണെന്നല്ലേ വയ്പ്. കൂടുതൽ ശ്രേഷ്ഠമായ ഉത്തരവാദിത്വങ്ങളിലേയ്ക്ക് കടന്നുചെന്ന് ഉയർന്നവിജയം കരസ്ഥമാക്കുവാനുള്ള പ്രകൃതിയുടെ മുന്നറിയിപ്പു കൂടിയാണ് തുടർച്ചയായുള്ള പരാജയങ്ങൾ. പ്രതിസന്ധികളിൽ തളരാതെ വർദ്ധിതവീര്യത്തോടെ മുന്നോട്ടുനീങ്ങുമ്പോൾ പ്രതീക്ഷകളൊക്കെയും നിറവസന്തമാർന്ന് പൂവണിയുന്നത് നമുക്ക് കൺകുളിർക്കേ കണ്ടുരസിക്കാവുന്നതാണ്.

നിത്യജീവിതത്തിൽ പലവിധ ദുരിതങ്ങൾ അനുഭവിക്കുന്നവരാണല്ലോ നമ്മൾ. എന്നാൽ ഉദാത്തമായ പ്രതീക്ഷകൾ വെച്ചുപുലർത്തുന്നവർ നഷ്ടസ്വപ്നങ്ങളെക്കുറിച്ചോർത്ത് വ്യാകുലപ്പെടാറില്ല. ദൈവമേ, എനിക്ക് ഈ ഗതി വന്നല്ലോ എന്ന് പരിതപിക്കുന്നതിനുപകരം, ഞാൻ ഇത്രടംവരെ എത്തിയല്ലോ എന്ന് ക്രിയാത്മകമായി ചിന്തിച്ച് വീണ്ടും ഉയരങ്ങളിലേയ്ക്ക് പറന്നുകയറുവാൻ ശ്രമിക്കുന്നതല്ലേ നല്ലത്.

പ്രശസ്ത ഭിഷഗ്വരൻ ഡോ. സാനിയേൽ ഗോൾമൻ 'അമേരിക്കൻ ഹെൽത്ത്' മാസികയിലെഴുതിയ 'ഹോപ് ഈസ് ഹെൽത്ത്' എന്ന ലേഖനം പ്രതീക്ഷയെക്കുറിച്ച് വളരെ വലിയ ഉൾക്കാഴ്ച്ച നല്കുന്ന ഒന്നാണ്. രോഗങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിൽ ഔഷധങ്ങളേക്കാളേറെ മാസ്മരശക്തിയാണ് പ്രതീക്ഷകൾക്കുള്ളതെന്ന് അദ്ദേഹം അടിവരയിട്ട് സൂചിപ്പിക്കുന്നു.

നമ്മെ ജീവിക്കാൻ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതും കർമ്മനിരതരാക്കുന്നതും പ്രതീക്ഷകളാണ്. നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന സ്വപ്നസഞ്ചാരങ്ങളാണ് പ്രതീക്ഷകൾ. ഈ പുതുവർഷപ്പുലരിയിൽ പഴയതെല്ലാം ഉരിഞ്ഞുകളഞ്ഞ് പുത്തൻ പ്രതീക്ഷകൾ യാഥാർത്ഥ്യമാക്കുവാൻ നമുക്കെല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ●

■ കവിത

## കരിവള



**ജിനു പ്രഭാകരൻ**
**8547589735, 9061101483**

അവളുടെ അന്ധകാരത്തിൽ
ഒരു റാന്തൽ വെളിച്ചമായ്
നീ ഏകിയ തിരിനാളം...

മനസ്സിന്റെ മടുപ്പുമുറിയിൽ
ശ്വാസം മുട്ടിച്ചു
അവൾ ഒളിപ്പിച്ചുവച്ച
കരിവളകൾ...


ഇന്നും ഇടയ്ക്കെങ്കിലും
കുത്തി വേദനിപ്പിക്കാറുണ്ട്,
വിജനമായ് തീരങ്ങളിൽ
അവളെ ഒറ്റയ്ക്കാക്കാതെ
നീ ബാക്കിവെച്ച അവളുടെ
പൊട്ടിയ കരിവളകൾ...

■കതിരും പതിരും

# പുതുച്ചൊല്ലുകൾ


സൈനുദീൻ മുണ്ടക്കയം

9947253006

1.

മനസ്സിൽ ചുമന്നുനടക്കുന്ന ദൈവത്തെ-
മല കേറിച്ചെന്നു വണങ്ങേണമോ ?
തത്ത്വമസിയെന്നവിടെ കുറിച്ചത്-
തത്ത്വത്തിൽ നിന്നെയും ചേർത്തുതന്നെ !

2.

നരേന്ദ്രമോദിക്ക് 'സോൾ' സമാധാനസമ്മാനം
ഹാ! എന്തൊരാശ്വാസം ! സഫലമായ് യാത്രകൾ !!

3.

കോടതിയേയും ദൈവത്തേയും നമ്പി,
പമ്പ കടന്നപ്പോൾ വെമ്പി !!

4.

തന്റെ പ്രവൃത്തിയെ ന്യായീകരിക്കുവാൻ
തന്ത്രശാലിക്കുപായങ്ങളേറെ.

5.

ഇരന്നും വിലയ്ക്കും കിട്ടുന്ന പദവികൾ,
നിലയ്ക്കില്ല, നിന്ദിതമായ് അധഃപതിക്കും.

6.

കണ്ണിമയ്ക്കാതെ കാക്കണം സ്വാതന്ത്ര്യം
കൺകെട്ടുകാർ ചതിക്കാതെ നോക്കുക.

7.

സൃഷ്ടി സ്ഥിതി സംഹാരമൊക്കെയും-
ദൈവത്തിൻ കരങ്ങളാലത്രേ !!
പ്രശ്നങ്ങൾ സൃഷ്ടിച്ച് ഭരണം നടത്തുക.
രാഷ്ട്രീയക്കാരന്റെ ഇച്ഛയത്രേ !!

8.

ഭരണം പിടിക്കാൻ നുണകൾ പറയാം
പാഴ്‌വാഗ്ദാനങ്ങൾ നിരക്കെ വിളമ്പാം;
കയ്യൂക്ക് കാട്ടാം, കയ്യിട്ടുവാരാം-
കപട തന്ത്രങ്ങളാൽ നിലനില്പ്പുനേടാം.

9.

ഹിന്ദുത്വമെന്ന മഹത്തായൊരാശയം
രാഷ്ട്രീയക്കാരിന്നു കളിപ്പാട്ടമാക്കുന്നു.

10.

എല്ലാമതങ്ങളും നല്ലതുചൊല്ലുമ്പോൾ
നല്ലതല്ലാത്തതു തേടുന്നു മാനുഷർ.

11.

രാഷ്ട്രത്തെ രാഷ്ട്രീയം വിഴുങ്ങുന്നു,
രക്ഷകരാവതിങ്ങാരുതാനോ ?

12.

പക്ഷം പിടിക്കുന്നു, കക്ഷിപിളരുന്നു,
കക്ഷത്തിലാക്കുവാനുണ്ടനേകർ.
തമ്മിലടിച്ചുപിരിയും ജനതയെ-
ഒന്നിച്ചു കൂട്ടുവാനാരുമില്ല.

13.

ആശയങ്ങളാമശയത്തിലൂടെ-
പുറത്തേക്കുതള്ളുന്ന വിരുതരെ;
നമ്പരുതാരുമവർക്കു കസേരകൾ-
തള്ളിക്കൊടുത്താലവർ ഭരിക്കും.

14.

കാഷായമിന്നൊരു ഫാഷനായി-
വേഷം ധരിച്ചു നടപ്പവർക്ക്,
ഘോഷങ്ങളാരവമൊക്കെ വേണം-
ശേഷം സുഖങ്ങളും പഥ്യമാണ്.

15.

ലോകം മുഴുവൻ പ്രശ്നങ്ങൾ,
ലോകരിതെന്തേ മിണ്ടാത്തെ;
മിണ്ടുന്നോന്റെ നാവരിയാൻ
ഓന്തും തവളയുമെത്ത്യേക്കും.

16.

അമ്പടാ ! ഞാനെന്ന ഭാവം വെടിയാതെ-
വമ്പനൊരുത്തനും വാഴുകില്ല.

17.

വാക്കിന് വിലയുണ്ടെങ്കിൽ
വാക്കിന്നുടമയ്ക്കു മുണ്ട് വില !!

18.

എന്റെ ന്യായത്തിനുള്ള ന്യായം-
നിന്റെ ന്യായത്തിനില്ല നൂനം !!

19.

ഭക്തന്റെ ഭക്തിതിരിച്ചറിയാൻ
ചക്കയല്ലല്ലൊന്നു ചൂഴ്ന്നുനോക്കാൻ.

20.

കാപട്യമേറെ മനസ്സിലുള്ളോൻ-
കൗശലപൂർവ്വം പ്രതികരിക്കും.

21.

കാര്യമില്ലാതെ കലമ്പുന്നോൻ
കാലക്കേടിന്നിരയാകും.

22.

കല്മഷമുള്ളിൽ നിറഞ്ഞവന്ന്
കല്മഴയേൽക്കും സൂക്ഷിച്ചോ !!

23.

ദിവ്യനാകാനിറങ്ങി പുറപ്പെട്ടു-
ദൈന്യനായി തിരിച്ചിങ്ങുപോന്നു.

24.

ചീഞ്ഞുനാറുന്നതൊക്കെ നദികളിൽ
പുണ്യമെന്നുകരുതിയൊഴുക്കുന്നു;
ദാഹനീരായ് കുടിക്കുന്ന ജീവികൾ
ദീനം പിടിച്ചു പിടഞ്ഞുമരിക്കുന്നു.

25.

ആഹ്വാനം ചെയ്യാൻ നേതാവ്,
രക്തം ചിന്താനനുയായി... എന്താല്ലേ ?!

26.

രക്ഷകർ ചുറ്റിലുമുണ്ടെങ്കിൽ
വെല്ലുവിളിക്കും ഞാനാരേം...!

27.

ആയുധമേന്തി നടപ്പവന്,
ആയുസ്സൊരല്പം കുറവുവരാം.

28.

വ്യാമോഹത്തിന്നതിരില്ല,
വ്യാധികളാധികളൊഴിയില്ല.

29.

മുറാളന്മാർ മുന്നിൽനിന്നാൽ
മര്യാദയ്ക്കൊരു വിലയില്ല.

# വിജ്ഞാനച്ചെപ്പ്

പ്രിയപ്പെട്ട വായനക്കാരെ,

**2019** എന്ന പുതുവത്സരത്തിൽ ഏക തത്ത്വ വിവിധ കർമ്മ പരിപാടികൾക്ക് തുടക്കം കുറിക്കുകയാണ്. വൈവിധ്യപൂർണ്ണമായ രചനകളോടൊപ്പം 'വിജ്ഞാന ചെപ്പ്' എന്ന പംക്തി കൂടി ആരംഭിക്കുകയാണ്. ഏവരും അവശ്യം അറിഞ്ഞിരിക്കേണ്ട വിജ്ഞാനത്തോടൊപ്പം വിജ്ഞാന കുതുകികൾക്കും മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കും ക്വിസ് മത്സരാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും മറ്റും പ്രയോജനപ്പെടുത്താവുന്ന ഈ തുടർ പംക്തി കൈകാര്യം ചെയ്യുന്നത് ഡോ. ഒ. സി. പ്രമോദാണ്. രണ്ട് ദശാബ്ദത്തോളം കാലം അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഇദ്ദേഹം സ്വായത്തമാക്കിയ അറിവുകൾ ഏക തത്ത്വ വായനക്കാർക്ക് വേണ്ടി പങ്ക് വയ്ക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും വൈവിധ്യമായതും എന്നാൽ സാധാരണ വായനക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ രസകരമായി അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഡോ. പ്രമോദ് നിലവിൽ അടൂർ സെന്റ് സിറിൾസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും കേരള സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറുമാണ്. ദേശീയ-അന്തർദേശീയ സെമിനാറുകളിൽ ഇരുപതോളം ഗവേഷണ പ്രബന്ധങ്ങൾ ഇദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. വിജ്ഞാനച്ചെപ്പിൽ ഈ പ്രാവശ്യം അവതരിപ്പിക്കുന്നത് 'റോമൻ നമ്പർ' സമ്പ്രദായത്തെപ്പറ്റിയാണ്.

# റോമൻ നമ്പർ സമ്പ്രദായം



ഡോ. ഒ. സി. പ്രമോദ്
9446071421

**വി**വിധ രാജ്യങ്ങളിൽ പല കാലഘട്ടത്തിൽ വ്യത്യസ്ത രീതിയിലുള്ള നമ്പർ സമ്പ്രദായം ആയിരുന്നു സ്വീകരിച്ചിരുന്നത്. ഇന്ന് ലോകമെമ്പാടും പൊതുവെ സ്വീകരിച്ചിരിക്കുന്നത് അറബിക് നമ്പർ (1,2,3,4,5...) സമ്പ്രദായമാണ്. മലയാളത്തിലും ഹിന്ദിയിലും അടക്കം വിവിധ ഇന്ത്യൻ ഭാഷയിൽ അവരുടേതായ നമ്പർ സമ്പ്രദായം ഉണ്ടായിരുന്നെങ്കിലും, ഇന്ന് അതൊക്കെ അവഗണിക്കപ്പെട്ടു. തലമൂത്ത കാരണവർമാരുടെ മനസ്സിൽ മാത്രം ഇന്ന് അത് ഒതുങ്ങിപ്പോയി എന്ന് തോന്നുന്നു. പക്ഷെ പുരാതന റോമൻ ജനത ലാറ്റിൻ ലിപികളിൽ എഴുതിയ റോമൻ നമ്പർ സമ്പ്രദായം ലോകത്തെമ്പാടും ഇന്നും പിടിച്ച് നിൽക്കുന്നു. ഒന്നു മുതൽ പത്ത് വരെ സാധാരണക്കാരനും 11 മുതൽ 39 വരെ ഭാഷാസ്നേഹികളും എഴുതുമെങ്കിലും അതിന് മുകളിലോട്ട് പലർക്കും അപ്രാപ്യമാണെന്ന് തോന്നുന്നു. ലളിതമായ ഒന്ന്, രണ്ട് വിദ്യയിലൂടെ ഇത് സ്വായത്തമാക്കാൻ ഏവർക്കും സാധിക്കുന്നതാണെന്ന് സൂചിപ്പിച്ച് കൊള്ളട്ടെ.

ഗണിത ശാസ്ത്രത്തിൽ ചില ക്രിയകൾ മനസ്സിലാക്കുവാൻ ചില സൂത്രവാക്യങ്ങൾ (ചെപ്പടി വിദ്യകൾ) ഉള്ളതുപോലെ ഇത് മനസ്സിലാക്കാനും രണ്ട് ചെപ്പടി വിദ്യ പഠിച്ചാൽ മതി. <u>L</u>ittle <u>C</u>at <u>D</u>rink <u>M</u>ilk (പൂച്ചക്കുട്ടി പാൽ കുടിക്കുന്നു) എന്നതാണ് ആദ്യത്തെ ചെപ്പടി വിദ്യ. ഇതിൽ

L – 50 നേയും
C – 100 നേയും
D – 500 നേയും
M – 1000 നേയും ആണ് സൂചിപ്പിക്കുന്നത്.

ഇനി അടുത്ത വിദ്യ ചുവടെ കൊടുക്കുന്നു. 40, 90, 400, 900 – ഇവ 50, 100, 500, 1000 തുടങ്ങിയ സംഖ്യകൾക്ക് തൊട്ടു താഴെയുള്ള പ്രധാനപ്പെട്ട Round Figure കൾ ആണല്ലോ. ആയതിനാൽ

50 = L; 40 = XL (50 – 10)
100 = C; 90 = XC (100 – 10)
500 = D ; 400 = CD (500 – 100)
1000 = M; 900 = CM (1000 – 100)

അൻപതിനെയാണ് L സൂചിപ്പിക്കുന്നതെങ്കിലും തൊട്ടുതാഴെയുള്ള നാൽപ്പതിന് XL (50 – 10 = 40) എന്നും; C – നൂറിനെ സൂചിപ്പിക്കുന്നെങ്കിലും XC (100 – 10) 90 നെയാണ് സൂചിപ്പിക്കുന്നത്. അതുപോലെയാണ് 500 നെ സൂചിപ്പിക്കുന്ന D യും 400 നെ സൂചിപ്പിക്കുന്ന CD (500–100= 400) യും. CM (1000 – 100) 900 വും M ആയിരവും ആണ്. (മലയാള ഭാഷയിൽ നൂറ് വരുന്നതിനേക്കാൾ മുമ്പ് ഉച്ചാരണത്തിൽ തൊണ്ണൂറും ആയിരത്തിന് മുമ്പ് തൊള്ളായിരവും വരുന്നതുപോലെയാണ് ഇതും എന്ന് കരുതുക. അതേപോലെ മിലിറ്ററി സർവ്വീസിൽ കേണൽ എന്ന പദവിക്ക് താഴെയാണ് ലഫ്റ്റനന്റ് കേണലിന്റെ സ്ഥാനം.)

ഇത്രയും കാര്യം ഗ്രഹിച്ചതിന് ശേഷം (എഴുതിപ്പഠിക്കുക) നമുക്ക് ഒന്നുമുതൽ മുകളിലോട്ട് എഴുതിനോക്കാം.

## വിജ്ഞാനച്ചെപ്പ്

I - 1
II - 2
V - 5
X - 10
XV - 15
XX - 20
XXV - 25
XXX - 30
XL - 40 (50 - 10 = 40)
L - 50 (Little)
LV - 55

LX - 60
LXX - 70
LXXX - 80
XC - 90 (100 - 10 = 90)
C - 100 (Cat)
CX - 110
CXX - 120
CXL - 140
CL - 150
CLXXV - 175
CC - 200

CCL - 250
CCLXXV - 275
CCC - 300
CD - 400 (500 - 100)
D - 500 (Drink)
DX - 510
DXX - 520
DL - 550
CM - 900 (1000 - 100)
M - 1000 (Milk)
MC - 1100


MCD - 1400
MD - 1500
MDC - 1600
MCM - 1900
MM - 2000

2000ന് MM എന്ന് എഴുതിയാൽ മതിയെങ്കിലും 1976 എന്ന് എഴുതാൻ MCMLXXVI എന്ന് എഴുതേണ്ടിവരും. ഇതൊക്കെക്കൊണ്ടുതന്നെയാണ് ചെറിയ നമ്പർ സൂചിപ്പിക്കാൻ മാത്രം റോമൻ നമ്പർ ഇന്ന് ഉപയോഗിച്ച് കാണുന്നത്. ●

# സർവ്വസ്വതന്ത്രർ

കഥ

**പി. ആർ. ജോസ്**
**9847946094**



സർക്കാർ സർവ്വീസിൽ തഹസിൽദാർ പദവിയിൽ റിട്ടയർ ചെയ്ത അയാൾക്കും അധ്യാപികയായി വിരമിച്ച ഭാര്യയ്ക്കും കൂടിയുള്ള ഏക മകനാണ് രഞ്ജിത്ത്. രഞ്ജിത്ത് പഠിച്ച് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ടന്റായി ജോലികിട്ടി. അതേ ബാങ്കിൽ ജോലിചെയ്തിരുന്ന വിനീതയുമായിട്ടാണ് രഞ്ജിത്തിന്റെ വിവാഹം. വിവാഹശേഷം കുട്ടികളുടനെ വേണ്ടതില്ലെന്ന് നവദമ്പതികൾ തീരുമാനിച്ചു. ഇതിനിടെ അയാളുടെ ഭാര്യയുടെ അസുഖത്തെത്തുടർന്ന് വീട്ടുജോലികൾ ചെയ്യാൻ സാധിക്കാതെയായി. മരുമകളായ വിനീതയുടെ ജോലി കഴിഞ്ഞ് അച്ഛനേയും അമ്മയേയും പരിചരിക്കുന്നതിൽ അവൾ നീരസം പ്രകടിപ്പിച്ചതിനെത്തുടർന്ന് അവരെ വൃദ്ധസദനത്തിലാക്കുവാൻ രഞ്ജിത്ത് നിർബന്ധിതനായി.


ഏതാനും മാസങ്ങൾ കഴിഞ്ഞു. സന്തോഷപ്രദമായ ജീവിതം. അമ്മയേയും അച്ഛനേയും നോക്കേണ്ടതില്ല. ആർഭാടചെലവുകൾക്കൊരു പഞ്ഞവുമില്ല. പുതിയൊരു കാർ വാങ്ങി. ഭക്ഷണമൊക്കെ സ്റ്റാർ ഹോട്ടലിൽ നിന്നുമാത്രമായി. എന്നാൽ അവരുടെ സന്തോഷം അധികകാലം നീണ്ടുനിന്നില്ല. അവർ ജോലി ചെയ്തിരുന്ന ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിച്ചതിനെത്തുടർന്ന് രഞ്ജിത്തിനേയും അതിനു കൂട്ടുനിന്ന വിനീതയേയും ജോലിയിൽനിന്ന് പിരിച്ചുവിട്ടു. തന്നെയുമല്ല ബാങ്കിന് ഭീമമായ നഷ്ടം നികത്തുവാൻ സാമ്പത്തികമായി ഇവർക്ക് സാധിക്കാത്തതുകൊണ്ട് രണ്ടുപേരും ജയിലിലുമായി. ഇപ്പോൾ ഇവർ ജയിലിൽ സർവ്വസ്വതന്ത്രരാണ്. ആർക്കും ആരേയും പരിചരിക്കേണ്ടതില്ല.

**അന്യന് നന്മ ചെയ്യുമ്പോൾ മാത്രമേ നമുക്ക് നന്മയുണ്ടാവൂ.**
- സ്വാമി വിവേകാനന്ദൻ -

കവിത

# 'റിട്ടയേർഡ് ലൈഫ്' ചിന്താധാര...

**അജയ് ബാലചന്ദ്രൻ**
**9895659050**




കുഞ്ഞുമക്കൾതൻ കുറുമ്പിനൊപ്പം
ഓല പന്തിനായ് പിച്ചവെച്ചോടും നേരം,
ഒരു കുഞ്ഞു കുമിളതൻ ആയുസ്സുപോലെ ഞാൻ
ആസ്വദിക്കുന്നതെൻ ബാല്യകാലം.
കണ്ണുനീരോടവർ യാത്രചൊല്ലും നേരം,
കിടാങ്ങളെപ്പോൽ ഞാനും കൊതിക്കും,
അവിരാമമാകുന്നോരവധിക്കാലം.

എൻ കൊച്ചുസൗധം അതായിരുന്നെൻ സ്വപ്നം,
എൻ സ്നേഹമാംമണ്ണിലതുയർന്നു നിൽപ്പൂ.
എൻ രക്തമാണതിൻ ഇഷ്ടികക്കല്ലുകൾ,
എൻ വിയൻപ്പാണതിൻ കെട്ടുറപ്പ്,
ഇന്നവിടെ ഞാൻ ഏകനെങ്കിലുമെന്നാളും
ഓർമ്മകളും ഞാനും വേർപിരിഞ്ഞീടാത്തൊ
രെൻ വീടുതന്നെയെൻ സ്വർഗ്ഗരാജ്യം.

കൂടെ ചിരിച്ചും രസിച്ചും നടന്നവർ,
സഖാക്കളവർ യാത്ര പറയാതെ മായുന്നു.
യാത്രപോയവരെ മാത്രം കീർത്തിക്കും ഈ ലോകം,
കണ്ണാലെ നിത്യം കാണുന്നൊരനുജരെ
വിസ്മരിക്കും ജനം,
എങ്കിലും ഞാൻ ചൊല്ലും
ഈ ലോക സൗഹൃദം ധന്യം,
ഇവിടെയൊന്നിച്ചിടും നിങ്ങളും ഞാനും
അനുഗ്രഹീതർ.

# ചൂല്



ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 0491-2578098

**പു**റത്ത് നിന്ന് വന്നടിഞ്ഞ മാലിന്യങ്ങൾ രോഗാണുക്കൾ പരത്തുന്നത് കണ്ടിരിക്കാൻ അവർക്ക് പറ്റിയില്ല. അവർ ഒരുമിച്ചു, ചിന്തിച്ചു, തീരുമാനങ്ങൾ എടുത്തു. ചിതറിക്കിടക്കുന്ന ഓലകൾ പിഴുതെടുത്ത് മൂർച്ചയുള്ള കത്തിക്കൊണ്ട് ഉഴിഞ്ഞു. അവ ഈർക്കകളായി. അത് മിനുങ്ങി. അവയെ ഒന്നിച്ചുകെട്ടി. ഒന്നിച്ചു കെട്ടിയപ്പോൾ അതിന്ന് ബലം വന്നു. ശക്തികൂടി. പേരുകിട്ടി. ചൂല്. എന്തിനേയും നേരിടാനുള്ള കരുത്ത് കിട്ടി.

എല്ലാവർക്കും സന്തോഷം. പുതിയ സ്വപ്നങ്ങൾ, ആവേശം വന്നു. ചൂല് ആഞ്ഞുവീശി. ചൂലിന്റെ കാറ്റിൽ മാലിന്യം പുറംതെറിച്ചു. ചൂലുമായി ജനം നൃത്തം ചവിട്ടി. ആ ആഘോഷം, ആ സന്തോഷം അധികകാലം നീണ്ടുനിന്നില്ല. ചുറ്റും നാറ്റം അനുഭവപ്പെട്ടു. പുറത്തുനിന്ന് വന്നടിഞ്ഞ മാലിന്യമല്ല. വീട്ടിൽ തന്നെ കൂടിക്കൂടി വരുന്നത്. ധനം വാരിക്കൂട്ടുന്നതിനിടയിൽ ചൂലിന്ന് അടിച്ചുവാരാൻ സമയമില്ലാതായി. ചൂല് ഉണ്ടാക്കിയ പലർക്കും മനം നൊന്തു. ചൂലിനെ വെറുത്തു. പുതിയ മാർഗ്ഗങ്ങൾ തേടി. പുതിയ ചൂലുകൾ വന്നു. പുല്ലിന്റെയും പ്ലാസ്റ്റിക്കിന്റെയും മറ്റും മറ്റും. പലതരം ചൂലു വന്നപ്പോൾ തമ്മിൽത്തമ്മിൽ മത്സരം വന്നു. അടിയായി വഴക്കായി പൊട്ടിത്തെറികളായി. ചൂലുകൾ വെള്ളിക്കമ്പികൊണ്ടും സ്വർണ്ണക്കമ്പികൊണ്ടും കെട്ടാൻ മാത്രം എല്ലാവരും ശ്രമിച്ചു. അതുണ്ടാക്കിയത് എന്തിനെന്നു മാത്രം മറന്നു.

ചൂലുകൾ ഒന്നും ചെയ്യില്ലെന്ന് മനസ്സിലാക്കിയവർ ഉണരണം. പുതിയ പുതിയ ചൂല് ഇനി വേണ്ട. ഒറ്റച്ചൂല് മതി. വെള്ളിക്കമ്പി കൊണ്ടും സ്വർണ്ണക്കമ്പികൊണ്ടും കെട്ടാത്ത വെറും കയറുകൊണ്ട് കെട്ടിയ ചൂല്. സാധാരണക്കാരന് പിടിക്കാവുന്നത്. അത് പിടിക്കുന്നവന്ന് സ്വാർത്ഥത ഉണ്ടാവരുത്. സ്വാർത്ഥത കണ്ടാൽ വെട്ടിക്കൊല്ലാൻ മടിക്കാത്ത വിപ്ലവങ്ങൾ ഇടയ്ക്കിടെ വരണം. ●

**Subscribe**
Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Send Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001

■ കഥ

# സെക്കന്റ് ഹാന്റ്



പ്രമോദ് മഞ്ചേരി
09495607393

**"പു**തിയ മോഡലിന് വെയിറ്റ് കുറവാണല്ലോ?"

"അതു പിന്നെ, സാർ മൈലേജ് കൂട്ടാൻ വേണ്ടി കമ്പനിക്കാർ ചെയ്യുന്ന വിദ്യകൾ അല്ലേ? ഫീച്ചറുകൾ ഒരുപാടു കൂടിയിട്ടുണ്ട്, മാത്രമല്ല സേഫ്റ്റിയ്ക്ക് എയർ ബാഗും. പഴയകാർ നല്ലവിലയ്ക്കെടുകയും ചെയ്യാം. സർക്കാരുദ്യോഗത്തിലാണെങ്കിൽ മുപ്പതിനായിരം കാഷ് റിഡക്ഷൻ... ഭാവിയിൽ ഇങ്ങനത്തെ കാർ മാത്രമേ കാണുകയുള്ളൂ സർ, പഴയ കാറിനി അധികമോട്ടേണ്ട... വില കുറയും."

"ശരി ചങ്ങാതി ഓൺ റോഡ് എത്രയാവും എന്നൊരു എസ്റ്റിമേറ്റ് തരൂ"

ഉണ്ണിക്കുട്ടൻ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. വീട്ടിലെത്തി അവനതൊക്കെ അവന്റെ ഭാഷയിൽ അപ്പൂപ്പനൊടു വിവരിച്ചു.

"അപ്പൂപ്പാ, ഈ കാറുകൾ ഒക്കെ നമ്മളെപ്പോലെ തന്ന്യാ! പുതിയ മോഡലിന്ന് വെയിറ്റ് കുറവാകും, നോക്കു, ഉണ്ണിക്കുട്ടൻ എത്ര ചെറുതാ? ന്നാലും ഫീച്ചർ കൂടീട്ടുണ്ടാവും അപ്പൂപ്പന് മൊബൈലും ടിവീം ഒക്കെ ശര്യാക്കണതാരാ? ഉണ്ണിയല്ലേ?

പഴയ കാറിനും ഷോറൂമൊക്കെണ്ടത്രേ.. വയസ്സായോർക്കുള്ള വീടോൾ മാതിരി (വൃദ്ധസദനം). അധികം ഓട്യേതാണെങ്കിൽ പെട്ടെന്ന് ചിലവാവൂല്ല്യാത്രെ. അപ്പൂപ്പൻ ഇനി അധികം നടക്കാനൊന്നും പോവണ്ടാ ട്ടോ"

കേട്ടുകൊണ്ടിരുന്ന ശ്രീമതി തലയിൽ കൈവെച്ചു. ●

■ കവിത

## ഭാവനാപുരാണവും അനുബന്ധവും



എം. കെ. ശശിധരൻ
9847838361

ഇന്ദ്രധനുസ്സിനു ഞാണുകെട്ടി
കൊള്ളിമീനമ്പു തൊടുത്തു
നിശാചരൻ വില്ലു കുലചെയ്തു
ദേവന്റെ ദേവനാമവതാര-
പുരുഷനു നേരേ
സുമന്ദഹാസം വിരിഞ്ഞ
മുഖവുമായ് വിരാടപുരുഷൻ
തലകുനിച്ചു, പാഞ്ഞുപതിച്ച
ശരമതാ ദേവന്റെ
ചാരുഗളത്തിൽ പൂമാലയായി.
ദിഗന്തം നടുങ്ങും പോൽ ഗർജ്ജിച്ചു
രാക്ഷസൻ ചുരുട്ടി പിടിച്ച നഖങ്ങൾ
നീണ്ട മുഷ്ടിയുമായി നേർക്കടുത്തീടവെ
ദേവൻ കുനിഞ്ഞു നിലത്തുമണ്ണിൽ
നിന്നും വലിച്ചൊരു പുൽക്കൊടി-
യൊരുമാത്ര കൈയ്യിൽ പിടിച്ചു
ധ്യാനിച്ചു തൊടുത്തു രാക്ഷസൻ
അരികെത്തെത്തും മുൻപേ
പുൽനാമ്പുഗതിയിലൊരു ഘോര-
സർപ്പമായ് ചുറ്റിവരിഞ്ഞു
ഭീകരമായുള്ള യതികായനെ
സർവ്വബലവും സംഹരിച്ചു
വിക്രമത്തോടെ കുടഞ്ഞുനോക്കി
വിഫലം തളർന്നു ചോര ഛർദ്ദിച്ചു
രാക്ഷസൻ ശപ്തമാം മൃത്യുപൂകി
പിന്നെ കാണുന്നതാ പാമ്പിന്റെ
സ്ഥാനത്തു പൂർവ്വരൂപത്തിൽ
പുൽക്കൊടി മാത്രം...
പഴയൊരു കാവ്യബീജമോർത്തു
പോവുന്നു എത്ര ചെറുതാണ്
നീയെങ്കിലും ചെടീ, ഭൂമി
നിൻ കാൽചുവട്ടിൽ കിടപ്പൂ
ദേവാദിദേവൻ തിരഞ്ഞെടുത്ത
കേവലനായൊരു സസ്യമല്ലോ ?
നിന്നുടെ വംശപരമ്പരയിൽ
പൂക്കുന്നു ചാരിതാർത്ഥ്യത്തിനുചിരി
സ്വീകരിക്കുന്നു ഹർഷലോലം
വർഷമായ് കിട്ടുന്നയൂർജ്ജജലം
വരുമൊയെന്നെങ്കിലുമീവഴി-
യാ പെരുമാൾ കാത്തിരിക്കാം
യുഗം തീരും വരെയും...

■ കഥ

# എന്റെ വിജയം

എ. രാമകൃഷ്ണൻ
9447804135



വയസ്സ് മുപ്പത്തിയഞ്ചായി. ഇതെത്രാമത്തെ ജോലിക്കുവേണ്ടിയുള്ള ഇന്റർവ്യൂ തയ്യാറെടുപ്പാണ്? കൃത്യമായ കണക്കില്ല ! പതിവുപോലെ വെള്ളക്കുപ്പായവും കറുത്ത നരച്ച പാന്റ്സും തേച്ചുമിനുക്കി, ചെരുപ്പ് തുടച്ച് വൃത്തിയാക്കി ഒരുങ്ങി. ഇത്തവണയെങ്കിലും ദൈവം കനിയാതിരിയ്ക്കയില്ല; ദൈവം കരുണാമയനാണ്. സർട്ടിഫിക്കറ്റുകൾ എല്ലാം ഉണ്ടോ എന്ന് ഒന്നുകൂടി പരിശോധിച്ച് ഉണ്ടെന്ന് ഉറപ്പുവരുത്തി; തോൾ സഞ്ചിയിൽ ഒതുക്കി. ജോലി കിട്ടും; ഉറപ്പാണ്. റാങ്ക് ലിസ്റ്റിൽ ഒന്നാമനാണ്. ഇന്റർവ്യൂ അത്ര കഠിനമായിരിയ്ക്കയില്ല; തരപ്പെട്ടാൽ, തന്നെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന തന്റെ കുടുംബവും താനും രക്ഷപ്പെടും. അല്ലെങ്കിൽത്തന്നെ വല്ല അവാർഡോ ഏറ്റവും കൂടുതൽ ജോലിക്കുവേണ്ടിയുള്ള ഗിന്നസ് ബുക്ക് റെക്കോർഡോ പ്രതീക്ഷിച്ചിരിക്കുകയാണ്.

അകത്ത് ആയുർവേദ എണ്ണയുടേയും കുഴമ്പു മരുന്നിന്റേയും സമ്മിശ്രഗന്ധം. തളർന്നുകിടക്കുന്ന അപ്പന്റെ എണ്ണമയമുള്ള കാലുകളിൽ കൈവെച്ച് ഞാൻ പറഞ്ഞു "അപ്പാ... പോയ് വരട്ടെ ഞാൻ."

"നീയെവിടേക്കാണ്ടാ യീ വല തഞ്ചീം തൂക്കി വേഷോംകെട്ടി പോക്ണ് ?"

അപ്പനെന്നും അങ്ങിനെയാ പറയാറുള്ളത്. അമ്മ വീട്ടിലില്ല. "വലിയ കളപ്പാട്ടിൽ വലിയ തമ്പ്രാന്റെ വീട്ടിൽ" അടിച്ചുതളിക്കാൻ പുലർച്ചെ പോയതാണ്. മുതിരാത്ത സഹോദരങ്ങൾ പറപ്പായിൽ ചുരുണ്ടു കിടക്കുന്നു. കണ്ണിലെ നനവ് തുടച്ച് ഞാനിറങ്ങി. പതിനൊന്നര മണിക്കാണ് ഇന്റർവ്യൂ. നഗരത്തിലെ പ്രസ്തുത ഇന്റർവ്യൂ നടത്തുന്ന കേന്ദ്രത്തിൽ പതിനൊന്നിനുതന്നെ എത്തി.

സമയമായി. ഹാഫ് ഡോറിനുവെളിയിൽ നിന്നുകൊണ്ട് ആഫീസ് ബോയ് എന്റെ പേർ വിളിച്ചു. ഞാൻ ഭവ്യതയോടെ അകത്തുകടന്ന് ഇരിക്കുവാനുള്ള ആംഗ്യം കണ്ട് ഇരിക്കുന്നതിനുമുമ്പ് ഞാൻ "താങ്ക്യൂ സർ" എന്നു പറഞ്ഞു. മൂന്നുപേരിൽ നിന്നും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ പൊന്തി വന്നു. പരസ്പര ബന്ധമുള്ളതും അല്ലാത്തവയും... ഉത്തരങ്ങൾ ശരിയായും കൃത്യമായും പറഞ്ഞു. "സർ" സർട്ടിഫിക്കറ്റ് നീട്ടിക്കൊണ്ട് ഞാൻ പറഞ്ഞു.

"അത് കൈയ്യിലിരിക്കട്ടെ. താങ്കളുടെ പേർ ബന്ധപ്പെട്ടവർ ഇവിടെ ഏല്പ്പിച്ച ലിസ്റ്റിൽ ഇല്ലല്ലോ ? ശുപാർശയ്ക്ക് ആളില്ലായിരിക്കും; സാരമില്ല... ഒരഞ്ചുലക്ഷമെങ്കിലും..."

തടിച്ച ഫ്രെയിമുള്ള കണ്ണട വെച്ച ആഫീസ്സർ മുഴുമിച്ചില്ല.

"സർ, ഞാനൊരു പാവപ്പെട്ടവനാണ്. അത്രയും വലിയൊരു തുക... എന്റെ സങ്കല്പങ്ങൾക്കും അപ്പുറമാണ്. ഹരിജനങ്ങൾക്കുള്ള ക്വോട്ടയിലെങ്കിലും..."

"തരമില്ല, സോറി; ഖേദമുണ്ട് മിസ്റ്റർ."

അടുത്ത ഉദ്യോഗാർത്ഥിയുടെ പേർ വിളിക്കുവാൻ ആഫീസ് ബോയ് കടന്നുവന്നപ്പോൾ, ഞാനെന്റെ ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റുകൊണ്ട് ആ മുറി മുഴുവൻ കൂടുതൽ പ്രകാശമാനമാക്കി. വയ്യ, ഇനി ഇതാവർത്തിച്ചുകൂടാ... ഈ ലോകത്തോടുതന്നെ ഒരു വെല്ലുവിളി ഉയർത്തിക്കൊണ്ട് എന്നെക്കാത്തുകിടക്കുന്ന മുതലാളിമാരുടെ പാടശേഖരങ്ങളിലേക്ക് കയ്ക്കോട്ടുമായി ഞാനിറങ്ങി. ●

■ കവിത

# അയൽക്കാർ



ആർ. കെ. വള്ളിച്ചിറ
9496161911

തല്ലും തലോടലുമായിവിടെന്നും
പല്ലിനോടൊത്തു വാഴുന്നു നാവിതാ
നല്ല പാറാവുകാരനെപ്പോലുള്ള
ചൊല്ലെഴുന്നൊരാപ്പല്ലിനെക്കണ്ടിടാം
മല്ലന്മാരായ പല്ലുകൾക്കുള്ളിലായ്
നല്ല കുറ്റിമേൽ ബന്ധിതനായതാം
തെല്ലു വിശ്രമമില്ലാതെ വാഴുന്ന
വില്ലനായൊരാ നാവു വിലസുന്നു.
വല്യവായാടിയായൊരാ നാവിനു
നല്ല ശിക്ഷ കൊടുക്കുന്നു പല്ലുകൾ
പല്ലിനോടിന്നു മല്ലടിച്ചീടുവാൻ
തെല്ലുശേഷിയിങ്ങില്ലാത്ത നാവിന്
നല്ല വൈരാഗ്യമേറുകയാലിവൻ
നല്ലതല്ലാത്ത വാക്കുവിളിച്ചോതും
വെല്ലുവിളിച്ചടുത്തു വരുന്നവൻ
പല്ലുതല്ലിക്കൊഴിപ്പതും കണ്ടിടാം.
നല്ലയാളിനെ തല്ലുകൊള്ളിപ്പതും
ഇല്ലാവചനം പറഞ്ഞിട്ടിവിടെ
പൊല്ലാപ്പെല്ലാം വരുത്തി വച്ചീടുന്ന
തല്ലുകൊള്ളിക്കു പല്ലു പാറാവുമായ്
നല്ല ദേഷ്യം വരും സമയങ്ങളിൽ
പല്ലിറുമ്മുന്ന ശബ്ദവും കേട്ടിടാം
പല്ലും നാവുമിടഞ്ഞാൽ പെരും ശത്രു
നല്ലതായാലിവരേറെയുത്തമർ
നല്ല സ്നേഹാലിവരൊത്തു വാഴുകിൽ
ഇല്ല വേറെയയൽക്കാരിതുപോലെ
പല്ലുനാവുപോലുള്ളോരയൽക്കാരെ
നല്ലപോലിങ്ങു കണ്ടിടാം ഭൂവിതിൽ.
യേശുദേവനും ശ്രീഗുരുദേവനും
ഓതിത്തന്ന മഹത്തായൊരാശയം
തന്നെപ്പോലെയായ് താൻ കരുതീടണം
എന്നും തന്റെ അയലു തഴച്ചിടാൻ
പല്ലും നാവുമിടഞ്ഞു പലപ്പൊഴും
തമ്മിൽപ്പാര പണിവതുണ്ടെങ്കിലും
മാനവന്റെയുയർച്ചയ്ക്കു വേണ്ടിയി-
ങ്ങാവതെല്ലാം സ്വരുമയായ് ചെയ്തിടും.
മാനവനുമിതുപോലിവിടത്തിൽ
നാടിൻ നന്മയ്ക്കൊരുമയായ് നിൽക്കുവിൻ
ഭാരതത്തിന്റെ രക്ഷയ്ക്കുവേണ്ടി നാം
ധീരതയോടൊരുമിച്ചു വാഴുവിൻ!

■ കവിത

# ജീവിതം വരയ്ക്കുമ്പോൾ



ജലജ പ്രസാദ്
9048447917

വെള്ളക്കടലാസിലാണ്
ജീവിതം വരയ്ക്കേണ്ടത്
സമാന്തരങ്ങളായ വരകളിൽ
എങ്ങും തൊടാതെ പോകരുതത്...
നാലുവശവും അതിരിടണം
അകത്തുകയറി മാർക്കിടാതെ
അതിരിനരികെ
ഇട്ടുകൊള്ളണം നിങ്ങൾ.
തിളങ്ങുന്ന നിറത്താൽ
സ്നേഹം വരയ്ക്കണം
എത്ര വരച്ചാലും
സ്ഥലം ബാക്കി കാണണം.
പെൻസിൽ കൊണ്ടുവേണം
പരിഭവങ്ങളെ വരയ്ക്കാൻ
വേഗം മായ്ച്ചുകളയണമത്
സങ്കടങ്ങളെ ഒരു മൂലയിൽ
ഒതുക്കി വരയ്ക്കണം
ഒറ്റനോട്ടത്തിൽ ആരും കാണരുത്
പനിനീർച്ചെടി വരയ്ക്കണം
നടുവിൽ
മുൾത്തലപ്പിൽ പൂക്കളും
മറ്റാരും എത്തിപ്പിടിക്കരുത്
വെറുതെ പോലും ചായ്ച്
മണക്കരുത്.
ചുവന്ന മഷി
ശ്രദ്ധിച്ചുപയോഗിക്കണം
മായ്ച്ചാലും പാടവശേഷിപ്പിക്കും.
ചെന്തുള്ളികൾ ഒരിടത്തുതന്നെ
വീണ്ടും വീണ്ടും വരച്ച്
കടലാസ് ഓട്ടയാക്കരുത്.
കുത്തിവരയിലും
മിഴിവുള്ള ചിത്രങ്ങൾ
വായിച്ചെടുക്കാനാവണം.
ഒരിടത്തും നിറങ്ങൾ പടരരുത്
വേർതിരിച്ചെടുക്കാൻ
പ്രയാസമാവും.
ഉയരത്തിൽ
ഫ്രെയിം ചെയ്ത് വെക്കണം
ആർക്കും ചുരുട്ടിക്കൂട്ടാൻ
കഴിയരുത്.
ഇഷ്ടമുള്ളവർ നോക്കി വരച്ചോട്ടെ
പക്ഷേ, ലേലത്തിൽ പോവരുത്.


# സ്നേഹപ്രവാഹം

കെ. ആർ. ജയശ്രീ രാജഗോപാലൻ
7559969971



സ്നേഹത്തിൻ നീല
ഛായയാംനിൻ
വെന്തുരുകുന്നൊരെൻ മനസ്സിൻ
ആശ്വാസമേകുന്ന തെന്നലായി
ആശയേകും പ്രതീക്ഷയായി.
എന്നെന്നും എന്നുള്ളിൽ
തെളിഞ്ഞുനിൽപ്പു.
നെയ്ത്തിരി ദീപമായ്
പ്രകാശിക്കുന്നു.
വേദനയൊക്കെ അകറ്റിനിൽപ്പൂ
ഔഷധമാകുന്ന സ്നേഹധാര.
തേൻ മഴയായി നീ എന്നെന്നും
എന്നിൽ ചൊരിഞ്ഞുനിൽപ്പൂ.
ചന്ദ്രിക ചിന്തുന്ന നീലരാവിൽ
പുഞ്ചിരി, പാലായി
ഒഴുകിനിൽക്കേ...
നിലാവിൽ കുളിച്ചൊഴുകുന്നരുവീ...
നീ എന്തേ എൻ മനം അറിഞ്ഞതില്ല
മുല്ലയും മന്ദാരം നിശാഗന്ധിയും
എന്നും വിടരുമീ ചന്ദ്രികയിൽ
എന്തെ എൻ വേദന മറന്നുപോയി
കളിനാദം മുഴക്കുന്ന, കാട്ടരുവീ
തുള്ളിക്കളിച്ചു നീ ഒഴുകിടുന്നു.
ഒന്നും അറിയാതെ ഒഴുകിടുന്നു
കളകളനാദം മുഴക്കിടുന്നു.

# ജാതി ബീജം



ആനന്ദ് സി. മേനോൻ
9746498340, 8943343278

**നേ**രിയ ചൂട് അനുഭവപ്പെടാൻ തുടങ്ങി. അത് കുറേശ്ശെ കുറേശ്ശെ കൂടിവരുന്നു. എന്നെ പൊതിഞ്ഞിരിക്കുന്ന മഞ്ഞ് ഉരുകുവാൻ തുടങ്ങിയിരിക്കുന്നു. തണുത്തുറഞ്ഞ ഈ പ്രതലത്തിൽ നിന്നും മോചനമായിരിക്കുന്നു. ഇതിനു മുൻപുള്ള അവസരങ്ങളിൽ ഉണ്ടായപോലുള്ള ഏറ്റക്കുറച്ചിലുകളോ കലാശക്കൊട്ടോടൊപ്പം ബഹിർഗമിക്കുന്ന ശബ്ദഗോഷങ്ങളോ ഇത്തവണ ഉണ്ടായിരുന്നില്ല. അണ പൊട്ടിയൊഴുകിയ പ്രവാഹത്തിന്, പക്ഷെ, സാധാരണ പോലെ നല്ല തീക്ഷണത ഉണ്ടായിരുന്നു. കഴിഞ്ഞ രണ്ടു യാത്രകളും മുഴുമിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ആദ്യത്തെത് നിറവും, മണവുമുള്ള ഒരു റബ്ബർ ഉറയിൽ അവസാനിച്ചെങ്കിൽ, രണ്ടാമേത്തെത് ഫല്ലോപ്പ്യൻ ട്യൂബിൽ വച്ചുള്ള മത്സര ഓട്ടത്തിൽ പുറന്തള്ളപ്പെട്ടു. ഇത്തവണ കൂടുതൽ അത്മവിശ്വാസം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ എല്ലാവരെയും പിന്തള്ളി മുന്നിൽ തന്നെ ആയിരുന്നു. ലക്ഷ്യം മാത്രമായിരുന്നു മനസ്സിൽ. പക്ഷെ അവസാനം ഈ വന്ധ്യതാ പരിശോധനകേന്ദ്രത്തിൽ, ഒരു അണുവിമുക്തമായ സഞ്ചിയിൽ തണുത്തുറഞ്ഞു കിടക്കാനായിരുന്നു വിധി എന്ന് പിന്നീടാണ് മനസ്സിലായത്.

ഒരു നീണ്ട മയക്കത്തിൽ നിന്നും ഉണർന്ന പോലെ. ആദ്യം ഓർമ്മ വന്നത് എന്റെ പിതാവിനെക്കുറിച്ച് ബീജം ശേഖരിച്ചു സൂക്ഷിക്കുന്ന വിഭാഗത്തിലെ ടെക്നീഷ്യൻമാർ അന്യോന്യം പറഞ്ഞു ചിരിക്കുന്നത് കേട്ട കാര്യമാണ്.

"അവസാനം അവന് പറ്റിയ ജോലി തന്നെ കിട്ടി. വിത്ത് കാളയായി കോണ്ട്രാക്റ്റ് ഒപ്പിട്ടു. അവന്റെ ഭാര്യമാർക്ക് അത്ര നേരമെങ്കിലും സ്വൈര്യം കിട്ടിക്കോട്ടേ"

ചൂട് കൂടിവന്നു, മയക്കം മാറ്റാനോ എന്തോ എല്ലാവരെയും കുളിപ്പിക്കാനുള്ള തയ്യാറെടുപ്പാണ്. പലരും ഇപ്പോഴും മയക്കത്തിൽ തന്നെയാണ്. അപഥ സഞ്ചാരിയായ പിതാവിനെപോലെ ആവരുത്, ഒരു നല്ല മനുഷ്യനായി ഭൂമിയിൽ ജനിച്ചു കുറെ കാലം ജീവിച്ചു മരിക്കണം എന്ന അതിയായ ആഗ്രഹമുണ്ട്. ആ വാശി ഉള്ളതുകൊണ്ടുതന്നെയാണ് കിട്ടിയ ഈ അവസരം നഷ്ടപെടുത്തി കൂടാ എന്ന് തീരുമാനിച്ചുറച്ചത്. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ശക്തിയായ കറക്കത്തിലും വൃത്തിയാക്കലിനു മിടയിൽ, നില തെറ്റാതെ നിന്ന് കരുത്തു തെളിയിച്ചു. വിജയിയായത് കൊണ്ടാകാം എന്നെ തന്നെ ആദ്യം തിരഞ്ഞെടുത്തു ഫല്ലോപ്പ്യൻ ട്യൂബിൽ ലക്ഷ്യസ്ഥാനത്തിനടുത്തു തന്നെ ഭദ്രമായി നിക്ഷേപിച്ചത്.

ലക്ഷ്യം വളരെ അടുത്ത്, മത്സരം ഇല്ല എന്ന് തന്നെ പറയാം. അവസാനം, എന്നെ പ്രതീക്ഷിച്ചിരിക്കുന്ന അവളെ കണ്ടു. കരുതിയതിനേക്കാൾ മനോഹരിയാണ് അവൾ. ഒട്ടും സമയം കളയാതെ, ആർത്തിയോടെ അവളുടെ സവിധത്തിലേക്ക് ഊളിയിട്ടിറങ്ങി. അന്യോനം പുണരുമ്പോൾ അവളോട് പറഞ്ഞു. "ഈ നിമിഷം മുതൽ നമ്മൾ ഒന്നാണ്. ഇനി നമ്മൾക്ക് രണ്ടു ചിന്തകളില്ല. രണ്ട് അപൂർണതകൾ ഒന്നിച്ചു പൂർണരൂപമായിരിക്കുന്നു. നീണ്ട ഒരു ജീവിതത്തിലേക്കുള്ള യാത്ര ഇവിടെ തുടങ്ങുന്നു"

നെടുവീർപ്പോടെ അവൾ മറുപടി പറഞ്ഞു : "എങ്ങിനെ നന്ദി പറയണം എന്നറിയില്ല... ജീവിതാവസാനം വരെ ഒരു മച്ചിയായി കഴിയേണ്ടി വരുമോ എന്ന പേടിയായിരുന്നു എനിക്ക്"

പിന്നീടുള്ള ദിവസങ്ങൾ സന്തോഷപ്രദമായിരുന്നു. കാത്തിരുപ്പിന്റെ ദിവസങ്ങൾ. ആദ്യം രണ്ടു വലിയ കണ്ണുകൾ പിന്നെ കാതുകൾ പതുക്കെ, പതുക്കെ കൈകൾ, കാലുകൾ അങ്ങനെ ദിവസങ്ങൾ പോയതറിഞ്ഞില്ല. ഇതിനിടയിലെന്നോ വളർച്ചയുടെ ഒരു ഘട്ടത്തിൽ ഞങ്ങൾ ഭ്രൂണം എന്ന നാമധേയത്തിൽ അറിയപ്പെടാൻ തുടങ്ങി.

സന്തോഷത്തിനു വിരാമമിട്ടുകൊണ്ട് അപ്രതീക്ഷിത കാര്യങ്ങൾ സംഭവിക്കാൻ തുടങ്ങി. മറു പിള്ളയിൽ നിന്നും യഥേഷ്ടം കിട്ടിക്കൊണ്ടിരുന്ന ഭക്ഷണ ശ്രോതസ്സ് കുറയാൻ തുടങ്ങി. മാത്രമല്ല, ഒന്നായ ഞങ്ങളെ വഹിക്കുന്ന മാതാവിന്റെ രക്തസമ്മർദ്ധത്തിൽ അടിക്കടി വ്യതിയാനങ്ങൾ വന്നുകൊണ്ടിരുന്നു. അത് ഞങ്ങളെ നിരന്തരം പേടിപ്പിച്ചു. ഒന്നും മനസ്സിലാവുന്നില്ല ഈ മൂന്ന് മാസവും വളരെ ശ്രദ്ധിച്ചാണ് അമ്മ ഞങ്ങളെ കൊണ്ട് നടന്നിരുന്നത്. പെട്ടെന്ന് എന്ത് പറ്റി? ഇനി ഒരു ഏഴ് മാസം കൂടി താങ്ങാൻ എന്റെ അമ്മക്ക് ശക്തിയുണ്ടാവില്ലേ...?

ഞങ്ങളെ കുറിച്ചുള്ള ആധിയാണ് അമ്മെക്കെന്നു എപ്പോഴോ ഞങ്ങൾക്ക് തോന്നിത്തുടങ്ങി. ചെറുതായി ചലിക്കാനുള്ള ശേഷി കൈ വന്നപ്പോൾ, ബദ്ധപ്പെട്ടു ബ്രൂണത്തിനു അന്നം തരുന്ന കുഴലിൽ പിടിച്ചു മെല്ലെ അമ്മയുടെ പൊക്കിൾ ദ്വാരത്തിൽ ചെവി വച്ച് പുറത്തെ സംഭവ വികാസങ്ങൾ മനസ്സിലാക്കാൻ തുടങ്ങി. കുറെ പ്രാവശ്യം കേട്ടപ്പോൾ ഒരു ഞെട്ടിക്കുന്ന വസ്തുത മനസ്സിലായി. ഭ്രൂണത്തെ നശിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് പുറത്തുള്ളവർ.

വളർന്നുവരുന്ന ഞങ്ങളെ ഇല്ലാതാക്കാനുള്ള ബാഹ്യസമ്മർദ്ധമാണ് അമ്മയെ പെട്ടെന്ന് തളർത്തിയത്. പക്ഷെ എത്ര ആലോചിച്ചിട്ടും അതിനുള്ള കാരണം മനസ്സിലാവുന്നില്ല. ഞങ്ങളുടെ പരിമിത അറിവിൽ, ഞങ്ങളുടെ വളർച്ച തൃപ്തികരമാണ്. മാത്രമല്ല ലിംഗ വ്യത്യാസമറിയാൻ ഇനിയും സമയമുണ്ട്. അല്ലെങ്കിലും, ഇത്രയും കാലം ഒരു കുഞ്ഞിക്കാല് കാണാൻ കാത്തിരുന്നവർക്ക്, ആണായാലും പെണ്ണായാലും പ്രശ്നമുണ്ടാവാൻ വഴിയില്ലല്ലോ.

സ്വന്തം ജീവന്മരണ പോരാട്ടമായതുകൊണ്ട് മുഴുവൻ ശ്രദ്ധയും പുറത്തേക്കു തന്നെയായി. അപ്പോ

ഴാണ് ഞങ്ങളുടെ നിഘണ്ടുവിൽ ഇല്ലാത്ത ഒരു വാക്ക് പലവട്ടം, പലരുടെയും ശബ്ദത്തിൽ ഉച്ചത്തിൽ ചെവിയിൽ മുഴങ്ങി കേട്ടത്.

''എന്ത് പറഞ്ഞാലും ജാതി അറിയാത്ത തന്തക്കു ഉണ്ടായതു നമ്മൾക്ക് വേണ്ട അതിനെ നശിപ്പിച്ചേ പറ്റൂ....''

എന്റെ പിതാവിന്റെ പേര് സൂചിപ്പിച്ചതുകൊണ്ടും, എന്നെ നേരിട്ട് ബാധിക്കുന്ന ഒന്നായത് കൊണ്ടും ഞാൻ ചിന്തിച്ചു നോക്കി. എന്റെ പിതാവ് ആരോഗ്യമുള്ള ഒരു മനുഷ്യനാണ് എന്നതിലുപരി ഇവിടെ മറ്റെന്തിനാണ് പ്രസക്തിയുള്ളത്. ഒരുപക്ഷെ അദ്ദേഹം ഒരു ഊരുതെണ്ടിയായിരുന്നിരിക്കാം, പക്ഷെ ഞാൻ അങ്ങനെ ആവണം എന്നില്ലല്ലോ... അതെല്ലാം പോട്ടെ ഇവിടുത്തെ ഡോക്ടർമാർ ഈ കാര്യങ്ങൾ എല്ലാം നിങ്ങളയോക്കെ ബോധിപ്പിച്ചിട്ടായിരുക്കുമല്ലോ ഞങ്ങളുടെ സംഗമത്തിനുള്ള വഴിയൊരുക്കി തന്നത്. പിന്നെന്തിന് ഈ ചതി ചെയ്യുന്നു.

എന്താണി ജാതി എന്ന വാക്കിന്റെ അർത്ഥം ? ആരുടെ സൃഷ്ടിയാണ് ഇത്? ബീജമെന്ന കോശമാവും മുമ്പ് മഹാസൃഷ്ടാവ് പഠിപ്പിച്ചുതന്ന പാഠങ്ങളിൽ ജാതി എന്ന പദം തന്നെ ഇല്ലായിരുന്നല്ലോ. ഭൂമിയിൽ ജീവിക്കണമെങ്കിൽ ഇത് അത്രയും പ്രധാനസ്ഥാനം അർഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ആ മഹാത്മാവ് ഒരു സൂചന തരുമായിരുന്നു.

എന്റെ, ഞങ്ങളുടെ വാക്ക് കേൾക്കുന്നുണ്ടോ നിങ്ങൾ...??? കേൾക്കുന്നുണ്ടോ???

. . . . .

കൂർത്തു പഴുപ്പിച്ച കൊടില് പോലുള്ള വസ്തു ഞങ്ങളെ തേടി എത്തികൊണ്ടിരിക്കയാണ് എന്ന് മനസ്സിലായപ്പോൾ എന്തിനും ആശ്വാസം കാണുന്ന ജീവൻ ഇങ്ങനെ സമാധാനിച്ചു.

''ഭൂമിയിൽ ജനിച്ച് ജീവിതകാലം മുഴുവൻ ജാതി എന്ന ആവരണത്തിൽ വെന്തു കഴിയുന്നതിനേക്കാൾ ഭേദം, ഇവിടെ ഈ അമ്മയുടെ ഉദരത്തിൽ തന്നെ എരിഞ്ഞടങ്ങുകയാണ്.

■ കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

മാറ്റം അനിവാര്യം ഓരോ മാറ്റവും നല്ലതിന് എഡിറ്റോറിയൽ പുസ്തകം 8 ലക്കം 12. എഡിറ്റോറിയൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുവെന്നു സംശയമില്ല. ജനനം, ബാല്യം, കൗമാരം എല്ലാ മാറ്റങ്ങളും നല്ലതിന് തന്നെ. നല്ലതിനായി ഉപയോഗിക്കേണ്ടത് നമ്മളേവരുടേയും കർത്തവ്യമാണ്. പക്ഷെ വാർദ്ധക്യമോ ? നിസ്സംഗതയോടെ ചിന്തിച്ചാൽ ഇതും ഗുണത്തിന് - ഗുണം ചെയ്യാൻ - ആക്കാം. ഈ ദിശയിൽ നാം ഭൂലോക സൗന്ദര്യ മത്സരത്തിനോ ഒളിംപിക്സിനോ പങ്കെടുക്കുന്നത് അചിന്ത്യം തന്നെ! എന്നാൽ അതുവരെ ലോകത്തിൽ നിന്ന് ലഭിച്ച / ആസ്വദിച്ച ശേഷം കുറച്ചെങ്കിലും (ശേഷിയനുസരിച്ച്) തിരിച്ചുനൽകാൻ ശ്രമിക്കാമല്ലോ. അനുഭവത്തിന്റേയും നിസ്സംഗതയുടേയും ഫലമായി പൊതുനന്മയ്ക്കായി അന്യരുമായി പങ്കിടുവാൻ ശ്രമിക്കാമല്ലോ. ഇന്ന്, പ്രത്യേകിച്ച്, കൈക്കൊള്ളാനോ ചിലപ്പോൾ കേൾക്കാൻ പോലും ഒരുക്കമില്ലാത്ത ഈ യുഗത്തിൽ, ഈ കഠിന (പക്ഷെ തീരെ അസാധ്യമല്ലാത്ത) കർമ്മത്തിന് ക്ഷമയോടെ, പ്രതിഫലേച്ഛയില്ലാതെ ശ്രമിച്ചാൽ തന്നെ അത് ഗുണം ചെയ്യാതിരിക്കില്ല. ഇത്തരം പ്രയത്നം അന്യർക്കില്ലെന്ന് തോന്നിക്കുമെങ്കിലും നമുക്ക് തന്നെ ഉപകാരമാണ്. സ്നേഹം, ത്യാഗം, ക്ഷമ, സരളത മുതലായവയെ ജീവിതത്തിൽ പകർത്തി, ഒരുദാഹരണമായി ജീവിക്കാൻ ശ്രമിച്ചാൽ, എതിർപ്പുകളേയും തർക്കങ്ങളേയും ശാന്തമായി പരിശോധിച്ചു പെരുമാറുന്ന പക്ഷം, ജന്മസാഫല്യം നേടാൻ സഹായിക്കാം. അനിവാര്യ മാറ്റങ്ങളെ എതിർത്തുവലയാതെ നല്ലതിനായി ഉപയോഗിക്കാൻ ശ്രമിക്കുന്നത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. ജീവിതയാത്രയിലെ തെറ്റുകളെ അറിഞ്ഞു, പശ്ചാത്തപിച്ചു പ്രായശ്ചിത്തത്തിന്നൊരുക്കം തന്നെ ഒരു മഹത്തായ പടിയാണ്.

ജീവിതത്തിൽ ലഭിക്കാത്തതിനെക്കുറിച്ച് മൗഢ്യമില്ലാതെ പ്രാപ്തമായതിനെക്കുറിച്ച് കൃതജ്ഞത പ്രകടിപ്പിക്കുന്നപക്ഷം, അത് എല്ലാവർക്കും ഒരു ഗുണകര പാഠമായി വരും.

എം. എം. മേനോൻ
0491 - 2572939

പ്രിയ മുരളിക്ക്,

മറ്റു പല ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന എനിക്ക് ഏറ്റവും ഹൃദ്യമായിത്തോന്നുന്നത് ഏക തത്ത്വയുടെ മുഖപ്രസംഗമാണ്. ഇതിന് മൂന്നു പേജ് ഇത്തിരി അധികമല്ലേ എന്നൊരു തോന്നൽ. ആനുകാലികപ്രസക്തിയുള്ള പ്രധാന കാര്യത്തിൽ ഒതുക്കി കാച്ചിക്കുറുക്കിയാൽ 1 പേജിൽ നിറുത്താം. അതിന് ഗുണമേന്മയുമുണ്ടാകും.

മാസികയെ ഭംഗിയായി ചിട്ടപ്പെടുത്തി, എല്ലാ വിഭവങ്ങളും വേണ്ടപോലെ തയ്യാറാക്കി വളരെ ഹൃദ്യമായി വായനക്കാർക്ക് നൽകുന്ന മുരളിയെ എത്ര പ്രശംസിച്ചാലും മതിവരില്ല. ഇത്രയേറെ വിഭവങ്ങൾ ഉള്ള ഒരു മാസിക വേറെയില്ല. ജനുവരി ലക്കം മാസിക ഉദാഹരണം തന്നെ. കവികളേയും കവിതകളേയും അവഗണിക്കുന്ന ചില മാസികകൾക്ക് ഒരപവാദം എന്നപോലെ ഈ ലക്കത്തിൽ 14 കവിതകൾ, 8 കഥകൾ, 6 ലേഖനങ്ങൾ, ഇവയ്ക്കെല്ലാം പുറമെ സ്മരണ, യാത്രാവിവരണം, പൊതുവിജ്ഞാനം, മഹാത്മ, അനുഭവം, പാചകം, കത്തുകൾ, ദൈവനാമത്തിൽ എന്നുവേണ്ട ആസ്വാദകന് വേണ്ടതായ മുഴുവൻ വിഭവങ്ങളും - സർവ്വഗുണസമ്പുഷ്ടമായവ - ചേർത്തു രൂപപ്പെടുത്തിയ ഈ മാസിക സർവ്വഗുണസമ്പന്നയായ സാക്ഷാൽ കലാദേവത സർവ്വാഭരണ വിഭൂഷിതയായി സർവ്വാംഗ സുന്ദരിയായി - കൺമുമ്പിൽ വന്നു നിൽക്കുന്നതുപോലെ ആസ്വാദകന് ഉൾക്കുളിരേകുന്നു.

## ■ കത്തുകൾ

ഭാസി സാറിന്റെ അഭിനയ സ്മരണകൾ, സുരേഷ് തെക്കീട്ടിലിന്റെ കഥകൾ, സൈനുദീൻ, ഭാരതീ ഹരിദാസ്, പ്രതിഭ അമ്പാടി എന്നിവരുടെ കവിതകൾ, നല്ലാട്ടിൽ ബാലകൃഷ്ണന്റെ ലേഖനം എന്നിവ മിഴിവുറ്റ രചനകളാണ്. ഏക തത്ത്വ ഉത്തരോത്തരം ഉൽകൃഷ്ടമാവട്ടെ !

വി. ബി. രാമൻകുട്ടി
പാല, 9496161911

---

സർ,

ജനുവരി ലക്കത്തിലെ 'മഹാത്മ', 'അച്ഛന്റെ മരണം' എന്ന തലക്കെട്ടോടെ ഗാന്ധിജിയുടെ അനുഭവങ്ങൾ പകർത്തിയത് വളരെ ശ്രദ്ധേയമായി. അത്തരം അനുഭവ സത്യങ്ങൾ പുതുതലമുറയ്ക്ക് ഒരു മിഠായിയുടെ രൂപത്തിൽ തലച്ചോറിലേക്ക് പകരുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിൽ ഒന്നും ചോർന്നുപോകാതെ നൽകിയ കെ. ബിന്ദുവിന് അഭിനന്ദനങ്ങൾ.

മറ്റൊന്ന് 'വിശ്വാസങ്ങളിലെ സംശയങ്ങൾ' എന്ന ലേഖനത്തിൽ ഇന്ദു കെ. മാരാത്ത് കൊച്ചുകുട്ടിയെപ്പോലെ സംശയങ്ങൾ നിരത്തിയിരിക്കുന്നു. വിശ്വാസം പഠിപ്പിക്കുന്നവർ കാലഘട്ടത്തെക്കൂടി ഓർക്കണമെന്ന ഓർമ്മക്കുറിപ്പായി എടുത്താൽ നന്നായിരിക്കും എന്ന് തോന്നി. എല്ലാ കാലത്തും എല്ലാ സത്യവും മൂടിവെക്കാൻ ആർക്കും സാധിയ്ക്കുകയില്ല. ബഹുമാനപൂർവ്വം

എടത്തറ ജയൻ
9446033861

---

പ്രിയ പത്രാധിപർ,

ഏക തത്ത്വ ജനുവരി ലക്കം – നന്ദി. കഥ, കവിത, ലേഖനം – നിറയെ വിഭവങ്ങൾ.

അതിപ്രശസ്തരുടെ സാന്നിധ്യമില്ല. എഴുതി തുടങ്ങുന്നവരുടേയും എഴുതി തെളിഞ്ഞവരുടേയും ലാളിത്യം നിറഞ്ഞ രചനകൾ. കാലികമായ വിഷയങ്ങളെ പറ്റി പത്രാധിപരുടെ വിശദമായ ആലോചനയും നിലപാടും. ഏക തത്ത്വ സസന്തോഷം സ്വീകരിക്കുന്നു. അഭിനന്ദനങ്ങൾ. വിനയപൂർവ്വം

ശങ്കരൻ കോറോം
പയ്യന്നൂർ 9496314677

---

ശ്രീ മുരളി,

ഏക തത്ത്വ പൊതുവെ വളരെ നനല്ല നിലവാരം പുലർത്തുന്നു. മുഖചിത്രം തന്നെ വളരെ നന്നായിട്ടുണ്ട്. പഴഞ്ചൊല്ല് ഏതായാലും നന്നായി. ഇത് പലർക്കും അറിയില്ല. അത് വളരെ ഉപകാരമാകും. പിന്നെ മുരളിയുടെ എനിക്ക് പറയാനുള്ളത് നന്നാവുന്നുണ്ട്. നല്ല മലയാളം അതാണ് ഞാൻ കൂടുതൽ ശ്രദ്ധിച്ചത്. ഞാൻ മൂന്നുനാലു മാസികയേ വായിച്ചുള്ളു. ഒന്നിനൊന്ന് മെച്ചം പുലർത്തുന്നു. തുടർന്ന് വേഗം വായിക്കാൻ തോന്നുകയാണ്. അതായത് വേഗം മാസിക വരാൻ ആശിക്കുന്നു. നന്നായി വരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

തുളസി അച്ചൻ

---

സാർ ചൂണ്ടി കാണിച്ചതെല്ലാം ശരിയാണ് – ഏക തത്ത്വ ജനുവരി ലക്കം

എനിക്ക് പറയാനുള്ളത് – ഒന്നും പുതിയതല്ല. വായിച്ചു കഴിഞ്ഞപ്പോൾ ഉടൻ തന്നെ കത്തെഴുതണമെന്ന് തോന്നി. സത്യത്തിൽ അങ്ങനെ തോന്നലുണ്ടാക്കുന്ന ലേഖനങ്ങൾ, ഫീച്ചറുകൾ കുറവാണ്. ഇവിടെ എഡിറ്റർ പറയാനുള്ളത് പറഞ്ഞപ്പോൾ താങ്കളോട് വലിയ ആദരവ് തോന്നി. ഓരോന്നായി സൂചിപ്പിക്കാം. ജനം എന്നും വിഡ്ഢികൾ തന്നെ സാർ. അന്നന്നത്തെ അപ്പത്തിനായി എല്ലുമുറിയെ പണിയെടുക്കുന്ന പാവങ്ങൾ. അവരുടെ മനസ്സിനെ വരെ വിലക്കുവാങ്ങിയ രാഷ്ട്രീയക്കാർ. ഭരണമെന്ന് പറയുന്ന സുഖതല്പത്തിൽ ശയിക്കുവാൻ തലോടും. പെട്രോൾ വില കുറച്ചും ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചും, ഇലക്ഷൻ കഴിഞ്ഞാൽ പിന്നെ ജനം ശത്രുക്കൾ. പിഴിഞ്ഞെടുക്കുവാനുള്ള വസ്തുക്കൾ മാത്രം. ഇനി അമ്പലം, പള്ളി ഇത് രണ്ടും പറഞ്ഞ് എത്ര ഹർത്താൽ. ആർക്കുവേണ്ടി ? അന്നം മുട്ടുന്ന പട്ടിണിപ്പാവങ്ങൾക്ക് എന്ത് പള്ളിയും അമ്പലവും. താങ്കളുടെ എഴുത്ത് അർത്ഥവത്താണ്. ആത്മഹത്യ പോലും ഗൂഢലക്ഷ്യത്തിലാക്കുന്ന കാലം. സത്യം, തുടരെ തുടരെയുള്ള ഹർത്താലുകൾ സമ്മാനിക്കുന്നതെന്ത്? ആര് ചിന്തിക്കുന്നു ? പുതുവത്സരദിനത്തിൽ റോഡിൽ പൊലിഞ്ഞ യുവത്വത്തിന്റെ കണക്കെടുത്താൽ ഞെട്ടും. മദ്യവും ബൈക്കും ആരേയും കൂസാതെയുള്ള പെരുമാറ്റവും. എത്ര മാതാപിതാക്കളുടെ ഹൃദയങ്ങളാണ് വേദനിച്ചത്. നമ്മുടെ രാജ്യം മുന്നേറണമെങ്കിൽ അച്ചടക്കമുള്ള ഒരു തലമുറ വളർന്നുവരണം. രാഷ്ട്രീയ നേതൃത്വങ്ങൾ കുറച്ചുകൂടി പക്വമായി ചിന്തിക്കണം. നാട് കുട്ടിച്ചോറാക്കരുത്. ഇന്നത്തെ വിദ്യാഭ്യാസം നേടി കഴിഞ്ഞാൽ അതുകൊണ്ട് എന്തു നേട്ടം ? ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാനാവുന്നുണ്ടോ ? സ്വസ്ഥവും സ്വൈര്യവുമായ ഒരു ജീവിതം സാധാരണ ജനങ്ങൾക്ക് വേണ്ടേ ? ചിന്തിക്കണം. എഡിറ്റോറിയലിനാശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

---

ശ്രീ മുരളി സാർ,

ഈ വർഷാരംഭം എനിക്ക് 'ഏക തത്ത്വ' മാസിക കിട്ടിയതിനും, വായിക്കാൻ കഴിഞ്ഞതിനും ഇന്ദു മാരാത്ത് (ഇന്ദുമാമിന്) നന്ദി... മുഖചിത്രം മുതൽ അവസാന പേജുവരെ നിഷ്കളങ്കവും ലാളിത്യവും എന്നാൽ ചിന്തനീയവുമായ പംക്തികൾ... താങ്കളുടെ എനിക്ക് പറയാനുള്ളത് വായിക്കുമ്പോൾ അത് ഓരോ വ്യക്തിയും പറയാനാഗ്രഹിക്കുന്ന താണ് എന്ന് തിരിച്ചറിയുന്നു. പിന്നെ ലേഖനങ്ങൾ: പഴഞ്ചൊല്ലുകൾ, ഉത്സവങ്ങളും ആഘോഷങ്ങളും, വിചിന്തനം, വിശ്വാസങ്ങളിലെ സംശയങ്ങൾ, വിശ്വാസം ശക്തിയും രക്ഷയുമാണ്... ഓരോന്നും അതിന്റേതായ മികച്ച നിലവാരവും ആശയവും പ്രദാനം ചെയ്യുന്നു. കൂടാതെ കഥകൾ, കവിതകൾ, അനുഭവം, സ്മരണ, യാ

## ■ കത്തുകൾ

ത്രാവിവരണം, പൊതുവിജ്ഞാനം, സ്പോർട്സ് പംക്തി, പാചകക്കുറിപ്പ്, ഗാന്ധിജിയുടെ അച്ഛന്റെ മരണം... അങ്ങിനെയെല്ലാം ഹൃദ്യമായ സൃഷ്ടികൾ. യാത്രാവിവരണം ശരിക്കും ആസ്വദിച്ചു. മനസ്സുനിറഞ്ഞൊരു വായന സാധ്യമാക്കിയ എഴുത്തുകാർക്ക് ഇനിയും നന്മകൾ ഭവിക്കട്ടെ. അവരുടെ ചിന്തകളിൽ നിന്നും തൂലികകളിൽ നിന്നും പ്രകാശപൂരിതമായ സൃഷ്ടികൾ പിറക്കട്ടെ. ഏക തത്ത്വ അണിയറ പ്രവർത്തകർക്ക് ശ്രേഷ്ഠമായ ദൗത്യം സാധ്യമാവട്ടെ. പ്രാർത്ഥനകൾ, ആശംസകൾ...

മുരളി മൂത്തേടം
9400126340


### മറുപടി

മികവുറ്റ കൃതികൾ മാത്രം അയക്കാൻ ശ്രദ്ധിക്കുക. കൃതികൾ ഇ-മെയിലിലൂടെ ആവാം. വാട്സ് ആപ്പിലൂടെ അരുതേ... കത്തുകളയച്ച എല്ലാവർക്കും നന്ദി. തുടർന്നും കത്തുകളിലൂടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

എഡിറ്റർ

## ■ ആരോഗ്യം


# ബ്ലെഫറൈറ്റിസ്
(Blepharitis)



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**കു**ട്ടികളിൽ കണ്ടുവരുന്ന ഒരു സാധാരണ രോഗമാകുന്നു. ഇത് ചുരുങ്ങിയ കാലങ്ങളിലോ അല്ലെങ്കിൽ ദീർഘകാലങ്ങളിലോ ആയിരിക്കും കണ്ടുവരുന്നത്. കൺപോളകളെ ബാധിക്കുന്ന വ്യാധിയാണ്. അഞ്ചാം പനിക്ക് (Measles) ശേഷമോ, സ്കാർലറ്റ് പനിക്കുശേഷമോ ആയിരിക്കും ചിലപ്പോൾ കാണപ്പെടുക. എക്സിമ, താരൻ ഇവകളുടെ അനന്തര ഫലമായിട്ടും ഈ രോഗം കാണപ്പെടുവാൻ സാദ്ധ്യതയുണ്ട്. കാഴ്ച്ചയുടെ വൈകല്യത്താൽ (Refractive error), കൺപോളകൾക്കു നേരിടുന്ന വൈഷമ്യം (Irritation) മൂലം ഈ രോഗം ദീർഘകാല അളവിൽ കാണപ്പെടുവാൻ സാദ്ധ്യതയുണ്ട്. രോഗലക്ഷണങ്ങൾ ഇപ്രകാരമാണ്. കൺപോളകൾക്ക് വീക്കം, ചുവന്ന കുരുക്കൾ, കൺപോളകളുടെ അരികിൽ ചിതമ്പലുകൾ (crusts), കണ്ണുകൾക്ക് ചുവപ്പും ചൊറിച്ചിലും പോളകളിൽ പഴുപ്പ്, വ്രണങ്ങൾ, കൺപീലികൾ കൊഴിഞ്ഞുപോവുക, കൺകുരുക്കൾ (styes) ഉണ്ടാവാനുള്ള പ്രവണത ഇവയെല്ലാമാണ് മുഖ്യലക്ഷണങ്ങൾ. പരിഹാര മാർഗ്ഗങ്ങളിൽ കൊഴുപ്പുനിറഞ്ഞ ആഹാരങ്ങൾ ഒഴിവാക്കണം, താരൻ മൂലമാണെങ്കിൽ അത് നിയന്ത്രിക്കണം. അതുപോലെത്തന്നെ ചർമ്മരോഗത്തെയും. കണ്ണുകൾ ശുദ്ധജലം കൊണ്ട് വൃത്തിയാക്കണം. കാഴ്ച വൈകല്യം ഉള്ളവർ കണ്ണുകളെ പരിശോധിച്ച് ആവശ്യാനുസരണം കണ്ണടകൾ ഉപയോഗിക്കണം. പരിചയസമ്പന്നനായ ഡോക്ടറുടെ ഉപദേശപ്രകാരമുള്ള മരുന്നുകൾ ഉപയോഗിക്കണം ഇവയെല്ലാമാണ് പരിഹാരമാർഗ്ഗങ്ങൾ. എല്ലാവിധ ചികിത്സാ സംവിധാനങ്ങളും ഫലപ്രദമാണ്.

## ■ കവിത




# മാപ്പ്

**ജയതി**

നടുമുറ്റത്തെ തുളസിത്തറയിൽ നറുമണം പരക്കുന്നു
കരിമീൻ കണ്ണുകളിൽ കൗതുകം ഉണരുന്നു
അസൂയയാലെൻ മനസ്സാകെ പുഴുക്കൾ ഇഴയുന്നു
അനിയന്ത്രിതമായൊരാശ മുളയ്ക്കുന്നു
അരുതാത്തത് ചൊല്ലാൻ വെമ്പുന്നു,
പിരിയാനാവാതെ കണ്ണുനീർ പൊഴിയ്ക്കുന്നു
പിരിയാതെ തരമില്ലെന്ന് സ്വയമോതി
ഞാൻ വിട വാങ്ങുന്നു
മാപ്പ് മാപ്പ് മാപ്പ്

**അബ്ദുറബ്ബ് പറളി**
**9400227780**



## അനുഭവങ്ങൾ

ഒന്നുമില്ലാത്തവനെന്ന് പരിഹസിച്ചപ്പോഴും
ജീവിതം തുലച്ചവനെന്ന് ആക്ഷേപിച്ചപ്പോഴും
ഒന്ന് പോയി ചത്തുകൂടെ എന്ന് കേട്ടപ്പോഴും
അവസാനം എന്തിനിങ്ങനെ ജീവിക്കണം
എന്ന് തോന്നിയപ്പോഴും
അത് മാത്രമായിരുന്നു എന്റെ
ഏറ്റവും വലിയ സമ്പാദ്യം.

## ■ കവിത

## വഴികാട്ടി

മക്കൾക്ക് വേണ്ടി കിതച്ച് ഓടുമ്പോഴും
ദാക്ഷിണ്യമില്ലാ സൂര്യന് താഴെ
വിയർത്തൊലിക്കുമ്പോഴും
കാരുണ്യമില്ല യജമാനനോട് കൂലി യാചിക്കുമ്പോഴും
അവസാനം രോഗം വന്ന് കിടപ്പിലായപ്പോഴും
എനിക്കതായിരുന്നു എന്റെ അച്ഛൻ.

# നോവ്

**സുഗുണ സന്തോഷ്**
**9843320445**



**ചൈ**തന്യപുരം ഗ്രാമത്തിലും സായന്തനം നാമം ചൊല്ലാൻ തുടങ്ങിയിരുന്നു. പക്ഷികൾ ചേക്കാറാൻ തുടങ്ങി. ശ്രീമംഗലത്തിന്റെ കോലായിലും തിരി തെളിഞ്ഞു. രാമനാമത്തിൽ കുതിർന്ന ആ തിരിയുടെ വെളിച്ചത്തിൽ ശ്രീമംഗലത്തിന്റെ ശ്രീ ഒന്നുകൂടെ തെളിഞ്ഞു കത്തി. വിളക്ക് പൂമുഖത്തു വെച്ച് വിരലിലെ എണ്ണ തലയിൽ തടവി ഒരു നെടുവീർപ്പോടെ ലക്ഷ്മിക്കുട്ടിയമ്മ കണ്ണുകൾ ചിമ്മി പ്രാർത്ഥിച്ചു. "കൃഷ്ണാ സമസ്താപരാധങ്ങളും പൊറുക്കണേ, എന്റെ കുട്ടികളെ കാത്തോളണേ..." പിന്നെ മുറ്റത്തെ തുളസിത്തറയിലും, അസ്ഥിതറയിലും, വിളക്ക് തെളിച്ചു.

ക്ഷേത്രത്തിലേക്ക് പോവാൻ ഒരുങ്ങി ലക്ഷ്മിക്കുട്ടിയമ്മ പൂമുഖത്തൂന്ന് പതിയെ മുറ്റത്തേക്കിറങ്ങി. "ന്റെ കൂടെ പോരണ്ട മോനെ, നേരം ശ്ശി ആയിരിക്കുണു." അത് വകവെക്കാതെ വിക്കി അമ്മൂമ്മയുടെ കയ്യിൽ പിടിച്ച് ശഠിച്ച് നിന്നു. നിവർത്തിയില്ലാതെ വാശിക്ക് വഴങ്ങി ലക്ഷ്മിക്കുട്ടിയമ്മ അവനേയും കൂട്ടി പടിപ്പുര കടന്ന് നടന്നുനീങ്ങി. നാട്ടുവഴികളിൽ കുശലം പറഞ്ഞ്, വരണ്ട പാടങ്ങളും, കടന്ന് അവർ നടന്നു. എതിരെ വന്ന ചെമ്പനോട് ലോഗ്യം പറഞ്ഞു, "ങാ.. ചെമ്പാ ന്താ പ്പൊ അങ്ങട്ടൊന്നും കാണാല്ല്യാലൊ.. തെരക്കായീ ല്ല്യേ..?"

തലയൊന്ന് ചൊറിഞ്ഞ് തെല്ലു കുനിഞ്ഞ് ചെമ്പൻ പതിയെ പറഞ്ഞു, "ഏയ് അങ്ങിനെ ഒന്നും ഇല്ല്യ തമ്പ്രാട്ട്യേ..ചെക്കനെ കാളേജിൽ ചേർക്കാൻ പോയതാ ഇന്നലെയാണ് വന്നത്"

"ഓ..ഉവ്വോ? എവിടെയാ ഇപ്പൊ?"

"ബാംഗ്ലൂർ വലിയ കാളേജിലാ തമ്പ്രാട്ടീ" ചെമ്പൻ കൈകൾ രണ്ടും ഉയർത്തി അതിശയോക്തിയോടെ കോളജിന്റെ വലുപ്പം വർണ്ണിച്ചു.

"ഉം... നന്നായി പഠിച്ച് മിടുക്കനാവട്ടെ...ങാ..പിന്നെ നാളെ അത്രേടം ഒന്ന് വരണം, കുട്ട്യോള് വന്നിട്ടുണ്ട് ദുബായിൽന്ന്. കുറച്ച് തേങ്ങയിടണം. പിന്നെ കുറച്ച് കരിക്കും. ഇവടെ വരുമ്പഴല്ലെ ഇതൊക്കെ കാണുന്നത്" ലക്ഷ്മിക്കുട്ടിയമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഓ ആവട്ടെ ഞാൻ വെളുപ്പിനെവരാം, കുട്ടി തമ്പ്രാനെ കണ്ടിട്ട് കുറെ കാലായി"

"ങാ..ന്നാ ഞങ്ങള് നടക്കട്ടെ"

ചെമ്പൻ ഒന്നുകൂടി ഓരം ചാരി നിന്നു. ഇത്തിരി ദൂരം നടന്ന് ലക്ഷ്മിക്കുട്ടിയമ്മ പറഞ്ഞു

"വിക്കി കുറുമ്പൊന്നും കാട്ടാതെ വേഗം നടക്കൂ. ഇല്ല്യാച്ചാ നടയടക്കും"

തോട്ടുവരമ്പിലൂടെ നടക്കുമ്പോൾ വിക്കി ശഠിച്ചു. "അമ്മൂമ്മെ എനിക്ക് വെള്ളത്തിൽ ഇറങ്ങണം."

"അരുത്...നേരം ഇരുട്ടാറായി നാളെ അമ്മൂമ്മ കൊണ്ടോരാംട്ടൊ." ഒരുവിധം സമാധാനിപ്പിച്ച് അവന്റെ കൈയിൽ പിടിച്ച് ലക്ഷ്മിക്കുട്ടിയമ്മ നടന്നു.

"നിന്റെ ഡാഡിയിതുപോലെയാ ചെറുപ്പത്തിൽ കുളിക്കാനാന്നും പറഞ്ഞ് കൂടെ പോരും പിന്നെ വെള്ളത്തിന്ന് കേറില്ല, നീന്തലും മീൻ പിടുത്തും ഒക്കെയായി ഏട്ടനും അനുജനും എന്നെ പാടുപെടുത്തും.. "സന്തോഷത്തോടെ ലക്ഷ്മിക്കുട്ടിയമ്മ ഗതകാല ഓർമ്മകൾ വിക്കിയുമായി പങ്കുവെച്ചു.

"പിന്നെന്താ ഡാഡി എന്നെ ഇവിടെ കുളിക്കാൻ അയക്കാത്ത്?" വിക്കി തെല്ലു പരിഭവത്തോടെ ചോദിച്ചു

ലക്ഷ്മിക്കുട്ടിയമ്മ ഉത്തരം ചികഞ്ഞെടുത്തു. "ങാ..അതുപിന്നെ ഇപ്പൊ കാലം മാറില്ല്യേ കുട്ട്യേ.. ഇതിലൊക്കെ കുളിച്ചാ വല്ല അസുഖവും വരുംന്നാ അവൻ പറയണെ, സ്വിമ്മിംങ് പൂളൊക്കെ ഇല്ലെ അവിടെ പിന്നെന്താ..?" ലക്ഷ്മിക്കുട്ടിയമ്മ വിക്കിയെ സമാധാനിപ്പിച്ചു.

"പക്ഷെ എനിക്കിതാ ഇഷ്ടം.." പരിഭവത്തോടെ വിക്കി പറഞ്ഞു. അവർ കുറച്ചു ദൂരം കൂടി നടന്നു.

"ദാ..അമ്മൂമ്മെ ആൽമരം" എന്തോ അതിശയം കണ്ടപോലെ അമ്പലത്തിന്റെ അടയാളമായി അവൻ ഓർമ്മയിൽ സൂക്ഷിച്ചിരുന്ന ആൽമരം കണ്ടപ്പോൾ വിക്കി ആർത്തു വിളിച്ചു..

"ദീപാരാധന കഴിഞ്ഞോ ആവോ..വേഗം നടന്നോളു" ലക്ഷ്മിക്കുട്ടിയമ്മ തിടുക്കം കൂട്ടി.

ലക്ഷ്മിക്കുട്ടിയമ്മയും വിക്കിയും ക്ഷേത്രത്തിനുള്ളിലെത്തി. ക്ഷേത്ര ഭംഗി തുളുമ്പുന്ന ഭക്തിസാന്ദ്രമായ അന്തരീക്ഷം. നടയിലെത്തി തൊഴുതു നിന്നു.

"ങാ..ദാരാപ്പൊ? കുറെ ദിവസായീല്ലോ കണ്ടിട്ട്" ശങ്കരൻ നമ്പൂതിരി കുശലം അന്വേഷിച്ചു.

"വയ്യാ... ഇത്തിരി നടക്കുമ്പോഴേക്കും ക്ഷീണാവാ, ശ്വാസം മുട്ടലുണ്ടേയ്' ലക്ഷ്മിയമ്മ പറഞ്ഞു.

"ചെറിയ മോൻ വന്നൂന്ന് കേട്ടൂലൊ" നമ്പൂതിരി സംശയം തീർത്തു"

"ഉവ്വ് ഇന്നലെ എത്തി വലിയവനും വരൺണ്ട് നാളെ"

"ഉം... അതാ ഇത്ര സന്തോഷം" നമ്പൂതിരി പറഞ്ഞു. ലക്ഷ്മിക്കുട്ടിയമ്മ പുഞ്ചിരിച്ചു. പിന്നെ അർച്ചനയ്ക്കുള്ള പേരുകൾ നിരത്തി. "രാജേഷ് ഉത്രം, രമേഷ് രേവതി..."

തൊഴുതു നിൽക്കുമ്പോൾ വിക്കിയുടെ രണ്ടു കൈകളും എടുത്തു കൂപ്പിവെച്ചു "നന്നായി പ്രാർത്ഥിച്ചോളു കുട്ട്യേ.." ലക്ഷ്മിക്കുട്ടി

യമ്മ പറഞ്ഞു.

തെല്ലുനേരം കണ്ണുകളടച്ച് പ്രാർത്ഥിച്ച ശേഷം ശങ്കരൻ നമ്പൂതിരിയോട് യാത്ര പറഞ്ഞു. "ന്നാ.. ഞങ്ങളങ്ങട്..."

"ഓ ആയിക്കോട്ടെ" നമ്പൂതിരി പറഞ്ഞു. അവർ പുറത്തുകടന്നു. സന്ധ്യ രാത്രിയിൽ" അലിഞ്ഞിരിക്കുന്നു. കലപില കൂട്ടിയിരുന്ന പക്ഷിക്കൂട്ടങ്ങൾ മുഴുവനും ചേക്കേറിയിരുന്നു. കൈയിലിരുന്ന പ്രസാദം വിക്കിയെ തൊടീച്ചു.

"വേഗം നടന്നോളൂട്ടൊ. കാല് കഴയ്ക്കുന്നുണ്ടോ ന്റെ കുട്ടിക്ക്?" ലക്ഷ്മിക്കുട്ടിയമ്മ തിരക്കി.

"ഏയ് ഇല്ല്യാ." വിക്കി ഉത്സാസാഹത്തോടെ മറുപടി പറഞ്ഞു. ഇരുവരും യാത്ര തുടർന്നു. കൈയിൽ പിടിച്ച് തിരികെ നടക്കവെ വിക്കി സംശയത്തിന്റെ ഭാണ്ഡം തുറന്നു...

"അമ്മൂമ്മെ നമ്മളെന്തിനാ തേവരെ പ്രാർത്ഥിക്കണ്?" വിക്കിയുടെ ചോദ്യം ഉയർന്നു. ലക്ഷ്മിയമ്മ പറഞ്ഞു "ദേ പ്പൊ നന്നായേ.. നമ്മൾടെ ആഗ്രഹങ്ങൾ ഒക്കെ നടത്തി തരാൻ"

വിക്കി വിട്ടില്ല്യ. "കഴിഞ്ഞ തവണ വെക്കേഷന് വന്നപ്പൊഴും ഞാൻ തേവരുടെ അടുത്ത് പ്രാർത്ഥിച്ചതാ. തോട്ടിൽ കുളിക്കണംന്ന്. എന്നിട്ട് ഡാഡി വിട്ടില്ല്യാല്ലോ"

വിക്കിയുടെ കണ്ണുകൾ നിറയുന്നത് ലക്ഷ്മിക്കുട്ടിയമ്മ അറിഞ്ഞു. "അയ്യേ ന്റെ കുട്ടി എന്തിനാ കരയണ് ? ഇത്തവണ അമ്മൂമ്മ പറയാം ഡാഡിയോട്"

"അതിന് ഞങ്ങൾ മറ്റന്നാൾ പോവുമ്പൊ അമ്മൂമ്മേം വരൂല്ലൊ ഞങ്ങൾടെ കൂടെ പിന്നെങ്ങന്യാ കുളിക്കാ...? വിക്കിയ്ക്ക് അമ്മൂമ്മയുടെ കഥയൊക്കെ കേട്ട്, തോട്ടിൽ കുളിച്ച്, തേവരെ തൊഴുത്, ഉത്സവം കൂടി ശ്രീമംഗലത്തിരിക്കാനാ ഇഷ്ടം ഇനിപ്പൊ അത് പറ്റില്ലല്ലൊ?"

ലക്ഷ്മിക്കുട്ടിയമ്മ തെല്ല് അതിശയത്തോടെ ചോദിച്ചു. "അതെന്താ പറ്റാത്തെ? എനിക്ക് എവടേക്കും വരാൻ വയ്യ മോനെ,... കാലൊന്നും ഞാൻ വിളിച്ച വഴിക്ക് വര്ണില്ല്യാ ഇപ്പൊ. മാത്രമല്ല. മുത്തച്ഛന്റെ തറയില് വിളക്ക് വെക്കണ്ടെ? അടുത്ത ലീവിൽ കുറച്ചീസം ന്റെ കുട്ട്യേ ഇങ്ങട് അയക്കാൻ അമ്മൂമ്മ ഡാഡിയോട് പറയാം."

അവന്റെ സങ്കടത്തിന്റെ ആഴം കൂടി, "അതൊന്നും നടക്കില്ല അമ്മൂമ്മെ." "അതെന്താ?" ലക്ഷ്മിക്കുട്ടിയമ്മ തെല്ലതിശയത്തോടെ തിരക്കി. ശ്രീമംഗലം ഡാഡീടെ ഫ്രണ്ട് വാങ്ങിക്കാൻ പോവാ അമ്മൂമ്മയെ ഞങ്ങളുടെ കൂടെ കൊണ്ടുപോവും, പിന്നെ കുറെ ദിവസം അവിടെ ഇരുത്തിയിട്ട് വേറെ ഏതോ അമ്മൂമ്മമാരൊക്കെ ഉള്ള വീട്ടിൽ ആക്കുംന്ന് ഡാഡി മമ്മിയോട് സംസാരിക്കുന്നത് വിക്കി കേട്ടു. അതിനാ വലിയച്ഛൻ നാളെ വരണ്."

ലക്ഷ്മിക്കുട്ടിയമ്മയുടെ കണ്ണുകളിൽ ഇരുട്ട് തള്ളിക്കേറി. കാലുകൾ പതറി. ഭൂമി അതിവേഗത്തിൽ കറങ്ങുന്ന പോലെ തോന്നി. പോയ വഴിയെല്ലാം താണ്ടി വളരെ പെട്ടെന്ന് വീടിനരികിലെത്തി.

പടിപ്പുര കടന്ന് എങ്ങിനെയൊക്കെയോ പൂമുഖത്തെത്തി തെല്ലിരുന്നു. തെക്ക് മാവിൻ ചുവട്ടിലെ തിരിവെട്ടത്തിൽ നിത്യനിദ്ര തഴുകിയ തന്റെ എല്ലാമായ ഭർത്താവിന്റെ കല്ലറയിലേക്ക് നിറഞ്ഞ കണ്ണുകളോടെ നോക്കി വിക്കിയുടെ ബഹളം കേട്ട് പൂമുഖത്തെത്തിയ മരുമകൾ അമ്മയോട് വല്ലായ്മയുടെ കാരണം അന്വേഷിച്ചു.

"ഏയ് ഒന്നൂല്ല്യാ കുട്ട്യേ. ഇത്തിരി നടന്നില്ല്യെ, അതിന്റെ ക്ഷീണാ.." ദുഃഖം കടിച്ചമർത്തി ലക്ഷ്മിക്കുട്ടിയമ്മ അകത്തേക്ക് കയറി. മകനും മരുമകളും എന്തൊക്കെയോ അടക്കംപറയുന്നത് കണ്ടു.

ആരോടെന്നില്ലാതെ ലക്ഷ്മിക്കുട്ടിയമ്മ പറഞ്ഞു, "ഞാനിത്തിരി കിടക്കട്ടെ എന്തോ ഒരു ക്ഷീണം പോലെ."

മകൻ ഇടപെട്ടു, "എനിക്കും തോന്നി, ഇത്രയും വലിയ വീടൊന്നും പരിപാലിക്കാൻ ഇനി അമ്മക്കാവില്ല. നല്ല വിശ്രമം വേണം. നമുക്ക് എന്തെങ്കിലും വഴി കാണാം"

മകന്റെ ഉള്ളറിഞ്ഞ ലക്ഷ്മിക്കുട്ടിയമ്മ വിഷമത്തോടെ പറഞ്ഞു, "അച്ഛന്റെ തറയിലൊരു തിരി തെളിക്ക്യാ... അതാ ഇപ്പൊ എന്റെ ഏറ്റവും വലിയ സന്തോഷം. ഞാൻ മരിക്കോളം എനിക്കത് ചെയ്യണം."

മകന്റെ മുഖഭാവം മാറുന്നത് ലക്ഷ്മിക്കുട്ടിയമ്മ ശ്രദ്ധിച്ചു. കിണ്ണത്തിൽ കഞ്ഞിയും പ്ലാവില കുമ്പിളുമായി വന്ന ശ്രീമംഗലത്തെ സഹായി സരോജിനി കഞ്ഞിക്കിണ്ണം നീട്ടിയിട്ടു പറഞ്ഞു.. "ഇത് കുടിച്ചിട്ട് കിടന്നാട്ടെ"

"എനിക്ക് തീരെ വിശപ്പില്ല. ഒന്ന് കിടക്കണം." ലക്ഷ്മിക്കുട്ടിയമ്മ അവളുടെ മുഖത്തുപോലും നോക്കാതെ ഇതും പറഞ്ഞുകൊണ്ട് തന്റെ മുറിയിലേക്ക് കയറി. പിന്നെ തിരിഞ്ഞ് നിന്ന് മകനോട് പറഞ്ഞു..'ഞാ രമേശാ, ഞാനൊരു കാര്യം പറയാൻ മറന്നു. സരോജിനീടെ മോൾക്ക് കല്ല്യാണാ. നമ്മളെന്തെങ്കിലും സഹായിക്കണം. പത്തിരുപത് കൊല്ലായി അവളിവിടെ ന്റെ കൂടെ കൂടീട്ട്.." മകൻ തലയാട്ടി. മുറിയിലെത്തി ചുമരിൽ തൂങ്ങിക്കിടന്നിരുന്ന തന്റെ കുടുംബ ചിത്രത്തിൽ ഒന്ന് വിരലോടിച്ചു. ഭർത്താവിന്റെ അൻപതാം പിറന്നാൾ ആഘോഷിച്ചപ്പോൾ ശ്രീമംഗലത്തിന്റെ മുറ്റത്ത് വച്ച് എടുത്ത ഫോട്ടോ ആണത്. "കുട്ടികളൊക്കെ ഇപ്പൊ ഒരുപാട് വളർന്നിരിക്കുണു.." ലക്ഷ്മിക്കുട്ടിയമ്മ ഭർത്താവിന്റെ ചിത്രം നോക്കി തനിയെ പുലമ്പി. മേശപ്പുറത്തിരുന്ന മരുന്നുകൾ കൈയിലെടുത്തു, മൺപാനയിലെ വെള്ളം വായിലൊഴിച്ച് മരുന്നുകൾ വിഴുങ്ങി. കിടക്കയിലേക്ക് ചാഞ്ഞു. നമഃശിവായഃ ഉരുവിട്ടു കൊണ്ടിരുന്നു.

ശ്രീമംഗലത്തെ വാതിലുകൾ അടഞ്ഞു, വിളക്കുകൾ അണഞ്ഞു. ലക്ഷ്മിക്കുട്ടിയമ്മയുടെ മിഴിവാതിലുകളും ഇനി ഒരിക്കലും തുറക്കാതെ നിത്യനിദ്ര അടച്ചു താഴിട്ടു.

ചൈതന്യപുരത്തിന് പറയാനൊരു കഥയുമായിട്ടായിരിക്കും ഇനി പുലരി ഉണരുന്നത്. പുതിയ തലമുറയ്ക്ക് തോറ്റുകൊടുക്കാത്ത, വിധിയെ ജയിച്ച, ഭർത്താവിനെ ഏറെ സ്നേഹിച്ചിരുന്ന ഹൃദയാഘാതം ജീവൻ കവർന്ന ലക്ഷ്മിക്കുട്ടിയമ്മയുടെ കഥയുമായി...

■ പാചകം



ജയാചന്ദ്രൻ
8593949935

# മാങ്ങായിഞ്ചി അരച്ചുകലക്കി

### ചേരുവകൾ

1. നാളികേരം ചിരകിയത് - 1 കപ്പ്
2. പച്ചമുളക് - 2 എണ്ണം
3. മാങ്ങായിഞ്ചി തൊലികളഞ്ഞ് ചെറുതായി അരിഞ്ഞത് - $^{1}/_{2}$ കപ്പ്
4. കറിവേപ്പില - 1 കൊത്ത്
5. മല്ലിയില അരിഞ്ഞത് - 2 സ്പൂൺ
6. എണ്ണ, കടുക്, ഉലുവ, ഉണക്ക മുളക് വറുത്തിടാൻ മാത്രം
7. ഉപ്പ് - പാകത്തിന്
8. പുളിയുള്ള മോര് - 2 വലിയ സ്പൂൺ

### പാകം ചെയ്യുന്ന വിധം

ഒന്ന് തൊട്ട് മൂന്നുവരെയുള്ളവ നന്നായി അരച്ചെടുക്കുക. ഇതിൽ ഉപ്പും മോരും ചേർത്തിളക്കുക. ഇടത്തരം അയവിലായിരിക്കണം. ശേഷം എണ്ണയിൽ കടുക്, ഉലുവ, ഉണക്ക മുളക്, കറിവേപ്പില ഇവ വറുത്തിടുക. മല്ലിയില അരിഞ്ഞതും ചേർത്തുകൊടുക്കുക. മാങ്ങായിഞ്ചി ദഹനശക്തി കൂട്ടുമത്രെ.

■ കഥ



# രണ്ടു കുഞ്ഞുകഥകൾ...

ശ്രീജ ജയചന്ദൻ
7736145646,8157925357

## ഒറ്റയ്ക്ക്

**"അ**മ്മേ...ഉറങ്ങീല്ലേ ഇനീം..."

അടുത്തുള്ള കിടക്കയിൽ ചുരുണ്ടുകൂടിക്കിടക്കുന്ന രൂപത്തെ അയാൾ കൈനീട്ടിത്തൊട്ട് വിളിച്ചു.

"ഇല്ല..."

വരണ്ടുണങ്ങിയ തൊണ്ടയിൽ ക്ഷീണിച്ച ശബ്ദമുരുണ്ടു.

"നാളത്തെക്കാര്യമാലോചിച്ചാവുംല്ലേ സങ്കടം. സാരല്യ... അവിടെ അമ്മേടെ പ്രായത്തിലുള്ളോരുണ്ട്. ചിലപ്പൊ ഇളയതുങ്ങളും, മൂത്തതുങ്ങളും കാണും... വീടുപോലെ കഴിയാം..."

"ഉം...."അമ്മ നീട്ടിമൂളി.

"ഒക്കെ ശരിതന്നെ. അവിടെ കൂടെ നീയില്ലല്ലോ എന്നല്ലേ ഈ മൂളലിനർത്ഥം... എല്ലാം ഞാൻ ആലോചിച്ചുതന്നെയാ തീരുമാനിച്ചിരിക്കുന്നത്... അമ്മ അനുസരിക്കണം..." അയാളുടെ ശബ്ദമുയർന്നു.

"നാളെയവിടൊന്ന് പോയ് വരാം... അമ്മയ്ക്കിഷ്ടപ്പെട്ടാൽ......"

അമ്മയുടെ മറുപടിക്കായ് കാത്ത് അയാൾ നിർത്തി. മറുപടി വന്നില്ല. പിറ്റേന്ന് പതിവുപോലെ, പാലിയേറ്റീവ് കെയറിലെ രാമേട്ടൻ ഒരു കുഞ്ഞിനെയെന്ന പോലെ അവരെയെടുത്ത് കുളിപ്പിച്ച്, കിടക്കയിൽ ഒരേ കിടപ്പ് കിടന്നുണ്ടായ മുതുകിലെ മുറിവ് തുടച്ച് മരുന്നിട്ട്, ഇറങ്ങാൻ പുറപ്പെടുമ്പോൾ അയാൾ രാമേട്ടനോട് ചോദിച്ചു.

"രാമേട്ടാ...അമ്മേടെ കാര്യം..?"

"തീരുമാനമുണ്ടാക്കാം....സമയമുണ്ടല്ലോ കുട്ടീ..."

രാമേട്ടന്റെ സ്വതവേ കനമുള്ള ശബ്ദം ഇപ്പൊ ഒന്നിടറിയോ..? അതുകേട്ടുനിന്ന അമ്മയുടെ നരച്ച കൺപീലികളിൽ നനവുപടരുന്നത യാളറിഞ്ഞു. കൈയ്യിൽ ഇനിയില്ലാത്തത് ദൈവം എനിക്ക് നീട്ടിത്തന്ന ഈ സമയം മാത്രമാണെന്ന് രാമേട്ടനറിയില്ലേ...? ചോദിക്കണമെന്നുണ്ടെങ്കിലും അയാൾ അക്ഷമയോടെ പറഞ്ഞതിത്രമാത്രം...

"അമ്മയെ ഒന്നങ്ങോട്ടു കൊണ്ടു ചെന്നാക്കണം... എന്റെ കാര്യത്തിനൊരു തീരുമാനമാകും മുൻപെ... അമ്മ... അമ്മ... ഒറ്റക്കാവരുതൊരിക്കലും...."

## മറുപടി

ഇരുണ്ട, കുഴമ്പു മണമുള്ള മുറിയിലെ വൃദ്ധൻ വീണ്ടും ചോദിച്ചു.

"ആരാ അവിടെ...?"

"ഇതെത്രാമത്തെ തവണയാണീ ചോദ്യം ?"

അടഞ്ഞ വാതിൽ സഹികെട്ട് മുരണ്ടു.

"നൂറ്റിരണ്ടാം തവണയായി..."

അടഞ്ഞ, ചിതലരിച്ച, വിജാഗിരി അയഞ്ഞ ജന്നൽ പരിഹസിച്ചു.

"ആ വാതിലൊന്ന് തുറക്കൂ... ചിലപ്പോൾ കാറ്റാവാം വാതിൽക്കൽ മുട്ടി വിളിക്കുന്നത്..."

വൃദ്ധൻ അക്ഷമയോടെ പിറുപിറുത്ത് കണ്ണുകൾ തുടച്ചു.

■ മിനികവിത

ഷാനവാസ് കുലുക്കല്ലൂർ
9745843010

## കണ്ണ്

മിഴികളെ സംരക്ഷിച്ച
കണ്ണടയിലൂടെ
മുന്നിൽ കണ്ട മുറ്റത്തെ
മുറിവേൽപ്പിച്ചുയർത്തിയ
മുള്ളുവേലിപ്പടർപ്പുകൾ

## വാർദ്ധക്യം

മരണത്തിന്റെ തൊട്ടുമുമ്പ്
ജീവിതത്തിന്റെ
സായം സന്ധ്യയിൽ
നശ്വരതയുടെ
സാക്ഷ്യപത്രങ്ങളുമായി
വാർദ്ധക്യമെന്നെ
ഹസ്തദാനം ചെയ്തു.

# രണ്ടു കുഞ്ഞുകഥകൾ...



ടി. വി. ഹരികുമാർ
9446118387

## മുഖംമൂടികൾ

റിട്ടയർ ചെയ്തതിനുശേഷം നാട്ടിലെ സകല കാര്യത്തിനും മുൻപന്തിയിലുള്ള ദിവാകരൻ മാസ്റ്ററെ എല്ലാവർക്കും അറിയാം. ജോലിയിലിരുന്ന കാലഘട്ടത്തിൽ നാട്ടുകാരെ കണ്ടാൽ മാഷറിയില്ലായിരുന്നെന്ന് ചിലരൊക്കെ പറയുന്നത് രഹസ്യമായിട്ടാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണസദസ്സ് ഉദ്ഘാടനം ചെയ്യാനെത്തിയ മാഷ് സ്വകാര്യമേഖലയുടെ അനീതികൾ തുറന്നുകാട്ടി നടത്തിയ പ്രസംഗം ഗംഭീരമായിരുന്നു. ഉദ്ഘാടകൻ ഉദ്ഘാടനത്തിനുശേഷം സദസ്സിന്റെ അനുവാദത്തോടെ വേദി വിട്ടുപോയി. അപ്പോൾ ആരോ സദസ്സിൽ നിന്നുറക്കെ വിളിച്ചുപറഞ്ഞു, എന്തു പരിപാടിയായാലും ദിവാകരൻ മാസ്റ്ററെ മൂന്നുമണിക്കുശേഷം കിട്ടില്ല. നഗരത്തിലെ മുന്തിയ അൺഎയ്ഡഡ് സ്കൂളിൽ പഠിക്കുന്ന കൊച്ചുമക്കൾ 3.30ന് എത്തുമ്പോൾ മാസ്റ്റർ വീട്ടിൽ വേണം അവരെ സ്വീകരിക്കാൻ അക്കാര്യത്തിൽ മാത്രം പൊതുനിയമത്തിനൊപ്പം മാസ്റ്ററില്ല, അതാണ് നയം.

## മനസ്സാണെല്ലാം

ബ്രോക്കർ കൊണ്ടുവന്ന ആലോചന എന്തുകൊണ്ടും ചേരുന്നതാണെന്ന് അയാൾക്ക് തോന്നി. പെൺകുട്ടിക്ക് നല്ല വിദ്യാഭ്യാസം. കാണാനും കൊള്ളാം. അതല്ലെ വേണ്ടൂ... കുടുംബത്തിന്റെ സാമ്പത്തികം നോക്കണ്ട കാര്യമെന്ത് ? ഇങ്ങനെയാണയാൾ ചിന്തിച്ചത്. നല്ല പ്രായത്തിൽ ഉള്ള സ്ഥലത്ത് കൃഷിചെയ്ത് നല്ലൊരു സമ്പാദ്യമയാൾക്കുണ്ടായിരുന്നു. പെണ്ണിനിടാനുള്ള മാലയും, വസ്ത്രവും വരെ അയാൾ വാങ്ങി. കല്യാണം നല്ല ശുഭമുഹൂർത്തത്തിൽ നടത്തി. പഠിപ്പൊള്ള പെണ്ണല്ലെ എന്നുകരുതി ജോലിക്കായി പരിശീലിപ്പിക്കുന്ന കോച്ചിംഗ് സെന്ററിൽ അയച്ചു. അവൾ മിടുക്കിയായിരുന്നു. ഗവൺമെന്റ് സർവ്വീസിൽ ജോലിയും കിട്ടി. ഇതിനിടയിൽ രണ്ടു കുട്ടികളുമായി. കുട്ടികളുടെ പഠനവും, അവളുടെ ജോലിയുമൊക്കെ നോക്കിയാൽ പട്ടണത്തിൽ താമസിക്കുന്നതാണ് നല്ലതെന്നവൾ പറയാൻ തുടങ്ങിയിട്ട് നാലുകുറേയായി. ഒടുക്കം ചിന്തിച്ചപ്പോൾ അവൾ പറയുന്നതിലും കാര്യമുണ്ട്. മനസ്സില്ലാ മനസ്സോടെ ഒരേക്കറടുത്തുവരുന്ന തറവാട്, കുറച്ചുകൃഷിസ്ഥലം, കിട്ടിയ വിലക്കുവിറ്റ് പട്ടണത്തിൽ ഒരു വില്ല വാങ്ങി. എഴുത്തുകുത്തുകൾ ഒക്കെ നേരേ നോക്കിനടത്താൻ നല്ലത് അവളുടെ പേരിൽ വാങ്ങിയാൽ മതിയെന്ന് അയാളാണ് പറഞ്ഞത്. ഒന്നും ചെയ്യാനില്ലാതെ ഇരുന്ന് ടി. വി. കാണൽ മാത്രമായി അയാളുടെ ജോലി. ഒടുക്കം അൻപതെത്തുന്നതിന് മുന്നേതന്നെ ഒരുവശം തളർന്നയാൾ രോഗിയായി. ഭാര്യയും മക്കളും കൂടി തീരുമാനിച്ച പ്രകാരമാണ് ഇവിടെ അയാളെത്തിയത്. ഭക്ഷണം, പരിചരണം, എല്ലാത്തിനും ആളുണ്ട്. അയാളെപ്പോലെ എത്തിയ കുറച്ചുപേർ കൂട്ടുണ്ടുതാനും. മാസം, മാസം എല്ലാത്തിനും കണക്കാക്കി പണം അയച്ചുകൊടുക്കുന്നതും ഭാര്യയും മക്കളുമാണ്. ഒന്നിനും ഒരു കുറവുമില്ല എന്നാണവരുടെ കാഴ്ച്ചപ്പാട്. ജനലിലൂടെ അഴികളിൽ പിടിച്ച് പുറത്തേക്കുനോക്കി നിൽക്കുമ്പോഴൊക്കെ മുന്നിലെ പൂന്തോട്ടമല്ല അയാൾ കാണുന്നത്. നിറയെ കതിർചൂടി നിൽക്കുന്ന തന്റെ നെൽപ്പാടം. അരികിൽ നിറയെ കായ്ഫലവുമായി തെങ്ങുകൾ. ആരും ശല്യപ്പെടുത്താറില്ല. എന്നും അയാൾ തന്റെ മനസ്സിലെ തോട്ടം നോക്കിനിൽക്കുന്നതാണിപ്പോൾ അയാളുടെ നേരംപോക്ക്.

■ കവിത

# മഴ പെയ്തു തോർന്നപ്പോൾ

വിജി ശങ്കർ
0491 – 2578073

രാത്രി മഴയിൽ കുളിച്ച് തല തുവർത്താതെ,
മുറ്റത്തെ മന്ദാരം...
മഴയുടെ ആരവത്താൽ ഉറക്കമിളച്ച ആലസ്യത്തോടെ
മൂടിപ്പുതച്ചുകിടക്കുന്നു, പാവം മണ്ണ്...
ഇലകൾ കൊഴിഞ്ഞ മാവിൻ ചില്ലകളിൽ
കലപില കൂട്ടുന്നു, കിളിക്കൂട്ടം...
കുളിര് വിതറി രാത്രി മുഴുവൻ ഓടിനടന്ന കാറ്റ്
കിതപ്പാറ്റി, മാവിൻചുവട്ടിൽ വിശ്രമിക്കുന്നു.
മുറ്റം മുഴുവൻ മഴവെള്ളം ഒഴുകിപ്പോയ
ചാലുകൾ തീർത്ത ചിത്രപ്പണികൾ
കൊഴിഞ്ഞുവീണ പൂക്കളാൽ ചുവട്ടിൽ വെള്ള
പരവതാനി തീർത്ത്, പിച്ചകം...
നീർത്തുള്ളികളുടെ ഭാരത്താൽ
തല കുനിച്ചുനിൽക്കുന്നു നിറയെ പൂത്ത ചെമ്പരത്തി...
പുതുമഴയ്ക്ക് വിരുന്നു വന്ന കൂണുകൾ,
കുടയും ചൂടി നിരയായി നിൽക്കുന്നു
പറക്കമുറ്റാത്ത ഒരു കിളിക്കുഞ്ഞ്
മുറ്റത്ത് പരതി പരതി നടക്കുന്നു
വെള്ളയുടുത്തു വന്ന വെളിച്ചം മാത്രം
ഒന്നുമറിയാതെ ചുറ്റും പകച്ചുനോക്കുന്നു.

■ കവിത



# സ്വനപേടകം


മംഗളൻ തൈക്കൽ
9895503427


എത്രയോ ബന്ധങ്ങൾ ഉദ്ധൃതമാക്കി നീ
എത്രയോ ബന്ധങ്ങൾ തച്ചുതകർത്തുനീ
അകലങ്ങളെ തെല്ലുമില്ലാതെയാക്കി നീ
അരികത്തു നിന്നിട്ടുമകലത്തിലായി നീ

എത്രയോ ഇഷ്ടങ്ങൾ സാക്ഷാൽക്കരിച്ചു നീ
എത്രയോ കഷ്ടങ്ങൾ ഉണ്ടാക്കിവച്ചു നീ
കാത്തുനിൽപ്പിന്റെ വിരസത നീക്കി നീ
കാണാൻ കൊതിക്കും നിമിഷങ്ങളാക്കി നീ

അത്താണിയില്ലാത്തോർക്കച്ചാണിയാണു നീ
ആരാരുമില്ലാത്തോർക്കാപത്തുമാണു നീ
ശബ്ദിക്കുവാൻ നാവിനാവില്ലയെങ്കിലും
ഉള്ളം തുറക്കാനുപകാരിയാണു നീ

ശബ്ദഗുണങ്ങളെ മാറ്റാൻ കഴിവുള്ള
ശബ്ദത്തിന്നത്ഭുതപേടകമാണു നീ
നിദ്രയിൽ നിശ്ചിതനേരത്തുണർത്തുവാൻ
നിശ്ചയം പാലിക്കും കുക്കുടമാണു നീ.

മക്കളെ കാണാതെ വേപഥു തൂകുന്ന
മാതാവിനിത്തിരി സന്തോഷമാണു നീ
മാതാവിൽ നിന്നും മറഞ്ഞങ്ങിരുന്നിട്ട്
മായാത്ത കാഴ്ചകൾ കണ്ടുരസിച്ചിട്ട്
മറയത്തിരുന്നു മനസ്സിന്റെയിഷ്ടങ്ങൾ
മതിവരുവോളം പറഞ്ഞുരസിക്കുന്ന
മക്കൾക്ക് ഒത്തിരി സന്തോഷമാണ് നീ.


വിരസതയേറുന്ന യാത്രയിൽ പാട്ടുമായ്
ഒപ്പം ചരിക്കുന്ന ചങ്ങാതിയാണു നീ
വേറിട്ട കാഴ്ചകളെങ്ങാനും കാണുകിൽ
വേഗത്തിലൊപ്പിയെടുക്കും നിൻ കണ്ണുകൾ.

കുട്ടിയെ കൂട്ടാൻ മറന്നാലുമീ നിന്നെ
കൂടാതൊരു യാത്ര ചിന്തയ്ക്കതീതമാം.
വെള്ളം കുടിയ്ക്കാൻ പണമില്ലയെങ്കിലും നി-
ന്നുള്ളം നിറയ്ക്കാൻ പണം കണ്ടെടുത്തിടും.

എണ്ണിയാൽ തീരില്ലെഴുതിയാൽ തീരില്ല
വർണ്ണിച്ചാലൊട്ടുമധികമാകത്തില്ല
ചൊല്ലാതിരിക്കാൻ കഴിയില്ല ഭാവിയിൽ
ഉണ്ടാക്കിവയ്ക്കും വിപത്തുകൾ - 'കാക്കണം'.

■ ദൈവനാമത്തിൽ


മുഹമ്മദ് കനി
8157874953

# സ്വർഗ്ഗം കരസ്ഥമാക്കാം

**എ**ല്ലാ മനുഷ്യർക്കും മരണാനന്തരം ജീവിതമുണ്ടെന്ന് ഉറക്കം എന്ന ചെറുമരണത്തിൽ നിന്നും നാം മനസ്സിലാക്കി. നരകശിക്ഷയിൽ (പാതാള ജീവിതം) നിന്നും രക്ഷപ്പെട്ട് സ്വർഗ്ഗീയ ജീവിതം കരസ്ഥമാക്കുവാനുള്ള മാർഗ്ഗം എന്താണെന്ന് വേദഗ്രന്ഥങ്ങൾ നമ്മോട് പറയുന്നു.

'എല്ലാ പ്രപഞ്ചഘടകങ്ങൾക്കും കാരണഭൂതനായ എന്നെ മാത്രം ധ്യാനിച്ചുകൊണ്ട് പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യുന്നവനെയാണെനിക്കിഷ്ടം' എന്ന് ശ്രീമദ് ഭഗവദ് ഗീത പറയുന്നു. നാലായിരത്തിലധികം വർഷങ്ങൾക്കുമുമ്പ് ശ്രീകൃഷ്ണൻ പറഞ്ഞ ഇക്കാര്യം 2000 വർഷങ്ങൾക്കുമുമ്പ് യേശുക്രിസ്തു പറഞ്ഞു. 1400 വർഷങ്ങൾക്കുമുമ്പ് മുഹമ്മദ് നബി വളരെ വിശദമായിത്തന്നെ പറഞ്ഞുതന്നുകൊണ്ട് ദൈവീക സന്ദേശങ്ങൾ പൂർത്തീകരിച്ചു.

ശ്രീകൃഷ്ണൻ സംസ്കൃതഭാഷയിലും, യേശുക്രിസ്തു അമരായ ഭാഷയിലും മുഹമ്മദ് നബി അറബിഭാഷയിലുമാണ് പറഞ്ഞത് എന്ന വ്യത്യാസം മാത്രമേയുള്ളു. എല്ലാ മനുഷ്യരും ഈശ്വരന്റെ ഇഷ്ടക്കാരായിത്തീരണം എന്ന 'ഏക തത്ത്വ' മായിരുന്നു അവർ മൂന്നുപേരും പ്രബോധനം ചെയ്തത്.

അവരുടെ യഥാർത്ഥ മാതൃക ജീവിതത്തിൽ പകർത്തിക്കൊണ്ട് സൽക്കർമ്മമനുഷ്ഠിക്കുന്ന സജ്ജനങ്ങൾക്കാണ് ഈശ്വരൻ മരണാനന്തരജീവിതത്തിൽ സ്വർഗ്ഗം എന്ന സമ്മാനം നൽകുന്നത്. സ്നേഹനിധിയായ നമ്മുടെ സൃഷ്ടാവ് നാമേവരേയും ആ മഹത്തായ സമ്മാനത്തിനർഹരാക്കിത്തീർക്കുമാറാവട്ടെ.

ദൈവത്തിനു സ്തുതി

**ഇന്നല്ലെങ്കിൽ നാളെ ഈ ലോകം വിടേണ്ടിവരും എന്നാണ് അദ്ധ്യാത്മികത പഠിപ്പിക്കുന്നത്. അല്ലാതെ അതിനെ ഉപേക്ഷിക്കണമെന്നല്ല. ഈ ലോകത്തിൽ ജീവിക്കുക. അതിൽ ഒട്ടിച്ചേരാതിരിക്കുക. അതാണ് ശരിയായ സന്യാസം.**

**- സ്വാമി വിവേകാനന്ദൻ -**





Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# 4 Books of

പ്രൊഫ. വി. കെ. എം. നായർ
9497504782, 0491-2501782





1

**തിരുക്കുറളും മലയാള ഭാഷയും**
(അന്വേഷണാത്മക ഗ്രന്ഥം)
പേജ് : 104
**വില : 80 രൂപ**
പ്രസാധകർ :
കുരുക്ഷേത്ര, കൊച്ചി

പദപ്രയോഗങ്ങളിലും വാക്യഘടനകളിലും തമിഴ്‌വേദമായ തിരുക്കുറൾ മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകളുടെ സമഗ്രാന്വേഷണം. ഭാഷാഗവേഷകർക്കും വിദ്യാർത്ഥികൾക്കും തമിഴ് ഭാഷയും മലയാളവും തമ്മിലുള്ള അഭേദ്യബന്ധം വ്യക്തമാക്കുന്ന താരതമ്യ പഠനം.



2

**തിരുക്കുറളിന്റെ സമകാലീന സാംഗത്യം**
ഒരപഗ്രഥനം
പേജ് : 300
**വില : 325 രൂപ**
പ്രസാധകർ :
പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്


തലമുറകൾ വീണ്ടും വീണ്ടും വായിച്ച 'തിരുക്കുറളെ'ന്ന വിശ്വ വിഖ്യാതകൃതിയെ സമകാല പരിതസ്ഥിതിയിൽ വിലയിരുത്തുന്ന ആഴമേറിയ പഠനഗ്രന്ഥം. ഉൾക്കരുത്തില്ലാത്ത ജനതയ്ക്ക് ഉൾക്കരുത്ത് പകരാൻ പോന്ന ജീവിതദർശനമാണ് ഈ കൃതിയുടെ പൊതുവായ പൊരുൾ. നന്മയിലൂന്നിയ സാമൂഹിക സദാചാരം എങ്ങനെയെന്ന് പഠിപ്പിക്കുന്നു ഈ 'ഹ്യുമനിസ്റ്റ് മാനിഫെസ്റ്റോ'.



3

**മലയാള ഭാഷാപദങ്ങൾ ലോകഭാഷകളിൽ**
പേജ് : 60
**വില : 45 രൂപ**
പ്രസാധകർ :
പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്

മനുഷ്യർക്ക് പരസ്പരം ആശയവിനിമയത്തിനുള്ള മാധ്യമമാണ് ഭാഷ. ഭാഷകളിലെ പല പദങ്ങളും മറ്റു ഭാഷകളിൽ നിന്നും കടം കൊണ്ടതോ, സ്വാധീനത്താലോ വന്നുചേർന്നതുമാണ്. ആദാനപ്രദാന പ്രക്രിയയ്ക്ക് വിധേയമായവയാണ് ലോകത്തിലെ എല്ലാ ഭാഷകളും. മലയാളപദങ്ങൾ മറ്റുഭാഷാപദങ്ങളുമായി താരതമ്യം ചെയ്യുന്ന ഈ കൃതി പഠനാർഹവും കൗതുകമുളവാക്കുന്നതുമാണ്.



4

**ഇസങ്ങളുടെ രസതന്ത്രം**
(ലേഖനം)
പേജ് : 86
**വില : 80 രൂപ**
പ്രസാധകർ :
കുരുക്ഷേത്ര, കൊച്ചി

ചിന്താബദ്ധമായ മാനവമനസ്സുകളുടെ പ്രതീകങ്ങളാണ് ഇസങ്ങൾ. കാലാന്തരങ്ങളെ കടന്നുനിൽക്കുന്ന ദർശനങ്ങളുടെ ശാസ്ത്രവും സാഹിത്യവും ജീവിതരീതിയും ഇവിടെ സമ്മേളിക്കുന്നു. കാലാകാലങ്ങളായി രൂപം കൊണ്ട ഇസങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്ന സമഗ്ര പഠനം.

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)

## 23 നവംബർ 2018, വെള്ളിയാഴ്ച, ശ്രീ. സത്യസായി സേവാസമിതി, കൊടുവായൂർ, പാലക്കാട്

എല്ലാ ശനിയാഴ്ചകളിലും നിരവധി പേർ രോഗശാന്തി തേടി കൊടുവായൂർ ശ്രീ. സത്യസായി മന്ദിരത്തിലെത്തുന്നു. ഈ 80ാം വയസ്സിലും ചുറുചുറുക്കോടെ പ്രവർത്തിക്കുന്ന സമിതിയുടെ കൺവീനറായ ശ്രീ. രാമകൃഷ്ണൻ മാസ്റ്ററും ക്യാമ്പിന്റെ ചുമതലയുള്ള ശ്രീ. സി. എം. അരവിന്ദനും ശ്രീ. എ. ജോൺസണും കൂട്ടരും രോഗികളെ സാന്ത്വനിപ്പിച്ചിരുത്തും. മുതിർന്ന ഡോക്ടർമാരായ ശ്രീ. കൃഷ്ണൻ, ശ്രീ. ബാലകൃഷ്ണൻ, ശ്രീ. സി. രാമകൃഷ്ണൻ അതുപോലെ യുവതലമുറയിലെ ഡോക്ടർമാരായ ശ്രീമതി. തുഷാരയും ശ്രീമതി. കീർത്തനയും എല്ലാ ശനിയാഴ്ചകളിലും ഇവിടെ ഒത്തുചേരുന്നു. കൈപ്പുണ്യമുള്ള ഇവരുടെ സർവ്വീസ് തികച്ചും സൗജന്യമാണ്. കൂടാതെ മരുന്നുകൾക്കും പണം നല്കേണ്ടതില്ല. മുപ്പത്തെട്ട് വർഷമായി പരസ്യങ്ങളില്ലാതെ, മുടക്കമില്ലാതെ തുടർച്ചയായി നടക്കുന്ന ക്യാമ്പിന് ഏക തത്ത്വയുടെ ആശംസകൾ.





ശ്രീ. സത്യസായി ബാബയുടെ 93ാമത് ജന്മദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ വെച്ച് ഡോ. ബാലകൃഷ്ണൻ ഡോ. തുഷാര, ഡോ. കൃഷ്ണൻ എന്നിവരെ ആദരിച്ചപ്പോൾ...

Published on 15/01/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 3, February 2019, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS MULTI BRAND SHOW ROOM


## Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime






















Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com